

മാന്യരെ,

പതിനാലാം പഞ്ചവത്സര പദ്ധതിയുടെ അഞ്ചാം വർഷത്തിലേക്ക് പ്രവേശിച്ചരിക്കുന്ന നമുക്ക് ഒട്ടേറെ വികസന പ്രവർത്തനങ്ങൾ നടത്തേണ്ടതുണ്ട്. കാർഷിക മേഖലയ്ക്ക് ഏറെ പ്രാധാന്യം കൊടുക്കുന്നുണ്ടെങ്കിലും സേവനമേഖലയ്ക്കും പശ്ചാത്തല മേഖലയ്ക്കും കൂടി പ്രാധാന്യം കൊടുത്തുകൊണ്ട് തന്നെയാണ് പദ്ധതി തയ്യാറാക്കുന്നത്. ആദ്യ മൂന്ന് വർഷങ്ങളിലെ പോലെത്തന്നെ നാലാം വർഷമായ 2026-27 പദ്ധതി തയ്യാറാക്കുമ്പോഴും അതിൻറെ മുന്നൊരുക്ക പ്രവർത്തനങ്ങൾ നല്ല രീതിയിൽ നടത്തി തന്നെയാണ് മുന്നോട്ട് പോകുന്നത്. അതിൻറെ ഭാഗമായി ആസൂത്രണസമിതിയും, വർക്കിംഗ് ഗ്രൂപ്പുകളും പുന:സംഘടിപ്പിച്ച കൊണ്ട് പ്രത്യേകം യോഗങ്ങൾ വിളിച്ച ചേർത്തും, പ്രത്യേക ഗ്രാമസഭകളായ കുട്ടികളുടെ ഗ്രാമസഭ, ഭിന്നശേഷി ഗ്രാമസഭ, പട്ടികജാതി ഗ്രാമസഭ, മത്സ്യത്തൊഴിലാളി ഗ്രാമസഭ, വയോജന ഗ്രാമസഭ എന്നിവ സമയബന്ധിതമായി വിളിച്ച ചേർത്തും അതിനുശേഷം പൊതു ഗ്രാമസഭകൾ വിളിച്ച ചേർത്തും ലഭിച്ച നിർദ്ദേശങ്ങൾ ക്രോഡീകരിച്ച് സർക്കാരിന്റെ പൊതു മാനദണ്ഡങ്ങൾ പാലിച്ച് പഞ്ചായത്ത് ഭരണസമിതി അംഗീകാരം നൽകിയതുമായ ചെറുകുന്ന് ഗ്രാമപഞ്ചായത്തിന്റെ 2026-27 വർഷത്തെ അന്തിമ പദ്ധതി രേഖ ജനങ്ങളുടെ മുമ്പാകെ സമർപ്പിക്കുന്നു.

സ്നേഹപൂർവ്വം

(ഒപ്പ്)

**കെ മോഹനൻ**

പ്രസിഡൻറ് ചെറുകുന്ന് ഗ്രാമപഞ്ചായത്ത്

## ചെറുകുന്ന് ഗ്രാമപഞ്ചായത്ത് ഭരണസമിതി



**കെ മോഹനൻ**
പ്രസിഡൻറ്,
വാർഡ് 2, ദാലിൽ
ഫോൺ: 9496049029



**സുനിത പി**
വൈസ് പ്രസിഡൻറ്
വാർഡ് 10 കൊവ്വപ്പുറം
ഫോൺ: 9747131715



**രാജീവൻ വി**
സെക്രട്ടറി ചെറുകുന്ന്
ഗ്രാമപഞ്ചായത്ത്
ഫോൺ:9496049030



**ഹരിദാസൻ കെ**
ചെയർമാൻ,വികസന
കാര്യ സ്റ്റാൻറിങ്
കമ്മിറ്റി വാർഡ് 12
മുട്ടിൽ



**സരസ്വതി കെ**
ചെയർപേഴ്സൺ,ക്ഷേമ
കാര്യ സ്റ്റാൻറിങ്
കമ്മിറ്റി വാർഡ് 9
അമ്പലപ്പുറം
ഫോൺ9656729547



**ഷാജി കെ** ചെയർമാൻ,
ആരോഗ്യ വിദ്യാഭ്യാസ
സ്റ്റാന്റിങ് കമ്മിറ്റി വാർഡ്
6 കവിണിശ്ശേരി
ഫോൺ: 9447951463



**പ്രസന്ന കെ**
മെമ്പർ വാർഡ് 1
നിട്ടൂപുറം
ഫോൺ:8943272748



**എം ശൈലജ**
മെമ്പർ വാർഡ് 3
കുന്നനങ്ങാട്
ഫോൺ: 9961551680



**ലത പി കെ**
മെമ്പർ വാർഡ് 4
ഒതയമ്മാടം
ഫോൺ:9567544126



**അനിത മഗേഷ്**
മെമ്പർ വാർഡ് 5
പാടിയിൽ
ഫോൺ:9562693941



**പ്രീത ഇ വി**
മെമ്പർ വാർഡ് 7
കവിണിശ്ശേരി വയൽ
ഫോൺ7306984949



**മോഹനൻ കെ**
മെമ്പർ വാർഡ് 8
പള്ളിച്ചാൽ
ഫോൺ:9495572259



**മുജീബ് റഹ്മാൻ**
മെമ്പർ വാർഡ് 11
മുണ്ടപ്പുറം
ഫോൺ:9895257612



**ഷാജി കാരക്കീൽ**
മെമ്പർ വാർഡ് 13
പള്ളിക്കര
ഫോൺ:9746972512



**അബ്ദുൽ സലാം വി പി**
മെമ്പർ വാർഡ് 14
താവം
ഫോൺ:9544862444

# അദ്ധ്യായം 1

## വികസനസ്ഥിതി - അവസ്ഥാ വിശകലനം

### പൊതുവിവരങ്ങൾ

| | | |
|---|---|---|
| പഞ്ചായത്തിൻറെ പേര് | : | ചെറുകുന്ന് |
| ഇ മെയിൽ വിലാസം | : | cherukunnugp@gmail.com |
| ഫോൺ നമ്പർ | : | 04972860238 |
| വില്ലേജ് | : | ചെറുകുന്ന് |
| താലൂക്ക് | : | കണ്ണൂർ |
| ബ്ലോക്ക് | : | കല്ല്യാശ്ശേരി |
| ജില്ല | : | കണ്ണൂർ |
| ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ | : | ചെറുകുന്ന് & പഴയങ്ങാടി |
| ജില്ലാ പഞ്ചായത്ത് ഡിവിഷൻ | : | ചെറുകുന്ന് |
| അസംബ്ലി മണ്ഡലം | : | കല്ല്യാശ്ശേരി |
| ലോകസഭാ മണ്ഡലം | : | കാസർഗോഡ് |
| വിസ്തീർണ്ണം | : | 15.37 ച.കി.മി |
| ജനസംഖ്യ | : | 16273 |
| സ്ത്രീകൾ | : | 8968 |
| പുരുഷന്മാർ | : | 7305 |
| പട്ടികജാതി | : | 1207 |
| പട്ടികജാതി (സ്ത്രീകൾ) | : | 619 |
| പട്ടികജാതി (പുരുഷന്മാർ) | : | 588 |
| സാക്ഷരത | : | 89.52% |
| പട്ടികജാതി കോളനികൾ | : | 6 |
| വാർഡുകളുടെ എണ്ണം | : | 14 |

## ചെറുകുന്ന് ഗ്രാമ പഞ്ചായത്തിൻറെ ചരിത്രവും ഭൂമിശാസ്ത്രവും

### ചരിത്രം

കണ്ണൂർ നഗരത്തിൽ നിന്നും ഏതാണ്ട് 16 കി.മീ. വടക്കായി സ്ഥിതി ചെയ്യുന്ന സ്ഥലമാണ് ചെറുകുന്ന് ഗ്രാമപഞ്ചായത്ത്. ചെറിയ കുന്നുകൾ ഉൾപ്പെട്ട സ്ഥലം ആയതിനാലാണ് ഈ പ്രദേശത്തിന് ചെറുകുന്ന് എന്ന പേര് ഉണ്ടായതെന്ന് പരക്കെ വിശ്വസിക്കപ്പെടുന്നു. സുപ്രസിദ്ധമായ അന്നപൂർണ്ണേശ്വരി ക്ഷേത്രവുമായി ബന്ധപ്പെടുത്തിക്കൊണ്ട് ചോറ് കുന്ന് പോലെ ഉണ്ടായിരുന്ന സ്ഥലം എന്നത് കാലാന്തരത്തിൽ ലോപിച്ച് ചെറുകുന്ന് ആയി മാറിയതാണെന്ന് വിശ്വസിക്കുന്നവരുമുണ്ട്.

ഒരു കാലത്ത് കോലത്തിരി രാജാവിന്റെ ഭരണത്തിനു കീഴിലായിരുന്ന ഈ സ്ഥലം പിന്നീട് മൈസൂർ സാമ്രാജ്യത്തിന്റെ ഭാഗമായി. ബ്രിട്ടീഷ് ഭരണകാലത്ത് ഇതിനെ മദിരാശി സംസ്ഥാനത്ത് മലബാർ ജില്ലയിലെ ചിറക്കൽ താലൂക്കിൽ ഉൾപ്പെടുത്തുകയും ചെയ്തു. ഇപ്പോൾ ഈ ഗ്രാമപഞ്ചായത്ത് കണ്ണൂർ ജില്ലയിൽ കണ്ണൂർ താലൂക്കിൽ കല്ല്യാശ്ശേരി ബ്ലോക്ക് പരിധിയിലാണ്. തെക്ക് കണ്ണപുരവുമായും, വടക്ക് പഴയങ്ങാടി പുഴയുമായും, പടിഞ്ഞാറ് മാട്ടൂൽ പുഴയുമായും, കിഴക്ക് കണ്ണപുരം പഞ്ചായത്ത്, കുറ്റിക്കോൽ പുഴ, പട്ടുവം പുഴ എന്നിവയുമായും അതിർത്തി പങ്കിടുന്നു.

അന്നപൂർണ്ണേശ്വരി ക്ഷേത്രം, ഒളിയങ്കര ജുമാ മസ്ജിദ്, താവം റോമൻ കത്തോലിക് ചർച്ച് എന്നിവ പ്രദേശത്തെ പ്രധാന ആരാധന കേന്ദ്രങ്ങളാണ്. 15.37 ച.കി.മീ.വിസ്തൃതിയിൽ വ്യാപിച്ചുകിടക്കുന്ന ഈ പ്രദേശത്തെ ഭരണപരമായ സൗകര്യത്തിനായി നിലവിൽ 14 വാർഡുകളായി തിരിച്ചിരിക്കുകയാണ്.

ഇന്ത്യൻ ഭരണഘടനയുടെ 73,74 ഭേദഗതികൾ നടപ്പിൽ വരുന്നതുവരെ പദ്ധതികളുടെ രൂപീകരണവും നടത്തിപ്പും മുകൾതട്ടിൽ നിന്നായിരുന്നതിനാൽ സാധാരണ ജനങ്ങളുടെ പങ്കാളിത്തം ഈ മേഖലയിൽ തീർത്തും അന്യമായിരുന്നു. അതുകൊണ്ട് തന്നെ ജനങ്ങളുടെ താൽപര്യങ്ങളും ആവശ്യങ്ങളും പരിഗണിക്കപ്പെടാതിരുന്ന സാഹചര്യം ഉണ്ടായിരുന്നുവെന്നത് ഒരു വസ്തുതയാണ്. പഞ്ചായത്തിരാജ് നിയമം പ്രാബല്യത്തിൽ വന്നതോടെ അധികാര വികേന്ദ്രീകരണത്തിന്റെ പ്രാധാന്യത്തെപ്പറ്റി ജനങ്ങൾ കൂടുതൽ ബോധവാൻമാരാകുകയും ഗ്രാമതലത്തിൽ വെച്ച് പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുകയും ചെയ്തു. ഇതിന്റെ ഭാഗമായി ജനകീയാസൂത്രണത്തിന്റെ

പ്രസക്തിയും പ്രാധാന്യവും ജനങ്ങൾ തിരിച്ചറിഞ്ഞു. വികസന പ്രവർത്തനങ്ങൾ സർക്കാരിന്റെ വിവിധ വകുപ്പുകളിലൂടെ മാത്രം നടപ്പാക്കുക എന്നതിലുപരി ജനങ്ങളുടെ ജീവിത സാഹചര്യങ്ങളെ മെച്ചപ്പെടുത്തുവാൻ ജനങ്ങളുടെ കൂട്ടായ പ്രവർത്തനങ്ങളിലൂടെ സാധ്യമാക്കുകയെന്നത് ജനകീയാസൂത്രണത്തിന്റെ മുഖ്യ ലക്ഷ്യങ്ങളിൽ ഒന്നാണ്.

ചെറുകുന്ന് ഗ്രാമപഞ്ചായത്തിൻറെ വികസനത്തിൽ കൃഷിയും അനുബന്ധ മേഖലകൾക്കുമുള്ള പങ്ക് അവഗണിക്കാവുന്നതല്ലെങ്കിലും കാർഷകമേഖലയിലെ തകർച്ച ഇവിടെയും ബാധിച്ചിട്ടുണ്ട്.

## ഭൂമിശാസ്ത്രവും പാരിസ്ഥിതികവുമായ സവിശേഷതകൾ

### അതിരുകൾ

| | | |
|---|---|---|
| വടക്ക് | - | പഴയങ്ങാടിപ്പുഴ |
| പടിഞ്ഞാറ് | - | മാട്ടൂൽ പുഴ |
| തെക്ക് | - | കണ്ണപുരം ഗ്രാമ പഞ്ചായത്ത് |
| കിഴക്ക് | - | കണ്ണപുരം ഗ്രാമ പഞ്ചായത്ത്, കുറ്റിക്കോൽപുഴ, പട്ടുവം പുഴ |

ഭൂപ്രകൃതി അനുസരിച്ച് ചെറുകുന്ന് ഗ്രാമ പഞ്ചായത്തിലെ 4 മേഖലകളായി തിരിക്കാം

1. ഉയർന്ന സമതലം
2. ചെരിവ് പ്രദേശങ്ങൾ
3. തീരസമതലം
4. ചതുപ്പ് പ്രദേശങ്ങൾ

### 1 ഉയർന്ന സമതലം:

സമുദ്രനിരപ്പിൽ നിന്നും 25 മീ മുതൽ 30 മീറ്റർ വരെ ഉയരത്തിൽ സ്ഥിതി ചെയ്യുന്ന 9 കുന്നുകളാണ് നമ്മുടെ പഞ്ചായത്തിലുള്ളത്. കവിണിശ്ശേരി കുന്ന്, പാടിയിൽകുന്ന്, കവിണിശ്ശേരി ലക്ഷം വീട് കുന്ന്, ചിടങ്ങിൽകുന്ന്, ഒതയമ്മാടംകുന്ന്, കിഴക്കെകുന്ന്, കുന്നിൻമതിലകം എന്നിവയാണ് അവ. കവിണിശ്ശേരി കുന്നിൽ ശുദ്ധജലം ലഭ്യമാണ്.കുന്നുകളുടെ മുകൾഭാഗത്ത് ചരൽ നിറഞ്ഞ ചെമ്മണ്ണാണ്. ഇടക്കിടെ കടുപ്പമുള്ളതും വലുപ്പം കുറഞ്ഞതുമായ ചെങ്കൽ പാറകളുണ്ട്. കവിണിശ്ശേരി കുന്നിൽ ഏകദേശം 1 മീ മുതൽ 3 മീറ്റർ വരെ

താഴ്ചയിൽ ചേടിമണ്ണ് മാത്രമാണുള്ളത്. കുന്നിൻ മുകളിലുള്ള പരന്ന പ്രദേശങ്ങളിൽ മഴക്കാലത്ത് പുല്ല് വളരുന്നുണ്ടെങ്കിലും അത് ഫലപ്രദമായി വിനിയോഗിക്കാതെ പാഴായിപോവുകയാണ്.

## 2. ചെരിവുകൾ

കുന്നുകളോട് ചേർന്നു കിടക്കുന്ന ചെറുതും വലുതുമായ ചെരിവുകളാണ് ഈ വിഭാഗത്തിൽപ്പെടുന്നത്. ഉയരം കുറഞ്ഞ ഈ കുന്നുകളിൽ ചരൾ നിറഞ്ഞ ചെമ്മണ്ണാണ് ഉള്ളത്. 1 മീറ്റർ മുതൽ 3 മീറ്റർ വരെ താഴ്ചയിൽ കണ്ടുവരുന്ന ചേടിമണ്ണ് നിരവധി പരിസ്ഥിതി പ്രശ്നങ്ങൾ സൃഷ്ടിച്ചിരിക്കുകയാണ്. പ്രത്യേകിച്ചും കവിണിശ്ശേരി കുന്നിൻ ചെരിവ് വീട് നിർമ്മാണത്തിനായി ചെരിവുകൾ നിരപ്പാക്കുന്നതാണ് പ്രശ്നങ്ങൾക്കാധാരം. ചെരിവുകൾ ഇത്തരത്തിൽ വിവേചനപരമായി നിരപ്പാക്കുന്നത് മണ്ണിടിച്ചലിന് കാരണമാകുന്നു. ചെരിവുകളിൽ കശുമാവ്, തെങ്ങ് തുടങ്ങിയ കൃഷികൾ ചെയ്തുവരുന്നു. എന്നാൽ വളരെ കുറച്ച് ഭൂമി മാത്രമെ ഇതിനായി ഉപയോഗപ്പെടുത്തുന്നുള്ളൂ.

## 3. തീരസമതലം

സമുദ്ര നിരപ്പിൽ നിന്ന് 2 മീറ്റർ മുതൽ 3 മീറ്റർ വരെ ഉയരമുള്ള പ്രദേശമാണിത്. ഇടക്കിടെ ഒരു മീറ്ററോളം ഉയരത്തിലുള്ള കൊച്ചു മണൽത്തിട്ടുകൾ (കൊവ്വലുകൾ) ഉണ്ട്. ഷൊർണ്ണൂർ - മംഗലാപുരം റെയിൽപാത ഈ പ്രദേശത്തെ രണ്ടായി തിരിച്ചിരിക്കുന്നു. ഇവിടെ ലഭിക്കുന്ന മഴവെള്ളം വടക്കു-പടിഞ്ഞാറ് ചെരിവിന്നനുസൃതമായി അവിടെയുള്ള തോടുകളിലും പിന്നീട് അവ മൂന്നു ഭാഗവും ചുറ്റപ്പെട്ടു കിടക്കുന്ന പുഴകളിലും എത്തിച്ചേരുന്നു. ചെളി നിറഞ്ഞ മണൽ മണ്ണാണ് മിക്കവാറും എല്ലാ സമതല പ്രദേശങ്ങളിലും കണ്ടുവരുന്നത്. നെല്ല്, തെങ്ങ് എന്നിവയാണ് ഇവിടത്തെ പ്രധാന വിളകൾ. ചില പ്രദേശങ്ങളിൽ വേനൽക്കാലത്ത് പച്ചക്കറികൃഷി ചെയ്യുന്നു. 2 മീറ്റർ മുതൽ 3 മീറ്റർ വരെ ആഴത്തിൽ കുഴിച്ചാൽ ശുദ്ധജല സ്രോതസ്സ് ഓരുജലം കലർന്ന് മലിനമാകുന്നു. അതുകൊണ്ടുതന്നെ ജലവിധാനം താഴുമ്പോൾ കുടിക്കാൻ പറ്റാത്തവിധം ജലം മലിനമാകുന്നു. വേനൽക്കാലത്ത് ഉപ്പുവെള്ളം കയറി പാടങ്ങളിൽ നഞ്ചുകയറുന്നതും പ്രധാനപ്പെട്ട ഭീഷണിയാണ്. മൂന്നുഭാഗങ്ങളിലുമുള്ള പുഴകൾ ഉപ്പുവെള്ളം കലർന്നതാകുമ്പോൾ കൈത്തോടുകൾ വഴി ഉപ്പുവെള്ളം കൃഷിസ്ഥലങ്ങളിലേക്ക് കയറുന്നു. ഉപ്പ് വെള്ള പ്രതിരോധത്തിനായി സമഗ്ര പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടിയിരിക്കുന്നു.

### 4. ചതുപ്പനിലം

പുഴകളോടടുത്തു കിടക്കുന്നതും അവയുടെ കൈത്തോടുകളും ചേർന്നു കിടക്കുന്നതുമായ പ്രദേശങ്ങളാണ് ചതുപ്പനിലങ്ങൾ. ഇവിടങ്ങളിൽ വേലിയേറ്റവും വേലിയറിക്കവും സ്ഥിരമായി അനുഭവപ്പെടുന്നു. ഇവിടെ കണ്ടൽ കാടുകൾ ധാരാളമായി കണ്ടുവരുന്നുണ്ട്. നെൽകൃഷിയും തെങ്ങ് കൃഷിയും കുറഞ്ഞതോതിൽ ചെയ്തുവരുന്നു. കൂടാതെ ചെമ്മീൻകൃഷിയുമുണ്ട്. ശാസ്ത്രീയ രീതികളുടെ അഭാവത്തിൽ ചെമ്മീൻകൃഷിയുടെ ഉൽപ്പാദനക്ഷമത വളരെ കുറവാണ്.

ഓരുവെള്ളം കെട്ടിനിർത്തി അശാസ്ത്രീയമായ ചെമ്മീൻ കൃഷി ചെയ്യുന്നതിനാൽ സമീപ പ്രദേശങ്ങളിലെ കിണറുകളിലെ വെള്ളം ഉപയോഗ ശൂന്യമാകാറുണ്ട്.

## അവസ്ഥാ വിശകലനം

### പൊതുഭരണവും ധനകാര്യവും

ചെറുകുന്ന് ഗ്രാമ പഞ്ചായത്തിലെ പൗരന്മാർക്ക് സുതാര്യവും മെച്ചപ്പെട്ടതുമായ സേവനം നൽകാൻ പഞ്ചായത്ത് ഭരണസമിതി പ്രതിജ്ഞാബന്ധമാണ്. സേവനങ്ങൾ കാലഘട്ടത്തിനനുസരിച്ച രീതിയിൽ ജനങ്ങൾക്ക് ലഭ്യമാക്കാൻ ആവശ്യമായ നടപടികൾ കാലാകാലങ്ങളിൽ സ്വീകരിച്ചിട്ടുണ്ട്. 2025 ഡിസംബർ 21 ന അധികാരത്തിൽ വന്ന ചെറുകുന്ന് ഗ്രാമ പഞ്ചായത്ത് ഭരണസമിതി ജനങ്ങൾക്ക് നൽകുന്ന വിവധ സേവനങ്ങളെക്കുറിച്ചും അവ ലഭിക്കുന്നതിന് അവശ്യം വേണ്ട കാര്യങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുമുള്ള പൗരാവകാശരേഖ കാലോചിതമായി പരിഷ്ക്കരിച്ച് പ്രസിദ്ധീകരിക്കുകയുണ്ടായി. ഒരു പൗരൻറെ ജനനം മുതൽ മരണം വരെയുള്ള സമസ്തമേഖലകളെയും സ്പർശിക്കുന്ന സേവനങ്ങളാണ് പ്രാദേശിക സർക്കാറുകളായ ഗ്രാമ പഞ്ചായത്തുകൾ പൗരന്മാർക്ക് ലഭ്യമാക്കുന്നത്. ഇങ്ങനെയുള്ള സേവനങ്ങളുടെ ഗുണമേന്മയും സുതാര്യതയും ഉറപ്പുവരുത്തുന്നതിനും അവ സമയബന്ധിതമായി ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും ചെയ്യുകയെന്നത് ഭരണസമിതിയുടെ ബാധ്യതയാണ്.

പഞ്ചായത്ത് ആഫീസിലെ ഭൗതീകസാഹചര്യം മെച്ചപ്പെട്ടുവെങ്കിലും ഇനിയും സൗകര്യങ്ങൾ വർദ്ധിപ്പിക്കേണ്ടതുണ്ട്. സുസജ്ജമായ റെക്കോർഡ് മുറി നമുക്ക് സജ്ജീകരിക്കാനായിട്ടില്ല. ഏതൊരു ആഫീസിൻറെയും സുഗമമായ പ്രവർത്തനത്തിന് പൂർണ്ണ സജ്ജമായ റെക്കോർഡ് മുറി അനിവാര്യമാണ്.

2017-18 വർഷത്തെ വാർഷിക പദ്ധതിയിൽഉൾപ്പെടുത്തി റെക്കോർഡ് റൂം തയ്യാറാക്കുകയും 2018-19 വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തി റെക്കോർഡ് റൂം റബ്കോ ഫർണ്ണിച്ചർ ഉപയോഗിച്ച് നവീകരിക്കുകയും ചെയ്തിട്ടുണ്ട്. എന്നിരുന്നാലും റെക്കാർഡുകൾ സൂക്ഷിക്കുന്നതിനാവശ്യമായ സ്ഥലപരിമിതി നിലനിൽക്കുന്നു. സേവനം നൽകുന്ന കാര്യത്തിൽ അന്താരാഷ്ട്ര നിലാവാരത്തിലേക്ക് ഉയർത്താൻ ലക്ഷ്യമിട്ട് ആവിഷ്കരിച്ച് അംഗീകാരം വാങ്ങിയ ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ തുടർച്ചയായി രണ്ടാം തവണയും നമുക്ക് ലഭിച്ചിട്ടുള്ളത് അഭിമാനകരമായ നേട്ടമാണ്. ഒന്നാം നിലയിലായിരുന്ന ആഫീസ് ഭൂനിരപ്പിലേക്ക് മാറ്റിയത് വിവിധ ആവശ്യങ്ങൾക്കായി ആഫീസിലെത്തുന്നവർക്ക് സൗകര്യപ്രദമാണ്. ഫ്രണ്ട് ഓഫീസ് പ്രവർത്തനം സുഗമമാക്കുന്നതിന് 2018-19 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ടോക്കൺ മിഷീൻ ഏർപ്പെടുത്തിയിട്ടുണ്ട്. മുഴുവൻ ജീവനക്കാർക്കും കമ്പ്യൂട്ടറും അനുബന്ധ സൗകര്യങ്ങളും ഒരുക്കാൻ സാധിച്ചിട്ടുണ്ട്. സർക്കാർ നിർദ്ദേശിച്ച രീതിയിൽ മുഴുവൻ ജീവനക്കാർക്കും തിരിച്ചറിയൽ കാർഡ് നിർബന്ധമാക്കി. വിട്ടുകിട്ടിയ സ്ഥാപനങ്ങളായ കൃഷിഭവൻ, വി.ഇ.ഒ, ഐ.സി.ഡി.എസ് എന്നിവയും എഞ്ചിനിയറിങ്ങ് വിഭാഗം, കുടുംബശ്രീ, മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി എന്നിവയും പഞ്ചായത്ത് ആഫീസിൽ സൗകര്യമൊരുക്കാൻ സാധിച്ചിട്ടുണ്ട്. ഗ്രാമ പഞ്ചായത്ത് ആഫീസിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ ഹാജർനില കാണിക്കുന്ന ബോർഡ് പ്രദർശിപ്പിച്ചിട്ടുണ്ട്. എങ്കിലും അനുബന്ധ സ്ഥാപനങ്ങളിലും ജോലി ചെയ്യുന്ന ജീവനക്കാരുടെ ഹാജർനില കാണിക്കുന്ന ബോർഡ് പ്രദർശിപ്പിക്കാൻ നടപടി സ്വീകരിക്കേണ്ടതുണ്ട്. ജനങ്ങളും പഞ്ചായത്തും തമ്മിലുള്ള ബന്ധം ഊഷ്മളമാക്കാൻ ജീവനക്കാരും ഭരണസമിതിയും ക്രിയാത്മകമായി ഇടപെട്ടുവരുന്നുണ്ട്.

പഞ്ചായത്തും ഹരിതകേരളം മിഷനും കുടുബശ്രീയും സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പും സംയുക്തമായി നടത്തിയ സാമൂഹ്യ സാമ്പത്തിക സർവ്വേ പ്രകാരം 206 വിഷയ മേഖലകളിലായി വിവരങ്ങൾ ശേഖരിച്ചത് പതിനാലാം പഞ്ചവത്സരപദ്ധതി പ്രവർത്തനങ്ങൾക്ക് മുതൽ ക്കൂട്ടാകുന്ന രീതിയിൽ ക്രോഡീകരിച്ച് പുസ്തക രൂപത്തിലാക്കി പ്രകാശനം ചെയ്തിട്ടുണ്ട്. ഇത് സംസ്ഥാന തലത്തിൽ തന്നെ ആദ്യത്തെ ഉദ്യമമാണ്. ചെറുകുന്ന് ഗ്രാമപഞ്ചായത്തിനെ മാതൃകയാക്കി കണ്ണൂർ ജില്ലയിലെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും സമഗ്ര വിവരശേഖരണം നടത്തുന്നതിനു ജില്ല ആസൂത്രണസമിതി നടപടി സ്വീകരിച്ചു വരുന്നുണ്ട്.

പൊതുഭരണവും ധനകാര്യവും ധനകാര്യ സ്റ്റാൻറിങ്ങ് കമ്മിറ്റിയുടെ ചുമതലയിലാണ്. വൈസ് പ്രസിഡണ്ട് കൂടിയായ ശ്രീമതി സുനിത പി ചെറുകുന്ന് ഗ്രാമ പഞ്ചായത്ത് ധനകാര്യ സ്റ്റാൻറിങ്ങ് കമ്മിറ്റി ചെയർമാൻ.

വിട്ടുകിട്ടിയ സ്ഥാപനങ്ങളായ മൃഗാശുപത്രിക്ക് സ്വന്തം കെട്ടിടം ഉണ്ടാക്കാൻ കഴിഞ്ഞു. അതോടൊപ്പം ആരോഗ്യ മേഖലയിൽ കല്ല്യാശ്ശേരി മണ്ഡലം MLA ശ്രീ.ടി.വി.രാജേഷിന്റെ പ്രാദേശിക വികസന ഫണ്ട് ഉപയോഗിച്ച് താവം ആയുർവേദ ആശുപത്രി നവീകരണ പ്രവർത്തി നടത്തി. പുന്നച്ചേരി PHC FHC ആയി ഉയർത്തുന്നതിന്റെ ഭാഗമായുള്ള. OP സമയം രാവിലെ 8 മണി മുതൽ വൈകുന്നേരം 6 മണി വരെയാക്കി. അധിക ഡോക്ടറുടെയും ജീവനക്കാരുടെയും സേവനങ്ങൾ ഉറപ്പാക്കി. ഹോമിയോ ആശുപത്രിയുടെ പ്രവർത്തനം മെച്ചപ്പെടുത്തി. ഡോക്ടറുടെ സേവനം ആഴ്ചയിൽ 2 ദിവസം ഉണ്ടായിരുന്നത് നിലവിൽ എല്ലാ പ്രവർത്തി ദിവസങ്ങളിലും ലഭ്യമാകുന്നുണ്ട്.

**ജീവനക്കാർ - തസ്തിക തിരിച്ച്**

| ക്രമ നമ്പർ | തസ്തിക | എണ്ണം |
|---|---|---|
| 1 | സെക്രട്ടറി | 1 |
| 2 | അസിസ്റ്റന്റ് സെക്രട്ടറി | 1 |
| 3 | ഹെഡ് ക്ലാർക്ക് | 1 |
| 4 | അക്കൗണ്ടൻറ് | 1 |
| 5 | സീനിയർ ക്ലാർക്ക് | 3 |
| 6 | ക്ലാർക്ക് | 4 |
| 7 | ഓഫീസ് അറ്റൻറൻറ് | 1 |
| 8 | പാർട്ട് ടൈം ജീവനക്കാർ | 1 |
| 9 | ടെക്നിക്കൽ അസിസ്റ്റൻറ് (കരാർ) | 1 |
| 10 | പ്രൊജക്ട് അസിസ്റ്റൻറ് (കരാർ) | 1 |
| 11 | ഡ്രൈവർ-ദിവസവേതനം (1 ) | 1 |
| 12 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പപദ്ധതി ജീവനക്കാർ (കരാർ) | 3 |
| 13 | ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ (കരാർ) | 1 |

നിയമിതരായ ജീവനക്കാരുടെ ശേഷിയും സന്നദ്ധതയും സേവനം കാര്യക്ഷമമാക്കുന്നതിൽ നിർണ്ണായകമാണ്. ആയതിന് വകുപ്പ്തല പരിശീലനവും ദൈനംദിനമുള്ള സ്വയംമെച്ചപ്പെടലും അനിവാര്യമാണ്. ഭരണസമിതിയുടെ

ഭാഗത്തുനിന്നുള്ള സാമൂഹ്യ നിയന്ത്രണവും ഫലപ്രദമായ മോണിറ്ററിങ്ങും സദ്ഭരണത്തിനുള്ള ഉപാധികളിലൊന്നാണ്. സർക്കാർ കൊണ്ടുവരുന്ന ഓരോ പുതിയ പദ്ധതി/സ്കീമുകളും ഇവയുടെ മുഖ്യ ചുമതലകളും നിലവിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെയാണ് ഏൽപ്പിക്കാറുള്ളത്. ആയത് സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ജീവനക്കാരുടെ കുറവ് മൂലം പലപ്പോഴായി സാധിക്കുന്നില്ല. ആയത് പരിഹരിക്കപ്പെടേണ്ട വിഷയമാണ്.

## കൃഷി

### കൃഷി മേഖലയുടെ ഇന്നത്തെ അവസ്ഥ

പഞ്ചായത്തിലെ കാർഷിക സ്ഥിതി പരിഗണിക്കുമ്പോൾ നെല്ല്, തെങ്ങ് ഇവ ഒഴിച്ച് നിർത്തിയാൽ മറ്റു വിളകളുടെ കൃഷി പൊതുവെ കുറവാണ്. കഴിഞ്ഞ ഏതാനും വർഷങ്ങളായി 90 ഹെക്ടറിൽ കുറയാത്ത സ്ഥലത്ത് നെല്ല് ഒന്നാംവിള കൃഷി ചെയ്യുന്നുണ്ടെങ്കിലും, ഇതിന്റെ ഒരു ശതമാനം സ്ഥലത്ത് പോലും മുണ്ടകൻ സീസണിൽ ഉണ്ടാകുന്നില്ല എന്നുകാണാം. കൈപ്പാട് കൃഷിയുൾപ്പെടെയുള്ള ചെറുകുന്ന് പഞ്ചായത്തിലെ നെൽകൃഷിക്ക് ഏറെ പ്രാധാന്യം ഉണ്ടെങ്കിലും, വിസ്തൃതി കൊണ്ട് അഞ്ഞൂറോളം ഹെക്ടർ സ്ഥലത്ത് നിലവിലുള്ള തെങ്ങ് തന്നെയാണ് മുന്നിൽ. കമുകും പ്ലാവും, കശുമാവും, കുരുമുളകും, എന്നിവ കൃഷി എന്ന നിലയിലുണ്ടെങ്കിലും മറ്റുവിളകളെല്ലാം തീർത്തും അപ്രസക്തമായ നിലയിലാണ്. ചില വാർഡുകളിൽ ഒഴികെ സ്വന്തം ആവശ്യത്തിനുള്ള പച്ചക്കറികൾ മാത്രമാണ് കൃഷി ചെയ്യുന്നത്. ഒരു കാലത്ത് നല്ല നിലയിൽ പച്ചക്കറികൾ കൃഷി ചെയ്തിരുന്ന ഈ പ്രദേശം ഇന്ന് ഈ മേഖലയിൽ നിന്നും ഏറെ പിറകിലേക്ക് പോയതായി കാണാം. ഇതിനു മുഖ്യകാരണമായി നിൽക്കുന്നത് ഉപ്പുവെള്ളത്തിന്റെ കടന്നു വരവാണ്. ഇതിന് പരിഹാരം കാണാനാവുമെങ്കിൽ വീണ്ടും ഒരു തിരിച്ചുവരവിന് സാധ്യതയുണ്ട്. കാർഷിക ഭൂമിയിലേക്ക് കണ്ടൽകാടിന്റെ കടന്നുകയറ്റവും, അതോടൊപ്പം വന്യജീവികളുടെ വരവും ഈ മേഖലയിൽ കാര്യമായ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്.

കടലിനോടോ പുഴയോടോ ചേർന്ന് കാണപ്പെടുന്ന ഉപ്പുവെള്ളം നിറഞ്ഞ ചതുപ്പ് നിലങ്ങളാണ് കൈപ്പാട് നിലങ്ങൾ. വടക്കൻ കേരളത്തിൽ ഉപ്പുവെള്ളം കയറുന്ന പ്രദേശങ്ങളിലെ പരമ്പരാഗത കൃഷിരീതിയാണ് കൈപ്പാട് കൃഷി. ഏറെ ഗുണഗണങ്ങളുള്ള കൈപ്പാട് നെല്ല് കൃഷിയുള്ള ചുരുക്കം ചില പഞ്ചായത്തുകളിൽ ഒന്നാണ് ചെറുകുന്ന്. വെള്ളം കെട്ടി നിൽക്കുന്ന നിലങ്ങളിൽ

ചെറിയ ചെറിയ കൂനകളുണ്ടാക്കി അതിൽ നുരിയിട്ടാണ് കൈപ്പാട് കൃഷി ചെയ്തുവരുന്നത്. കൃഷിയോഗ്യമായ കൈപ്പാട് ഭൂമി കൂടുതൽ ഉണ്ടെങ്കിലും യുവതലമുറയ്ക്ക് കൃഷിയിൽ താൽപര്യം കുറഞ്ഞതും തൊഴിലാളികളുടെ ദൗർലഭ്യവും അശാസ്ത്രീയ കൃഷി രീതികളും മറ്റുകൃഷികളെ പോലെ കൈപ്പാട് കൃഷിയും കുറഞ്ഞ് വരുന്നതിന് കാരണമായിട്ടുണ്ട്

വയൽ നികത്തി വീടുകൾ നിർമ്മിക്കുന്നതിനും മറ്റ് ആവശ്യങ്ങൾക്കുമായി വിനിയോഗിക്കുന്നത് മൂലം പഞ്ചായത്തിൽ നിലനിന്നിരുന്ന പ്രകൃതിദത്തമായ നീർച്ചാലുകൾ നികത്തപ്പെട്ടിട്ടുണ്ട്. ഇത് വർഷകാലങ്ങളിൽ ഉണ്ടാകുന്ന വെള്ളക്കെട്ടിൻറെ രൂക്ഷത വർദ്ധിപ്പിക്കുന്നു. ഇതിന് പരിഹാരമായി പഴയ നീർച്ചാലുകളെ പുനസ്ഥാപിക്കുകയും, പുതിയ നീർച്ചാലുകൾ നിർമ്മിച്ചും ജലനിർഗമനം സുഗമമാക്കേണ്ടതുണ്ട്. കാലാവസ്ഥാ വ്യതിയാനവും പ്രകൃതി വിഭവ വിനിയോഗത്തിലെ അശാസ്ത്രീയതകളും കൂടിച്ചേർന്നാണ് കഴിഞ്ഞ വർഷം ഉണ്ടായ പ്രളയം പോലുള്ള ദുരന്ത സാഹചര്യങ്ങളിൽ നമ്മെ കൊണ്ടെത്തിച്ചത്. ആയത് പരിഹരിക്കപ്പെടുന്ന കൃഷിരീതി അവലംബിക്കപ്പെടേണ്ടതാണ്.

പഞ്ചായത്തിലെ കിഴക്കൻ പ്രദേശങ്ങളെല്ലാം തന്നെ ജനങ്ങൾ തിങ്ങി പാർക്കുന്ന പ്രദേശങ്ങളായതിനാൽപ്ലാസ്റ്റിക്/ജൈവ മാലിന്യങ്ങൾ (ഖരമാലിന്യം) ജലസ്രോതസ്സുകളിലും തുറസ്സായ സ്ഥലങ്ങളിലുമാണ് നിക്ഷേപിക്കുന്നത്. ഇത് പരിസ്ഥിതി മലിനീകരണത്തിന് കാരണമാകുന്നു. ജനങ്ങൾ തിങ്ങി പാർക്കുന്ന ഇത്തരം പ്രദേശങ്ങളിൽ മാലിന്യ നിർമ്മാർജ്ജനത്തിനായി വികേന്ദ്രീകൃത മാലിന്യസംസ്കരണ പദ്ധതികൾ ശാസ്ത്രീയമായി ആവിഷ്കരിച്ചും വീടുകൾ തോറും കമ്പോസ്റ്റ് യൂണിറ്റുകൾ നിർമ്മിച്ചും മാലിന്യ നിർമ്മാർജ്ജനം മാതൃകാ പരമാക്കേണ്ടതുണ്ട്. പഞ്ചായത്തിലെ പുഴയോടും അവയുടെ കാപ്പ്കളോടും ചേർന്ന് കിടക്കുന്ന പ്രദേശങ്ങളിൽ വീടുകളിലെ കക്കൂസ് മാലിന്യങ്ങളും പുഴയിലേക്ക് ഒഴുക്കി വിടുന്ന പ്രവണത കണ്ട് വരുന്നു. ഇത് ശുദ്ധജലമലിനീകരണത്തിനും കുടിവെള്ളത്തിൽ കോളിഫോം ബാക്ടീരിയയുടെ അളവ് വർദ്ധിപ്പിക്കുന്നതിലേക്കും വഴിവെക്കുന്നു. ഇത് തടയുന്നതിനുവേണ്ടിയുള്ള ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിക്കേണ്ടതും ദ്രവമാലിന്യ സംസ്കരണ യൂണിറ്റുകൾ (സോക്ക്പിറ്റ്) സ്ഥാപിക്കേണ്ടതുമാണ്.

പഞ്ചായത്തിൻറെ കിഴക്കൻ പ്രദേശങ്ങളിൽ (കവിണിശ്ശേരി കുന്ന്, കുന്നനങ്ങാട് കുന്ന്) ചരിവിൻറെ തോതിന് അനുസൃതമല്ലാതെയുള്ള അശാസ്ത്രീയമായ മണ്ണ് ഖനനം നടക്കുന്നതിൽ ഇത്തരം പ്രദേശങ്ങളിൽ

മണ്ണിടിച്ചിലിനുള്ള സാധ്യത വളരെ കൂടുതലാണ്. ഇത്തരം പ്രദേശങ്ങളിൽ അനുയോജ്യമായ മണ്ണ് ജലസംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കേണ്ടതുണ്ട്.

സുഭിക്ഷ കേരളം പദ്ധതിയുടെ ഭാഗമായി പഞ്ചായത്തിൽ പുതുതായി ധാരാളം പേർ കൃഷി രംഗത്ത് കടന്ന് വന്നിട്ടുണ്ട്. പ്രവാസജീവിതത്തിന് ശേഷം നാട്ടിൽ തിരിച്ചെത്തിയ ചിലർ വലിയ മുതൽമുടക്കിൽ കൃഷി ചെയ്യുന്നുണ്ടെങ്കിലും മറ്റു കാരണങ്ങൾക്ക് പുറമെ കൃഷിയിലെ മുതൽമുടക്കിന് ആനുപാതികമായി സാമ്പത്തികനേട്ടം ഇല്ലാത്തത് കർഷകരെ പ്രത്യേകിച്ച് യുവ കർഷകരെ കാർഷിക മേഖലയിൽ നിന്നും പിറകോട്ടുവലിക്കുകയും ചെയ്യുന്നുണ്ട്. പച്ചക്കറി, കിഴങ്ങ് വർഗ്ഗ കൃഷി, നെല്ല് കൃഷിയിൽ നല്ല മാറ്റങ്ങൾ ഉണ്ടാക്കാൻ സാധിച്ചിട്ടുണ്ട്. പ്രവാസികളുടെയും ജില്ലാ പഞ്ചായത്തിന്റെയും ആഭിമുഖ്യത്തിൽ "കൈപ്പാട് നെൽകൃഷി" പ്രോൽസാഹിപ്പിക്കുന്നതിന്റെ ഭാഗമായി വിവിധ പാടശേഖര സമിതിയുടെ ആഭിമുഖ്യത്തിൽ തരിശായി കിടക്കുന്ന കൈപ്പാട് മേഖലയിൽ നെല്ല് കൃഷി ചെയ്യാൻ തുടങ്ങിയിട്ടുണ്ട്.

## പ്രശ്നങ്ങളും പ്രശ്ന പരിഹാരസാധ്യതകളും

മൂന്നുഭാഗവും ഉപ്പ് വെള്ളത്താൽ ചുറ്റപ്പെട്ട ഈ പഞ്ചായത്തിൽ ഉപ്പുവെള്ളം കയറൽമൂലം കാർഷിക വിളകൾ നശിക്കുന്നതും ഇതിനാൽ കർഷകർ കൃഷിയിടങ്ങൾ തരിശിടുന്നതായും കണ്ടുവരുന്നു. പ്രധാനമായും ബാപ്പുക്കൽ, മീൻചാൽ, കാവിൻ മുനമ്പ്, താവം കാപ്പ്, കദിയാക്കുണ്ട്, ഒതയമ്മാടം, കാക്കാത്തോട് എന്നിടങ്ങളിലാണ് ഉപ്പുവെള്ളം കയറൽ രൂക്ഷമായി കണ്ടുവരുന്നത്. ഇവിടങ്ങളിൽ വി.സി.ബി അല്ലെങ്കിൽ ബണ്ട് നിർമ്മിക്കുക വഴി ഈ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാവുന്നതാണ്. കാർഷിക മേഖലയിലെ തൊഴിലാളി ക്ഷാമം, കാർഷികോൽപ്പന്നങ്ങൾക്ക് ഉൽപാദന ചെലവിനൊത്ത് ന്യായവില ലഭിക്കാത്തത് , ജലസേചനത്തിൻറെ അപര്യാപ്തത, ജൈവവളങ്ങളുടെ ലഭ്യതക്കുറവ്, രോഗങ്ങളുടേയും കീടങ്ങളുടേയും ആക്രമണം എന്നിവയാണ് ഈ മേഖലയിൽ നിലനിൽക്കുന്ന മറ്റ് പ്രശ്നങ്ങൾ. മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി കാർഷിക മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിലൂടെ ഉത്പാദന മേഖലയിൽ ഗണ്യമായ മാറ്റങ്ങൾ കൊണ്ടുവരാൻ സാധിക്കുന്നതാണ്.

വികസന പരിപ്രേക്ഷ്യം

വരും വർഷ പദ്ധതികളിലൂടെ നിലവിൽ കാർഷിക മേഖലയിലെ പ്രശ്നങ്ങൾ, വെല്ലുവിളികൾ ഇവ ദൂരീകരിക്കാനാവശ്യമായ ഒരിടപെടൽ നടത്തേണ്ടതുണ്ട്.

ചെറുകുന്നിൻറെ ജൈവനെല്ലായ കയ്പ്പാട് കൃഷി പ്രോത്സാഹിപ്പിക്കുന്നതിനാവശ്യമായ പദ്ധതികൾ ഉണ്ടാവണം. തൊഴിലുറപ്പ് പദ്ധതി കാർഷിക മേഖലയിൽ കൂടുതലായി ഉപയോഗപ്പെടുത്തേണ്ടതുണ്ട്. പ്രധാനമായും കയ്പ്പാട് കൃഷിയിലുള്ള നിലമൊരുക്കൽ- പൊറ്റകൂട്ടൽ പ്രവൃത്തികൾക്കായി തൊഴിലാളികൾക്ക് പരിജ്ഞാനം നൽകേണ്ടതുണ്ട്. മണ്ണിൻറെ പുളിപ്പ് രസം മാറ്റി ഉൽപ്പാദന വർദ്ധനവിനായി കുമ്മായ വസ്തുക്കൾ, സൂക്ഷ്മ മൂലകങ്ങൾ എന്നിവ കർഷകർക്ക് ലഭ്യമാക്കണം. നെല്ലും മീനും പദ്ധതി കർഷകരിൽ കൂടുതൽ പ്രചാരത്തിലാക്കുക വഴി കർഷകർക്ക് വരുമാന വർദ്ധനവ് സാധ്യമാക്കാവുന്നതാണ്.

തെങ്ങ് കൃഷിയിൽ നിന്നുള്ള ഉത്പ്പാദനം വർദ്ധിപ്പിക്കാൻ ജൈവവളം, കുമ്മായ വസ്തുക്കൾ തുടങ്ങിയവ കർഷകർക്ക് ലഭ്യമാക്കുക, ജലസേചന സൗകര്യം മെച്ചപ്പെടുത്താനാവശ്യമായ സംവിധാനം ഒരുക്കുക മുതലായവ വരും വർഷ പദ്ധതികളിൽ ഒഴിച്ചുകൂടാനാവാത്തതാണ്. കൂടാതെ തെങ്ങിൻ തോപ്പുകളിൽ പുതയിടുക, പച്ചിലവളച്ചെടികൾ വളർത്തുക എന്നിവയും ലക്ഷ്യമിടുന്നു. പച്ചക്കറികൃഷിയുടെ വിസ്തൃതി നിലവിലുള്ള 10 ഹെക്ടറിൽ നിന്നും 20 ഹെക്ടറായി വർദ്ധിപ്പിക്കുവാനും അതുവഴി ഉൽപ്പാദന വർദ്ധനവും, പച്ചക്കറികൃഷിയിൽ സ്വയം പര്യാപ്തതയും നേടുന്നതിനായി പദ്ധതികൾ രൂപീകരിക്കേണ്ടതുണ്ട്. അതുപോലെ ഇടവിളകൃഷിയുടെ വിസ്തൃതി വ്യാപനവും അതുമൂലം കർഷകർക്ക് വരുമാന വർദ്ധനവ് നേടി കൊടുക്കുക എന്നത് മറ്റൊരു ലക്ഷ്യമാണ്.

തരിശ് രഹിത പഞ്ചായത്ത് എന്നതാണ് കൈവരിക്കേണ്ട ലക്ഷ്യങ്ങളിൽ പരമപ്രധാനം. ഇതിനായി പാടശേഖരങ്ങൾ, കർഷക കൂട്ടായ്മകൾ, കുടുംബശ്രീ എന്നിവരുടെ സഹായത്തോടെ തരിശ് നിലങ്ങൾ കൃഷിക്കുപയുക്തമാക്കുന്നു. യന്ത്രവൽക്കരണം കൂടുതൽ ഊർജ്ജിതമാക്കേണ്ടതുണ്ട്. അതിനായി കൈപ്പാട് കൃഷിക്കുപയോഗിക്കാവുന്ന ട്രാക്ടർ, പവർടില്ലർ, കമ്പൈൻഡ് ഹാർവെസ്റ്റർ, ഞാറ് നടീൽ യന്ത്രം, ബെയ്ലർ മുതലായവ ലഭ്യമാക്കാനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യാനും ലക്ഷ്യമിടുന്നു.

ഇന്നും കാർഷിക മേഖലയിൽ നിലകൊള്ളുന്ന കർഷകർക്ക് പ്രോത്സാഹനം, കാർഷിക മേഖലയിൽ അവരുടെ പ്രശ്നങ്ങൾക്ക് പരിഹാരംകാണൽ അതുവഴി കാർഷിക മേഖലയുടെ വളർച്ചയും, സ്വയം പര്യാപ്തതയും എന്നിവ ആയിരിക്കും വരുംവർഷ പദ്ധതികളിലൂടെ നാം ലക്ഷ്യമിടുന്ന നേട്ടങ്ങൾ. കൃഷി വിസ്തൃതി കുറഞ്ഞുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ നൂതന കാർഷിക വിദ്യകൾകൂടി കൃഷിയിടത്തിൽ പ്രാവർത്തികമാക്കിയാൽ മാത്രമേ നാം ലക്ഷ്യമിടുന്ന നേട്ടങ്ങൾ കൈവരിക്കുവാൻ സാധിക്കുകയുള്ളൂ. ഇതിനായി കൃഷി വകുപ്പ് പദ്ധതികളും, ജനകീയിസൂത്രണ പദ്ധതികളും സംയോജിപ്പിച്ചുകൊണ്ടുള്ള പ്രവർത്തനമുണ്ടാകണം എന്നത് ഒഴിച്ചുകൂടാനാവാത്ത വസ്തുതയാണ്.

## മൃഗസംരക്ഷണവും ക്ഷീരവികസനവും

ചെറുകുന്ന് ഗ്രാമപഞ്ചായത്തിലെ മൃഗസംരക്ഷണ മേഖലയിലെ ക്ഷീരകർഷകരുടെ കൂട്ടായ പ്രവർത്തന ഫലമായി മൃഗാശുപത്രി നിർമ്മിക്കുന്നതിന് ഒരു കമ്മറ്റി രൂപീകരിച്ചു. കമ്മറ്റിയുടെ സമ്മര്ദ്ദത്താൽ പഞ്ചായത്ത് മുഖേന സർക്കാരിനു കത്ത് നൽകി 1997 ൽ കൊവ്വപ്പുറത്ത് വിത്ത് ഡിപ്പോയുടെ ബിൽഡിംഗ് ആശുപത്രിയുടെ സ്ഥാപനമായി പ്രവർത്തനമാരംഭിച്ചു. മൃഗാശുപത്രിയുടെ പ്രവർത്തനങ്ങളിൽ കമ്മറ്റി ശ്രദ്ധ ചെലുത്തി വന്നു. മൃഗശുപത്രിയുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി 2005 ൽ ഗ്രാമപഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് വെള്ളറങ്ങലിൽ സ്ഥലം വാങ്ങുകയും മൃഗസംരക്ഷണ വകുപ്പിൻറെ ഫണ്ടുപയോഗിച്ചു കെട്ടിടം നിർമിക്കുകയും ചെയ്തു. ഈ സ്ഥാപനത്തിലേക്ക് 2007 ൽ മൃഗശുപത്രിയുടെ പ്രവർത്തനം മാറ്റുകയും ചെയ്തു.

പഞ്ചായത്തിലെ മൃഗസംരക്ഷണ മേഖലയിൽ ബഹുഭൂരിപക്ഷം പേരും ക്ഷീരകർഷകരായിരുന്നു. എന്നാൽ 2002 ൽ വന്ന കുളമ്പു രോഗം ചെറുകുന്ന് പഞ്ചായത്തിലും വലിയ തോതിൽ വ്യാപിക്കുകയുണ്ടായി. തൽഫലമായി ധാരാളം പശുക്കൾ ചത്തൊടുങ്ങുകയും പാൽ ഉല്പ്പാദനം ക്രമാതീതമായി കുറയുകയും കാലി സമ്പത്ത് കുറയുകയും ചെയ്തു. ഇത് ഒട്ടേറെ ക്ഷീരകർഷകർ ഇക്കാലത്ത് മൃഗസംരക്ഷണ മേഖല വിട്ടു പോകുന്നതിനു കാരണമായി. മൃഗസംരക്ഷണ മേഖലയിൽ നാളിതുവരെ ചെയ്ത പഞ്ചായത്തിൻറെ ജനകീയാസൂത്രണ പദ്ധതികളും മൃഗസംരക്ഷണ വകുപ്പിൻറെ പദ്ധതികളും കുറെയേറെ കർഷകർക്ക് ഗുണപ്രദമായിട്ടുണ്ട്. നിലവിൽ പഞ്ചായത്തിലെ കുന്നനങ്ങാട്, പഴങ്ങോട്, കവിണിശ്ശേരി, ഒതയമ്മാടം, താവം, പള്ളിക്കര, കൊവ്വപ്പുറം തുടങ്ങിയ ഭാഗങ്ങളിൽ

ഉള്ള ക്ഷീര കർഷകർക്ക് കൈത്താങ്ങകുന്ന തരത്തിലുള്ള പദ്ധതികൾ വിഭാവനം ചെയ്യുകയും അനിവാര്യമാണ്.

പഞ്ചായത്തിലെ വിവിധ ഭാഗങ്ങളിൽ വർധിച്ച് വരുന്ന മറ്റൊരു മേഖലയാണ് ആട് വളർത്തൽ. പലതരം പദ്ധതികളിലൂടെ ചെറുകുന്ന് പഞ്ചായത്തിലെ ആടുകളുടെ എണ്ണം വർധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ മേച്ചിൽ പുറങ്ങൾ കഴിയുന്നതും വെള്ളകെട്ടുള്ള സ്ഥലങ്ങളും ഈ മേഖലയ്ക്ക് വെല്ലുവിളിയാണ്. പ്രാദേശികമായി ലഭിക്കുന്ന കണ്ടൽ, പുല്ലുകൾ മറ്റ് വസ്തുക്കൾ നൽകി കൂട്ടിൽ വളർത്തുന്ന രീതി അവലംബിക്കുന്നത് നല്ലതായിരിക്കും. വീടുകളിൽ 5 - 6 ആടുകളെ വളർത്തുന്നവരും ഫാം അടിസ്ഥാനത്തിൽ ചെയ്യുന്നവരും നമ്മുടെ പഞ്ചായത്തിലുണ്ട്. ആടുകളിൽ നാടൻ ഇനങ്ങളെക്കാൾ കൂടുതലായി സങ്കര ഇനങ്ങൾ കണ്ടുവരുന്നു.

വീട്ടുമുറ്റത്ത്കോഴി വളർത്തൽ പദ്ധതികളിലൂടെ കഴിഞ്ഞ 2 വർഷം മുട്ടക്കോഴികളുടെ എണ്ണം ധാരാളം വര്ധിച്ചിട്ടുണ്ടായിരുന്നു. എന്നാൽ കൂട്ടിൽ തന്നെ തീറ്റ കൊടുത്ത് വളർത്തേണ്ട ഇന്നത്തെ ചുറ്റുപാടിൽ മുട്ടക്കോഴി വളർത്തൽ ലാഭകരമാകുന്നത് മുട്ടയുടെ വിൽപ്പന സാധ്യതയ്ക്കനുസൃതമായിട്ടായിരുന്നു. വീട്ടിനു ചുറ്റുമുള്ള സ്ഥല ലഭ്യതക്കുറവ് കോഴി വളർത്തലിലും ലാഭം നേടുന്നതിന് തടസ്സം സൃഷ്ട്ടിച്ച് കാണുന്നു.

പ്രത്യേക ശ്രദ്ധയും, കായികധ്വാനവും, അറിവും താൽപര്യവും എല്ലാം കാർഷിക മേഖലയിലെക്കാളും ത്യാഗവും സഹിച്ചാൽ മാത്രമാണ് പശുവളർത്തൽ പോലുള്ള തൊഴിൽ മുന്നോട്ട് കൊണ്ട് പോകാൻ സാധിക്കുകയുള്ളൂ. ഈ മേഖലയിലേക്ക് പുതിയ തലമുറയിലെ ആൾക്കാരെ ഉൾപ്പെടുത്തുന്നതിനായും, നിലവിൽ ഉള്ളവരെ സഹായിക്കാനും നിലനിർത്താനും വേണ്ടി ബോധവൽക്കരണ ക്ലാസ്സുകൾ, കർഷക കൂട്ടായ്മകൾ തുടങ്ങിയവ ഉണ്ടാകണം. കാലിവളർത്തലിൽ തീറ്റ പുൽകൃഷിയുടെയും മേച്ചിൽ സ്ഥലത്തിന്റെയും ലഭ്യതക്കുറവ്, കാലിത്തീറ്റയുടെ വില വർധനവ് എന്നിവ തടസ്സം സൃഷ്ടിക്കുന്നുണ്ട്. വർധിച്ച് വരുന്ന രോഗങ്ങൾ, കന്നുകാലികളുടെ വില എല്ലാം കണക്കിലെടുത്ത് ഇൻഷുറൻസ് പരിരക്ഷ വർഷത്തിൽ എല്ലായ്പ്പോഴും ലഭ്യമാകുന്ന സൗകര്യമുണ്ടാകണം. കോവിഡ് പോലുള്ള പകർച്ച വ്യാധികൾ വരുമ്പോൾ കർഷകർക്ക് പാൽ വിൽപ്പന ചെയ്യുന്നതിനും കാലിത്തീറ്റ, കോഴിത്തീറ്റ എന്നിവ ലഭിക്കുന്നതിനും ബുദ്ധിമുട്ടനുഭവപ്പെട്ടിരുന്നു. കറവപ്പശുക്കൾക്ക് കാലിത്തീറ്റ,

പാലിന് സബ്സിഡി മുതലായവ പദ്ധതികൾ വർഷം മുഴുവൻ ലഭ്യമാക്കുന്നതിനുള്ള ഫണ്ട് വകയിരുത്താനും കോവിഡാനന്തര പ്രയാസങ്ങൾ പരിഹരിക്കുന്നതിനും മുൻകൈ എടുക്കണം.

മാറുന്ന കാലാവസ്ഥയും മറ്റു ഘടകങ്ങളും രോഗങ്ങളും എല്ലാം മനുഷ്യരെപ്പോലെ മൃഗങ്ങളെയും ബാധിക്കുന്നതിനാൽ വരും വർഷങ്ങളിൽ ഈ മേഖലയിൽ കൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ടതാണ് എന്ന് ചൂണ്ടിക്കാട്ടുന്നു. കോവിഡ് രോഗ കാലഘട്ടത്തിൽ നിരവധി പേർ ഓമന മൃഗങ്ങളായ നായ, പൂച്ച, പക്ഷികൾ തുടങ്ങിയവയെ വളർത്തുന്നതിൽ ഏർപ്പെട്ടു കാണുന്നത് ഈ മേഖലയിലെപ്രധാന മാറ്റമായി കാണേണ്ടതാണ്. പുൽ കൃഷിക്കും മേച്ചിൽപ്പുറങ്ങൾക്കും സാധ്യത കുറഞ്ഞു വരുമ്പോൾ മണ്ണില്ലാതെ പോഷകപ്രദമായ തീറ്റപുൽ വളർത്തിയെടുക്കുന്ന ഹൈഡ്രോ പോണിക്സ് പോലുള്ള നൂതന രീതികൾ അവലംബിക്കാൻകർഷകരെ സഹായിക്കാൻ കഴിഞ്ഞാൽ നല്ലതായിരിക്കും.

ഇറച്ചിക്കോഴി വളർത്തൽ, പശുവളർത്തൽ, ആട് വളർത്തൽ എന്നിവയ്ക്കു വേണ്ടി ചെറിയ തോതിലുള്ള ഫാമുകൾ തുടങ്ങുന്നത് നന്നായിരിക്കും. പഞ്ചായത്തിൽ ഇപ്പോൾ ചെറിയ തോതിൽ പോത്ത് കുട്ടികൾ വളർത്തുന്ന കർഷകരുണ്ട്. ഇവർക്ക് ആവശ്യമായ സഹായവും പ്രോൽസാഹനവും നല്കാൻ കഴിയണം. ക്ഷീര കർഷകരെ സഹായിക്കുന്നതിന് ക്ഷീര സംഘങ്ങൾ രൂപീകരിക്കുന്നത് നന്നായിരിക്കും.

## പ്രാദേശിക സാമ്പത്തിക വികസനം

വ്യവസായ മേഖലകളിൽ പദ്ധതികൾ ആവിഷ്കരിച്ചാലും പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിന് ഗുണഭോക്താക്കൾക്ക് താൽപ്പര്യമില്ലാത്തതുകൊണ്ട് പദ്ധതികൾ പ്രാവർത്തികമാകാറില്ല. കൃഷി, മൽസ്യബന്ധനങ്ങൾക്ക് സാധ്യതയുള്ള ഗ്രാമപഞ്ചായത്ത് ആയതുകൊണ്ട് അതിനോടനുബന്ധിച്ചുള്ള പദ്ധതികൾ ആവിഷ്കരിക്കേണ്ടതുണ്ട്. വാർഡ് തലത്തിൽ നിലവിലെ യൂണിറ്റുകളെക്കുറിച്ച് വിശദമായ പരിശോധന നടത്തണം. നിലവിൽ പ്രവർത്തിക്കാത്തവ പുനരുജ്ജീവിപ്പിക്കാൻ കഴിയണം. ഉൽപ്പന്നങ്ങൾ പഞ്ചായത്ത് തലത്തിൽ വില്പന നടത്തുന്നതിൻ ഒരു കേന്ദ്രം സ്ഥാപിക്കുകയോ ചന്തകൾ സംഘടിപ്പിക്കുകയോ വേണം.

## വികസന പരിപ്രേക്ഷ്യം

ചെറുകുന്ന് ഗ്രാമ പഞ്ചായത്തിൽ ചെറുകിട വ്യവസായത്തിൽ ഊന്നിക്കൊണ്ട് പ്രാദേശിക സാമ്പത്തിക വികസനം കൈവരിക്കുവാൻ പറ്റുന്ന ഒരു പ്രദേശമാണ്. പക്ഷെ ഇപ്പോഴും ഈ മേഖലയിൽ പ്രതീക്ഷിച്ച പുരോഗതി കൈവരിക്കുവാൻ സാധിച്ചിട്ടില്ലായെങ്കിലും 2021-22 വർഷത്തിൽ കല്ല്യാശ്ശേരി ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ ഏറ്റവും കൂടുതൽ സംരംഭങ്ങൾ ആരംഭിക്കാൻ നമുക്ക് സാധിച്ചിട്ടുണ്ട്. സംരംഭക വർഷത്തിൽ ഏറ്റവും കൂടുതൽ സംരംഭങ്ങൾ ആരംഭിച്ചതിന് കണ്ണൂർ താലൂക്കിൽ ഒന്നാമതും ജില്ലാ തലത്തിൽ മൂന്നാം സ്ഥാനവും സംസ്ഥാന തലത്തിൽ ഇരുപത്തി ഒമ്പതാം സ്ഥാനവും കൈവരിക്കാൻ സാധിച്ചിട്ടുണ്ട്.

വനിതകൾ മാത്രമുള്ള ഗ്രൂപ്പുകൾക്കാണ് തൊഴിൽ സംരംഭം ആരംഭിക്കുന്നതിന് പഞ്ചായത്ത് വഴി സബ്സിഡി ലഭ്യമാക്കുന്നത്. ഒരു നാടിന്റെ സാമൂഹ്യ - സാംസ്കാരിക പുരോഗതി പരിഗണിക്കുമ്പോൾ സ്ത്രീകളുടെ അവസ്ഥയെപറ്റി ചിന്തിക്കാതിരിക്കാനാവില്ല. സ്ത്രീ-പുരുഷ സമത്വം യാഥാർത്ഥമായാലെ സാമൂഹ്യ പുരോഗതി നേടാനാകൂ. കുടുംബശ്രീ വഴി വലിയ രീതിയിൽ സ്ത്രീ മുന്നേറ്റം സാധ്യമാകുന്നുണ്ട്. എന്നാലും ഉത്തരവാദിത്തം ഏറ്റെടുക്കാനുള്ള ആത്മവിശ്വാസക്കുറവ് കാരണവും വിപണിയിൽ ഉൽപ്പന്നങ്ങൾ ലഭ്യമാകത്തത് കൊണ്ടും സ്ത്രീകൾ തൊഴിൽ സംരംഭങ്ങൾ തുടങ്ങാൻ മടി കാണിക്കുന്നുണ്ട്. സ്ത്രീകൾ വിദ്യാഭ്യാസം നേടുന്ന കാര്യത്തിൽ വളരെ മുന്നിലാണെങ്കിലും തൊഴിൽ മേഖലയിൽ അവരുടെ പങ്കാളിത്തം വളരെ കുറവാണ്. തൊഴിലില്ലാത്ത യുവജനങ്ങളിൽ ഭൂരിഭാഗവും യുവതികളാണ്. നിലവിൽ കാറ്ററിംഗ് യൂണിറ്റുകളും മത്സ്യ സംസ്കരണ യൂണിറ്റുകളും മറ്റും നല്ല രീതിയിൽ നടക്കുന്ന സ്ത്രീ സംരംഭങ്ങളായി പഞ്ചായത്തിൽ ചൂണ്ടി കാണിക്കാൻ ഉണ്ട്.

പൊതു ഇടങ്ങളിൽ സ്ത്രീകളുടെ പ്രാതിനിധ്യം വളരെ കുറവാണ്. സ്ത്രീ ശാക്തീകരണം സാധ്യമാവണമെങ്കിൽ സ്ത്രീകളുടെ സാന്നിധ്യവും പങ്കാളിത്തവും എല്ലായിടത്തും ഉണ്ടാവേണ്ടതാണ്. സ്വയം തൊഴിൽ സംരംഭങ്ങളിൽ സ്ത്രീകൾ താല്പര്യം കാണിക്കുകയും ആത്മവിശ്വാസത്തോടെ മുന്നോട്ട് പോകാൻ തയ്യാറാകുകയും വേണം.

നമ്മുടെ പഞ്ചായത്തിൽ തനതായ മൽസ്യ വിഭവങ്ങളും തെങ്ങിൽ നിന്നുള്ള ഉൽപ്പന്നങ്ങളും കൊണ്ടുള്ള പുതിയ സംരംഭങ്ങൾ ആരംഭിച്ചാൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ സാധിക്കും.

മത്സ്യശ്രീ പോലുള്ള പദ്ധതികൾ കുടുംബശ്രീ വഴി ആരംഭിക്കുന്നതിലൂടെ ഫോർമാലിൻ പോലുള്ള മായങ്ങൾ ചേർക്കാത്ത മത്സ്യങ്ങൾ സാധാരണക്കാരിലേക്ക് എത്തിക്കുന്നതിന് പുതിയ പദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ്.

## ദാരിദ്ര്യലഘൂകരണം

ദാരിദ്ര്യ ലഘൂകരണത്തിൽ പ്രധാനമായും പാർപ്പിട മേഖലയാണ് വരുന്നത്. നമ്മുടെ പഞ്ചായത്തിൽ ഏറിയ വിഭാഗം വീടുകളും ടെറസ്സ് വീടുകളാണ്. അടിസ്ഥാന സൗകര്യങ്ങൾ ഉള്ളവയാണ് മിക്ക വീടുകളും. ആഡംബര ഭവനങ്ങൾ നിർമ്മിക്കുന്നതിന് വേണ്ടി പണം അമിതമായും അനാവശ്യമായും ചെലവഴിച്ച് കടക്കെണിയിൽപെട്ട് ഉഴലുന്ന പ്രവണത കൂടുതലായും കണ്ടു വരുന്നു. ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്ന ഭവനങ്ങളിലും ഈ ഒരു പ്രവണത കണ്ടു വരുന്നുണ്ട്. ആ ഒരു രീതിക്ക് മാറ്റം വരേണ്ടതുണ്ട്.

നമ്മുടെ പഞ്ചായത്തിലെ എല്ലാ കുടുംബങ്ങൾക്കും വാസയോഗ്യമായ വീടുകൾ ഇപ്പോഴും ലഭിച്ചിട്ടില്ല. ചേരി നിവാസികളും പുറമ്പോക്കിൽ താമസിക്കുന്നവരും ഇപ്പോൾ ഈ പഞ്ചായത്തിലില്ല. ലക്ഷം വീടുകളിലും കോളനികളിലും താമസിക്കുന്ന കുടുംബങ്ങളുടെ പല പ്രശ്നങ്ങളും ഇനിയും പരിഹരിക്കേണ്ടതുണ്ട്. ഭവന നിർമ്മാണത്തിലെ പാഴ്ചെലവുകൾ ഒഴിവാക്കാനും ചെലവ് കുറഞ്ഞ വീടുകൾ നിർമ്മിക്കാനും ബോധവൽക്കരണം അത്യന്താപേക്ഷിതമാണ്. നിർമ്മാണ സാമഗ്രികൾ പ്രാദേശികമായി ലഭിക്കുകയാണെങ്കിൽ ഗൃഹനിർമ്മാതാക്കൾക്ക് ചെലവിൽ സാരമായ കുറവ് വരുത്താൻ സാധിക്കും. പാർപ്പിട നിർമ്മാണത്തിൽ ഒരു പുതിയ ശൈലിയും സംസ്കാരവും നമുക്ക് ഉണ്ടാവേണ്ടതുണ്ട്.

ലൈഫ് ഭവന പദ്ധതി ഒന്നാം ഘട്ടത്തിൽ 10 ഗുണഭോക്താക്കളിൽ മുഴുവൻ പേരും ഭവന നിർമ്മണം പൂർത്തിയാക്കിയിട്ടുണ്ട്. ലൈഫ് രണ്ടാം ഘട്ടത്തിൽ 22 വീടുകളുടെ നിർമ്മാണം ആരംഭിക്കുകയും എല്ലാം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ലൈഫ് ഭവന പദ്ധതി ഘട്ടം രണ്ടിൽ ഭൂമിയുള്ള ഭവന രഹിതരാണ് ഉൾപ്പെടുന്നത്. പഞ്ചായത്തിൽ അർഹരായ 22 ഗുണഭോക്താക്കളിൽ 22 പേർ ഭവന നിർമ്മാണം പൂർത്തിയാക്കി. ലൈഫ് ഭവന പദ്ധതി ഘട്ടം 3 ൽ ഭൂമിയില്ലാത്ത ഭവന രഹിതരാണ് ഉൾപ്പെടുന്നത്. അർഹരായ 3 പേർക്ക് ഭൂമി ലഭ്യമായിട്ടുണ്ട്. ഇത് കൂടാതെ നിരവധി പേർ താമസയോഗ്യമല്ലാത്ത വീട്ടിൽ

താമസിച്ച് വരുന്നുണ്ട്. അവരുടെ വീട് താമസയോഗ്യമാക്കുന്നതിന് പഞ്ചായത്തിൻറെ പദ്ധതിവെക്കേണ്ടതുണ്ട്.

2024-25 വർഷത്തിൽ ലൈഫ് ഭവന പദ്ധതി ആകെ 58 ഭവനരഹിതർക്ക് കരാർ വെച്ച് ആനുകൂല്യങ്ങൾ നൽകി തുടങ്ങി. ഇതിൽ 46 പേർ ഭവനം പൂർത്തീകരിച്ചു, പട്ടികജാതി 11 പേർ, അതിദരിദ്രർ 7 പേരും, മത്സ്യത്തൊഴിലാളി ഒന്നും പൊതുവിഭാഗത്തിൽ 39 പേരുമാണ്. ഭൂരഹിത ഭവനരഹിത പട്ടികയിൽ ഉൾപ്പെട്ട ഒരു ഗുണഭോക്താവും കരാർ വെച്ചിട്ടുണ്ട്.

ലൈഫ് അതിദരിദ്ര പട്ടികയിലുള്ള ഭൂമിയുള്ള ഭവന രഹിതരിൽ 8 പേരിൽ 7 പേരും കരാർ വെച്ചു. അതിൽ 5 പേര് നിർമ്മാണം പൂർത്തീകരിച്ചു. ഒരാളുടെ ഭവന നിർമ്മാണം പണി നടന്നു വരുന്നു. അതിദരിദ്ര പട്ടികയിൽ ഭൂരഹിത ഭവനരഹിതരിൽ 2 പേർ ഉൾപ്പെട്ടിട്ടുണ്ട്.

- ഭവനനിർമ്മാണ പദ്ധതികൾ വീണ്ടും നടത്തണം.
- വീട് റിപ്പയർ നടത്താനാവശ്യമായ സഹായം നല്കണം
- ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ടവരുടെ വിവരങ്ങൾ ശേഖരിക്കുകയും പുതിയ അംഗങ്ങളെ കണ്ടെത്തുകയും വേണം. ഇവർക്കാവശ്യമായ പദ്ധതികൾ തയ്യാറാക്കണം

## സാമൂഹ്യനീതി

കഴിഞ്ഞ രണ്ടരദശാബ്ദക്കാലത്ത് പഞ്ചായത്ത് പരിധിയിൽ മാതൃ - ശിശു ആരോഗ്യ നിലവാരം തൃപ്തികരമാണെന്നതാണ് വസ്തുത. ഇക്കാലയളവിൽ മാതൃമരണങ്ങളൊന്നും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. ശിശു മരണങ്ങളുടെ അനുപാതവും സംസ്ഥാന ശരാശരിയേക്കാൾ വളരെ കുറവാണ്. ശിശുമരണങ്ങൾ പൂർണ്ണമായും ഇല്ലാതാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഇനിയും ശക്തമാക്കണം.

കുട്ടികൾ, ഭിന്നശേഷിയുള്ളവർ, വയോജനങ്ങൾ എന്നിവരുടെ ക്ഷേമത്തിനായി വിവിധ കാലയളവുകളിൽ നിരവധി പ്രവർത്തനങ്ങൾ പഞ്ചായത്തിൽ ആസൂത്രണം ചെയ്തു നടപ്പിലാക്കിയിട്ടുണ്ട്. അംഗൻവാടികൾ മുഖേനയുള്ള പോഷകാഹാരവിതരണ പരിപാടി, ശാരീരിക- മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ്, വയോജനങ്ങൾക്കായുള്ള പാലിയേറ്റീവ് കെയർ പദ്ധതി എന്നിവ ഇവയിൽ പ്രാധാന്യമർഹിക്കുന്നു.

വയോജനങ്ങളുടെ ആരോഗ്യപ്രശ്നങ്ങൾ പരിഹരിക്കാൻ പഞ്ചായത്തിൽ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ കൃത്യമായും സൂക്ഷ്മമായും

വിലയിരുത്തപ്പെടേണ്ടതുണ്ട്. പകൽവീട്, വയോമിത്രം പരിപാടികൾ ഇനിയും വ്യപകമാക്കേണ്ടതാവശ്യമാണ്. ഒപ്പം വയോജനങ്ങളെ ആദരിക്കാനും വയോജനദിനാചരണ പരിപാടി വൈവിദ്ധ്യ പൂർണ്ണവും ഫലപ്രദമാക്കാനും ശ്രദ്ധിക്കണം. പഞ്ചായത്തിനകത്ത് പ്രവർത്തിക്കുന്ന സീനിയർ സിറ്റിസൺസ് ഫോറം, പെൻഷണർ സംഘടനകൾ, വയോജനക്ലബ്ബുകൾ തുടങ്ങിയ സംഘടനാസംവിധാനങ്ങളും അവയുടെ പ്രവർത്തനങ്ങളും വിശദമായി വിലയിരുത്തണം. വയോജന സൌഹൃദ പഞ്ചായത്ത് ലക്ഷ്യം കൈവരിക്കുന്നതിന് പകൽവീട് അടിസ്ഥാന സൌകര്യം മെച്ചപ്പെടുത്തുക വഴി വയോജനങ്ങളുടെ മാനസിക ഉല്ലാസം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കി.

## ജെൻഡറും വികസനവും കുട്ടികളുടെ വികസനവും

സമൂഹത്തിൻറെ മുഖ്യധാരയിലേക്ക് സ്ത്രീകളെ ഉയർത്തികൊണ്ട് വരാൻ ഉപയുക്തമായ വിവിധ പ്രവർത്തന പരിപാടികളാണ് കഴിഞ്ഞ ഇരുപത്തിയഞ്ചു വർഷക്കാലം ഈ പഞ്ചായത്തിൽ ആവിഷ്കരിച്ചു നടപ്പാക്കിയത്. ചെറുകുന്ന് ഗ്രാമപഞ്ചായത്തിലെ ആകെ ജനസംഖ്യയിൽ 52% സ്ത്രീകളാണ്- 9282 പേർ. സ്ത്രീകളുടെ ഉന്നമനത്തിനും അവരുടെ സുരക്ഷിതത്വത്തിനും സഹായകമായ പ്രവർത്തനങ്ങളിൽ ഏറ്റവും അധികം ശ്രദ്ധേയമായത് കുടുംബശ്രീയാണ്. കുടുംബശ്രീയുടെ നേതൃത്വത്തിൽ ഓരോ വാർഡിലും രൂപീകൃതമായ അയൽക്കൂട്ടങ്ങൾ വഴി സ്ത്രീകൾക്ക് സമൂഹത്തിൽ ലഭ്യമാക്കേണ്ട തുല്യതയെപ്പറ്റിയുള്ള ധാരണയും അവകാശങ്ങൾ നേടുന്നതു സംബന്ധിച്ച അവബോധം ഉണ്ടാകുന്നുണ്ട് എന്നത് ഒരു പ്രധാന കാര്യമാണ്.

അയൽക്കൂട്ടങ്ങൾ, ജെ.എൽ.ജി. ഗ്രൂപ്പുകൾ, തൊഴിൽ ഗ്രൂപ്പുകൾ, പാട്ടകൃഷി ഗ്രൂപ്പുകൾ, ലിങ്കേജ് വായ്പ എടുത്ത ഗ്രൂപ്പുകൾ എന്നിവ എല്ലാം ചേർത്ത് കുടുംബശ്രീ പ്രവർത്തനങ്ങളെ സജീവമാക്കുന്നു. സ്ത്രീ ശാക്തീകരണത്തിൽ ഇവ മുഖ്യ പങ്ക് വഹിക്കുന്നു എന്ന് ഉറപ്പിച്ച് പറയാനാവും.

ലിംഗവിവേചനം ഇല്ലാതാക്കുന്ന പ്രവർത്തനങ്ങളുടെ ഭാഗമായി പഞ്ചായത്ത് തലത്തിലും വാർഡ് തലത്തിലും ജാഗ്രതാസമിതികൾ രൂപീകരിച്ചു പ്രവർത്തിക്കുന്നുണ്ട്. ജെൻഡർ റിസോഴ്സ് സെൻററും പ്രവർത്തിക്കുന്നു.

സ്ത്രീ ശാക്തീകരണ പ്രവർത്തനങ്ങളുടെ നിരവധി ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചിട്ടുണ്ട്. ഇ രംഗത്തുള്ള പ്രവർത്തനങ്ങൾക്ക് ആവശ്യമായ

മാർഗ്ഗദർശനം നല്കാൻ ഒരു കമ്യൂണിറ്റി കൌൺസിലറും നിയമിക്കപ്പെട്ടിട്ടുണ്ട്. സ്ത്രീകൾ നേരിടുന്ന ലിംഗപരമായ വിവേചനം അവസാനിപ്പിക്കാൻ ഇനിയും ഒട്ടേറെ പ്രവർത്തനങ്ങൾ നടത്തപ്പെടേണ്ടതുണ്ട്. ജോലിഭാരം, വേതനത്തിലുള്ള വ്യത്യാസം എന്നിവ ഇപ്പോഴും പ്രശ്നങ്ങളായി അവശേഷിക്കുന്നു. ജാഗ്രതാസമിതികളുടെ പ്രവർത്തനങ്ങൾ വേണ്ടത്ര സജീവമല്ലാത്തതും പ്രയാസം സൃഷ്ടിക്കുന്നു. ജോലി ചെയ്യുന്ന സ്ത്രീകളുടെ എണ്ണം വർദ്ധിപ്പിച്ചിട്ടുണ്ടെങ്കിലും സ്വകാര്യമേഖലയിൽ സ്ത്രീകൾക്ക് ന്യായമായ വേതനം ലഭിക്കുന്നില്ല എന്നത് ഒരു പ്രധാന പ്രശ്നമായി നിലനിൽക്കുന്നു. ജില്ലാ പഞ്ചായത്തിൻറെ സംയുക്ത പദ്ധതിയായ സ്ത്രീപദവി പഠനം പദ്ധതിയിലൂടെ സ്ത്രീകളുടെ നിലവിലുള്ള അവസ്ഥയെ കുറിച്ച് പഠനം നടത്തുന്നതിനും അതിലൂടെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിനും പ്രയത്നിച്ചിട്ടുണ്ട്.

കുട്ടികളുടെ വികസനത്തിനായും വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. അംഗൻവാടികളിൽ പോഷകാഹാരവിതരണം, ബാലസഭാംഗങ്ങൾക്ക് ഫുട്ബോൾ വിതരണം, അംഗൻവാടികളിൽ കളികോപ്പുകൾ, ഫർണിച്ചർ എന്നിവ നൽകൽ, അംഗൻവാടികളിൽ ശിശുസൗഹൃദപെയ്ന്റിംഗ് നടത്തൽ എന്നീ പരിപാടികളും വിവധ പദ്ധതികളിലായി നടപ്പാക്കിയിട്ടുണ്ട്. അംഗൻവാടികളിലെ വർക്കർമാർക്കും ഹെൽപ്പർമാർക്കും പ്രോത്സാഹനത്തുക നൽകിയതും ഇതോടൊപ്പം പ്രസ്താവ്യമാണ്. പഞ്ചായത്തിലെ ഇളംതലമുറയുടെ പുരോഗതിക്കും വികസനത്തിനും അനുയോജ്യമായ വിവിധ പ്രവർത്തനങ്ങൾ യഥാവസരത്തിൽ നടപ്പാക്കാൻ പഞ്ചായത്ത് ശ്രദ്ധിച്ചിട്ടുണ്ട്. എന്നാൽ ഈ രംഗത്തും പൂർണ്ണത അവകാശപ്പെടാൻ കഴിയുന്നില്ല.

## പട്ടികജാതി വികസനം

നിലവിൽ പട്ടികജാതി വിഭാഗത്തിൽ 312 കുടുംബങ്ങളിലായി 1207 പേരുണ്ടെങ്കിലും പട്ടികവർഗ്ഗ വിഭാഗത്തിൽ ഉൾപ്പെടുന്നവരായി പഞ്ചായത്തിൽ ആരും തന്നെ ഇല്ല. പഞ്ചായത്ത് പരിധിയിൽ ആകെയുള്ള ജനസംഖ്യയുടെ 7%ത്തോളം പട്ടികജാതിക്കാരായി ഉണ്ടെങ്കിലും ഒരു ശതമാനം മുതൽ 17 % വരെയായി വ്യത്യസ്ത അനുപാതത്തിലാണ് ഓരോ വാർഡിലും ഉള്ളത് എന്നതും ഇവിടെ കാണാവുന്നതാണ്. ആയതിൽ 588 പുരുഷൻമാരും 619 സ്ത്രീകളും 14 വയസ്സ് വരെയുള്ള 191 കുട്ടികളുമുണ്ട്. 6 അംഗീകൃത പട്ടികജാതി കോളനികളിലാണ് ഭൂരിഭാഗം പേരും താമസിക്കുന്നത്. പഞ്ചായത്തിൽ പുലയൻ,

മലയൻ, വണ്ണാൻ, വള്ളുവൻ എന്നീ വിഭാഗത്തിൽപ്പെട്ടവരും ആദി ദ്രാവിഡ വിഭാഗത്തിൽപ്പെടുന്ന ഒരു കുടുംബവും താമസിച്ചുവരുന്നു. ഭൂരിഭാഗ പട്ടിക ജാതിക്കാരും ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരും കാർഷിക മേഖലയിൽ പണിയെടുത്ത് ജീവിച്ച് വരുന്നവരുമാണ്. മത്സ്യ മേഖല, കൺസ്ട്രക്ഷൻ മേഖല എന്നിവയിൽ പണിയെടുക്കുന്നവരും ഉണ്ട്. പട്ടികജാതിക്കാർ താമസിക്കുന്ന പ്രദേശങ്ങളിൽ അനുഭവപ്പെട്ടിരുന്ന കുടിവെള്ളക്ഷാമത്തിന് ജലജീവൻ മിഷൻ പദ്ധതി പ്രകാരം പരിഹാരം കാണുന്നതിന് പഞ്ചായത്തിന് സാധിച്ചിട്ടുണ്ട്.

## നടപ്പിലാക്കിയ പദ്ധതികൾ

സാമൂഹ്യ നീതി ഉറപ്പാക്കുക എന്നതാണ് പതിനാലാം പഞ്ചവൽസരപദ്ധതിയുടെ മഹത്തായ ലക്ഷ്യങ്ങളിൽ ഒന്ന്. അത് പ്രാവർത്തികമാക്കുന്ന ഒട്ടേറെ പദ്ധതികൾ മുൻ പഞ്ചവത്സരപദ്ധതികളിൽ ഉള്പ്പെടുത്തി നടപ്പിലാക്കുവാൻ സാധിച്ചിട്ടുണ്ട്. ലൈഫ് മിഷനിൽ ഉൾപ്പെടുത്തിയ ഭവന പദ്ധതികൾ, ഭവന പുനരുദ്ധാരണ പദ്ധതി, വീട് വാസയോഗ്യമാക്കൽ, ഗാർഹിക കുടിവെള്ള കണക്ഷൻ, വിവാഹ ധനസഹായം, വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം, ലാപ്ടോപ്പ്, പഠനമുറി നിർമ്മാണം, മെറിറ്റോറിയസ് സ്കോളർഷിപ്പ് അനുവദിക്കൽ, പട്ടിക ജാതി സങ്കേതങ്ങളിൽ എൽ.ഇ.ഡി, ഒന്നാം ക്ലാസ്സിൽ പഠിക്കുന്ന വിദ്യാർത്ഥിക്ക് ഫർണ്ണിച്ചർ, കിണർ റീചാർജ്ജിംഗ്, വനിതകൾക്ക് സ്വയം തൊഴിൽ (ഗ്രൂപ്പ്) കണ്ടെത്തുന്ന പദ്ധതികൾ, ശ്മശാന സംരക്ഷണം എന്നിവ നടപ്പിലാക്കിയ പ്രധാന പ്രവർത്തനങ്ങളാണ്.

## പ്രശ്നങ്ങളും വെല്ലുവിളികളും

അനുയോയോജ്യമായ പദ്ധതി നിർദ്ദേശങ്ങളുടെ അപര്യാപ്തതയും യോജ്യമായ പദ്ധതി നിർദ്ദേശങ്ങളും വേണ്ടവിധത്തിൽ നടപ്പിലാക്കാൻ സാധിക്കാത്തതും ഒരു പ്രശ്നമായി നിലനിൽക്കുന്നു. ഭൂരിപക്ഷം പട്ടികജാതിക്കാരും ഇന്നും ദാരിദ്ര്യരേഖക്ക് താഴെയുള്ളവരാണ്. ഭൂരഹിത ഭവനരഹിതരായ കുറേപേർ കൂട്ട് കുടുംബത്തിൽ താമസിച്ച് വരുന്നുണ്ട്. ഈ മേഖലയിൽ വിവിധ ചൂഷണങ്ങൾക്ക് വിധേയരാകുന്ന കുടുംബക്കാരുമുണ്ട്. കോളനികളിൽ അടിസ്ഥാന സൗകര്യ വികസനം ഇനിയും സാധ്യമാകാനുണ്ട്. റോഡ് കുടിവെള്ള ലഭ്യത, തെരുവ് വിളക്ക്, നടപ്പാത എന്നിവ നടപ്പിലാക്കേണ്ടതുണ്ട്. വിദ്യാഭ്യാസ മേഖലയിൽ ഒരു പരിധിക്ക് മുകളിലേക്ക് കടന്ന് ചെല്ലാൻ പറ്റാത്ത വിദ്യാർത്ഥികളാണ് ഭൂരിഭാഗവും. വിവിധ വിദ്യാഭ്യാസ പദ്ധതികളുടെ അറിവില്ലായ്മ

ഇതിന് കാരണമാകുന്നുണ്ട്. പലപ്പോഴും പദ്ധതികൾ/ധനസഹായങ്ങൾ സംബന്ധിച്ച അറിവില്ലായ്മ ഈ മേഖലയിലെ ഒരു പ്രധാന പ്രശനമായി നിലനിൽക്കുന്നു.

## ആരോഗ്യം

ചെറുകുന്ന് ഗ്രാമപഞ്ചായത്ത് പ്രദേശത്ത് നിലവിൽ വിവിധ വൈദ്യശാസ്ത്രമേഖലകളിലായി 11 ആരോഗ്യസ്ഥാപനങ്ങൾ പ്രവർത്തിച്ചു വരുന്നു. അതിൽ 5 സർക്കാർ സ്ഥാപനങ്ങളും 6 സ്വകാര്യസ്ഥാപനങ്ങളും ഉൾപ്പെടുന്നു.

| ക്രമ നമ്പർ | പേര് / സ്ഥലം | ഫോൺ | ബെഡ് | വിഭാഗം |
|---|---|---|---|---|
| 1. | പ്രൈമറിഹെൽത്ത്സെന്റർ, പുന്നച്ചേരി | 049728634550 | 0 | അലോപ്പതി |
| 2. | ഗവ. ആയുർവ്വേദഡിസ്പെൻസറി, താവം | 04972872499 | 5 | ആയുർവ്വേദം |
| 3. | ആയുഷ്ഹോമിയോഡിസ്പെൻസറി, കുന്നനങ്ങാട് | 95266542072 | 0 | ഹോമിയോ |
| 4. | HWC ചെറുകുന്ന്, കൊവ്വപ്രം | | 0 | അലോപ്പതി |
| 5. | HWC MC ചെറുകുന്ന്, കവിണിശ്ശേരി | | 0 | അലോപ്പതി |
| 6. | സെന്റ്മാർട്ടിൻഡിപോറസ്സ്ഹോസ്പിറ്റൽ ചെറുകുന്ന് | 04972860223 | 100 | അലോപ്പതി |
| 7. | ഫാത്തിബിക്ലിനിക് | 04972860130 | 0 | അലോപ്പതി |
| 8. | നൈനികറിഹാബ്സെന്റർ,, കൊവ്വപ്രം | | 0 | ഫിസിയോതെറാപ്പി ക്ലിനിക് |
| 9. | പള്ളിച്ചാൽ - ശാന്തിഹോമിയോക്ലിനിക്ഹോമിയോ | | 0 | ഹോമിയോ |
| 10. | അശ്വിൻഹോമിയോസെന്റർ | 9895083099 | 0 | ഹോമിയോ |
| 11. | ശാന്തിഹോമിയോക്ലിനിക് | 953940008 | 0 | ഹോമിയോ |

പഞ്ചായത്തിലെ ജനങ്ങളുടെ ആരോഗ്യ സംരക്ഷണത്തിൽ പഞ്ചായത്തും ആരോഗ്യ വകുപ്പ് അധികൃതരും നിതാന്ത ജാഗ്രത പുലർത്തുന്നുണ്ട്. എങ്കിലും ജനങ്ങളുടെ ഭക്ഷണശീലങ്ങളും പ്രവർത്തന രീതികളിലെ ജാഗ്രതാ കുറവും പലതരം രോഗങ്ങൾക്ക് ഇടയാക്കുന്നുണ്ടെന്നത് ഒരു യാഥാർത്ഥ്യമാണ്. പകർച്ച വ്യാധികളും

ജീവിത ശൈലി രോഗങ്ങളും തടയുന്നതിലും കുറച്ചുകൊണ്ട് വരുന്നതിലും പഞ്ചായത്ത് യുക്തമായ പ്രവർത്തനങ്ങൾ സ്വീകരിക്കാറുണ്ട്. ജലജന്യ രോഗമായ വയറിളക്കമാണ് പഞ്ചായത്തിൽ മിക്ക പ്രദേശങ്ങളിലും കണ്ടു വരുന്നത്. മഞ്ഞപ്പിത്തം, ടൈഫോയ്ഡ് എന്നിവയും ജനങ്ങളുടെ ആരോഗ്യത്തിനു ഭീഷണിയായി നിലനിൽക്കുന്നു. പഞ്ചായത്തിലെ വയോജനങ്ങളിൽ ജീവിതശൈലി രോഗങ്ങൾ വർധിച്ചു വരുന്നതായി കണ്ടുവരുന്നുണ്ട്. പ്രമേഹം, രകതസമ്മർദ്ധം എന്നിവയാണ് അവയിൽ പ്രധാനം. കൗമാരക്കാരുടെ വിളർച്ച രോഗവും ശ്രദ്ധിക്കപ്പെടേണ്ട ഒരു പ്രശ്നമാണ്.

അമ്മമാരുടെയും ശിശുക്കളുടെയും ആരോഗ്യ നിലവാരത്തിൽ തൃപ്തികരമായ അവസ്ഥയുണ്ടെന്നു പറയാം. മാതൃമരണങ്ങൾ അടുത്ത കാലത്തായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. എന്നാൽ ഒരു വയസ്സിനും അഞ്ചു വയസ്സിനും ഇടയിലുള്ള ഒരു മരണമാണ് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത്. ശിശുമരണം പൂർണ്ണമായും ഇല്ലാതാക്കാനുള്ള പ്രവർത്തനങ്ങൾ ശക്തമായി മുന്നോട്ടുകൊണ്ട്പോകണമെന്നാണ് ഇത് സൂചിപ്പിക്കുന്നത്. പഞ്ചായത്തിൽ ആത്മഹത്യകളും അപകടമരണങ്ങളും ഇല്ലാതാക്കാൻ ശക്തമായ ബോധവൽക്കരണ പ്രവർത്തങ്ങൾ കൂടിയേ തീരൂ. കൌൺസിലിംഗ്, പ്രതിരോധ പ്രവർത്തനങ്ങൾ, കുടുംബബന്ധങ്ങൾ ശക്തമാക്കൽ എന്നിവയിൽ ജാഗ്രത ആവശ്യമാണ്.

മാലിന്യസംസ്കരണം, ലഹരി വിമുക്തി സംബന്ധിച്ച ബോധവൽക്കരണം, സ്വാന്തനപരിചരണം എന്നിവയിൽ പഞ്ചായത്ത് ആവശ്യമായ ഇടപെടലുകൾ നടത്തിയിട്ടുണ്ട്. ജീവിതശൈലി രോഗങ്ങൾ, ജലജന്യരോഗങ്ങൾ, ത്വക്ക് രോഗങ്ങൾ, കൊതുക്ജന്യ രോഗങ്ങൾ, വായുജന്യരോഗങ്ങൾ, കൗമാരക്കാരിലെ പോഷണപ്രശ്നങ്ങൾ എന്നിവ സംബന്ധിച്ച് ജനങ്ങളിൽ കൂടുതൽ ബോധവൽക്കരണപ്രവർത്തങ്ങൾ ഇനിയും നടത്തേണ്ടതുണ്ട്.

## കുടിവെള്ളം, ശുചിത്വം

ജലജീവൻമിഷൻ പദ്ധതിയിലൂടെ പഞ്ചായത്തിലെ മുഴുവൻ വീടുകളിലും ശുദ്ധജലം ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പൂർത്തീകരിക്കാൻ സാധിച്ചിട്ടുണ്ട്. ജലജീവൻമിഷൻ പ്രഖ്യാപിത ലക്ഷ്യം കൈവരിക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. പുഴകളും തോടുകളും ചതുപ്പ് നിലങ്ങളും എല്ലാം ചേർന്ന് ഉപ്പ് രസമുള്ള വെള്ളമാണ് പലഭാഗങ്ങളിലും ലഭിക്കുന്നത്. നിലവിൽ

ലഭിച്ചുകൊണ്ടിരിക്കുന്ന കുടിവെള്ളം പൂർണ്ണ ശുചിത്വത്തോടെ ഉപയോഗിക്കാൻ കഴിയണം. നിലവിലെ സാമൂഹ്യ സാഹചര്യത്തിലും കാലാവസ്ഥാ വ്യതിയാനത്തിലും ഉണ്ടായിക്കൊണ്ടിരിക്കുന്ന പുതിയ പകർച്ചാ വ്യാതികളും പഴയതിൻറെ തിരിച്ചുവരവും ഒരു ഭീഷണിയായി മാറിയിട്ടുണ്ട്. മഴവെള്ളം സംഭരിച്ച് കിണർ റീചാർജ്ജ് ചെയ്യുന്നതിനുള്ള സംവിധാനം വ്യാപിപ്പിക്കണം. പഞ്ചായത്തിൽ 1533 കുടുംബങ്ങൾ സ്വന്തം കിണറിൽ നിന്നാണ് കുടിവെള്ളമെടുക്കുന്നതെങ്കിലും ഉപ്പുവെള്ളം കയറുന്ന സമയങ്ങളിൽ ശുദ്ധജലത്തിനായി പഞ്ചായത്തിലെ പകുതിയിലധികം കുടുംബങ്ങളും ജപ്പാൻ കുടിവെള്ള പദ്ധതിയുടേയോ ജലജീവൻ മിഷന്റെയോ വാട്ടർ അതോറിറ്റിയുടേയോ പൈപ്പ് വെള്ളത്തെ ആശ്രയിക്കുന്നുണ്ട്. ശുദ്ധജല ശുചീകരണത്തിന്റെ ഭാഗമായി കൊവ്വപ്പുറം ബസ്സ് സ്റ്റോപ്പ് പൊതുകുളം സംരക്ഷണം, പള്ളിക്കര സാംസ്കാരിക നിലയത്തിലെ പൊതുകിണർ അറ്റകുറ്റപ്പണി എന്നീ പ്രവർത്തികൾ 2024-25 പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

മൂന്നു ഭാഗവും വെള്ളത്താൽ ചുറ്റപ്പെട്ടു കിടക്കുന്ന ചെറുകുന്ന് ഗ്രാമ പഞ്ചയത്ത് കണ്ണൂർ ജില്ലയിൽ രൂക്ഷമായ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്ന പ്രദേശമാണ്. പഞ്ചായത്തിലെ മുഴുവൻ വാർഡുകളിലും ഏറിയോ കുറഞ്ഞോ ഉപ്പുവെള്ളമുണ്ട്. പഞ്ചായത്തിലെ 90% വീടുകളിലും സ്വന്തമായി കിണർ ഉണ്ട്. എന്നാൽ നല്ലൊരു ശതമാനം കിണറുകളിലും ഉപ്പ കലർന്ന വെള്ളമാണ്. 1967 ഡിസംബർ മാസം പഞ്ചായത്തിലെ താഴ്ന്ന പ്രദേശങ്ങളിലേക്ക് ഉപ്പുവെള്ളം കയറുകയുണ്ടായി. അതുവരെ ശുദ്ധജലമുണ്ടായിരുന്ന കിണറുകളിലടക്കം പിന്നീട് ഉപ്പുവെള്ളമായി മാറുകയുണ്ടായി. എന്നാൽ ഇരുപതു വർഷത്തിനുശേഷം ഈ മേഖലയിൽ വലിയ പുരോഗതി നമുക്ക് ദർശിക്കാം. ജപ്പാൻകുടിവെള്ള പദ്ധതി നടപ്പിലാക്കി വന്നതോടെയാണ് പഞ്ചായത്തിലെ കുടിവെള്ളക്ഷാമത്തിന് വലിയ തോതിൽ പരിഹാരമായത്. പദ്ധതിയുടെ ഭാഗമായി പഞ്ചായത്തിൻറെ പൂർണ്ണമായ സഹകരണത്തോടെ ഗാർഹിക കണക്ഷൻ വ്യാപകമായി നൽകുകയുണ്ടായി. പഞ്ചായത്തിലെ 13 വാർഡുകളിലും നിലവിൽ ജലജീവൻ കുടിവെള്ള പദ്ധതിയുടെ ഭാഗമായുള്ള കുടിവെള്ള വിതരണം നടന്നുവരുന്നുണ്ട്. കൂടാതെ കടുത്ത കുടിവെള്ള ക്ഷാമം നേരിടുന്ന മാസങ്ങളിൽ പഞ്ചായത്തിൻറെ നേതൃത്വത്തിൽ ടാങ്കർ ലോറികളിൽ കുടിവെള്ളം വിതരണം ചെയ്യാറുണ്ട്.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ പദ്ധതിയുടെ കീഴിൽ സംസ്ഥാനത്ത് നടപ്പിലാക്കുന്ന സമ്പൂർണ്ണ കിണർ റീച്ചാർജ്ജ് പദ്ധതി

നടപ്പിലാക്കി വരുന്നുണ്ട്. പദ്ധതി പൂർണ്ണതോതിൽ നടപ്പിലാകുന്നതോടെ മഴ വെള്ളം കുടിവെള്ളത്തിനായി സംരക്ഷിച്ച് നിർത്താൻ നമുക്ക് സാധിക്കും. ഇതിനായി വലിയതോതിൽ ജനങ്ങളുടെ സഹകരണം ആവശ്യമാണ്.

ശുചിത്വസംരക്ഷണത്തിൽ മുൻപ് പഞ്ചായത്തിനു തൃപ്തികരമായ നില കൈവരിക്കാൻ സാധിച്ചിരുന്നില്ല. പരിസരശുചിത്വം, സ്ഥാപനശുചിത്വം, സാമൂഹ്യശുചിത്വം എന്നിവയിൽ ജനങ്ങൾ വേണ്ടത്ര ശ്രദ്ധ പതിപ്പിച്ചിരുന്നില്ല. വ്യക്തിശുചിത്വം മാത്രം മതി എന്നൊരു സമീപനമായിരുന്നു മിക്കവരെയും നയിച്ചത്. എന്നാൽ ഇക്കഴിഞ്ഞ വിവിധ പദ്ധതിപ്രവർത്തനങ്ങളിലൂടെ ശുചിത്വ സംരക്ഷണ പ്രവർത്തനങ്ങളിൽ കാര്യമായ മുന്നേറ്റമുണ്ടാക്കാൻ സാധിച്ചു.

പ്രചാരണ പ്രവർത്തനങ്ങളിലൂടെ മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങളുടെ ആവശ്യകത ജനങ്ങളെ ബോദ്ധ്യപ്പെടുത്താൻ കഴിഞ്ഞു. വ്യാപാരി-വ്യവസായി സംഘങ്ങൾ ശ്രമിച്ചതുവഴി പ്ലാസ്റ്റിക് ബേഗുകളുടെ എണ്ണം ഒരു പരിധിവരെ കുറയ്ക്കാൻ സാധിച്ചിരുന്നു. തുണി സഞ്ചികളുടെയും കടലാസ്സ് പേക്കറ്റുകളുടെ നിർമ്മാണം, വിതരണം എന്നിവയിലൂടെ ഈ മേഖലയിൽ ഒരു പുതിയ അവബോധം സൃഷ്ട്ടിക്കാനായി. കടകളിലേക്ക് പോകുമ്പോൾ തുണിസഞ്ചിയും കൈയിൽ കരുതണം എന്ന മനോഭാവം സൃഷ്ട്ടിക്കാൻ ബോധവൽക്കരണ പ്രവർത്തനങ്ങൾ ഒരു പരിധിവരെ സഹായകമായി. പ്ലാസ്റ്റിക്, ഡിസ്പോസിബിൾ മുക്ത പഞ്ചായത്തായി ഇതിനകം നമ്മുടെ പഞ്ചായത്ത് പ്രഖ്യാപിക്കപ്പെട്ടിട്ടുണ്ട്. തുറന്ന സ്ഥലങ്ങളിൽ മലവിസർജ്ജനം നടത്തുന്ന പഞ്ചായത്തിൽ നിന്ന് വേറിട്ട വഴി സ്വീകരിച്ച് വെളിയിടങ്ങളിൽ വിസർജ്ജന മുക്ത പഞ്ചായത്തായി നമ്മുടെ പഞ്ചായത്തും പ്രഖ്യാപിക്കപ്പെട്ടുകഴിഞ്ഞു. പൊതുജനങ്ങൾ കൂടുതലായി ഒത്തു ചേരുന്ന ഉത്സവസ്ഥലങ്ങൾ, ചന്തകൾ എന്നിവിടങ്ങളിൽ ഗ്രീൻപ്രോട്ടോക്കോൾ പാലിക്കാൻ പഞ്ചായത്ത് ബന്ധപ്പെട്ടവർക്ക് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. പൊതുജനങ്ങളുടെ സമ്പൂർണ്ണ സഹായസഹകരണങ്ങൾ ലഭ്യമായാൽ ശുചിത്വസംരക്ഷണമേഖലയിൽ നമുക്ക് ശ്രദ്ധേയങ്ങളായ മുന്നേറ്റം ആർജ്ജിക്കാൻ സാധിക്കുമെന്ന കാര്യത്തിൽ സംശയമില്ല.

## വിദ്യാഭ്യാസം, കലയും സംസ്കാരവും, യുവജനകാര്യം

ചെറുകുന്ന് ഗ്രാമപഞ്ചായത്തിൽ ഒരു ഗവ: എൽ.പി. സ്കൂളും ഒരു ഗവ:ഹയർസെക്കൻഡറി സ്കൂളും പ്രവർത്തിക്കുന്നു. എയിഡഡ് മേഖലയിൽ ഒരു യു.പി. സ്കൂൾ , 5 എൽ.പി. സ്കൂളുകൾ എന്നിവയുമുണ്ട്. അൺഎയിഡഡ് മേഖലയിൽ

മൂന്ന് വിദ്യാലയങ്ങൾ പ്രവർത്തിക്കുന്നു. ഗവ: എയിഡഡ് മേഖലകളിലും അൺഎയിഡഡ് മേഖലകളിലും പ്രവർത്തിച്ചു വരുന്ന വിദ്യാലയങ്ങളിലെല്ലാം വൈദ്യുതി, അടുക്കള സൗകര്യം, ഇന്റർനെറ്റ് സൗകര്യം എന്നിവ ലഭ്യമാണ്.

പഞ്ചായത്തിലെ ഏക ഗവ: എൽ.പി.സ്കൂളിന്റെ വികസനത്തിന് വിവിധ പദ്ധതികളിലായി പഞ്ചായത്ത് നല്ല പരിഗണനയും പ്രാമുഖ്യവും നൽകിയിട്ടുണ്ട്. പഞ്ചായത്തിലെ പൊതുവിദ്യാലയങ്ങൾക്കു പത്രങ്ങളും ആനുകാലിക പ്രസിദ്ധീകരണങ്ങളും ലൈബ്രറി പുസ്തകങ്ങളും കളി ഉപകരണങ്ങളും സ്റ്റീൽ അലമാരകളും നൽകാൻ പഞ്ചായത്തിനു കഴിഞ്ഞിട്ടുണ്ട്.

കല, സംസ്കാരം, കായികം, യുവജനക്ഷേമം എന്നിവയുടെ മേഖലയിലും പഞ്ചായത്ത് വിവിധ പദ്ധതികൾ വഴി നടത്തിയ പ്രവർത്തനങ്ങൾ ശ്രദ്ധേയങ്ങളാണ്. സംസ്ഥാന യുവജനക്ഷേമ ബോർഡിൻറെ സഹകരണത്തോടെ നടത്തിയ കേരളോൽസവം പഞ്ചായത്തിലെ യുവജനങ്ങളുടെ സർഗ്ഗാത്മകപ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കാൻ ഒരു പരിധി വരെ സഹായകമായിട്ടുണ്ട്. പഞ്ചായത്തിന്റെ മിനിസ്റ്റേഡിയത്തിൽ വിവിധ ക്ലബ്ബുകൾ ഫുട്ബോൾ മത്സരങ്ങളും കായിക പരിശീലനങ്ങളും നടത്താറുണ്ട്. വിവിധ സ്പോർട്സ് ക്ലബ്ബുകൾക്ക് പഞ്ചായത്ത് ആവശ്യമായ പ്രോത്സാഹനങ്ങളും നൽകിയിട്ടുണ്ട്. പഞ്ചായത്തിലെ വിവിധ വായനശാലകൾ, ഗ്രന്ഥാലയങ്ങൾ, ആർട്സ് ക്ലബ്ബുകൾ , സാംസ്കാരികനിലയങ്ങൾ എന്നിവയുടെ പ്രവർത്തനങ്ങൾ ശക്തമാക്കാൻ ഫർണിച്ചറുകളും ഷെൽഫും വിതരണം ചെയ്തിട്ടുണ്ട്.

## പൊതുമരാമത്ത്

ഇരുപത്തിയഞ്ച് വർഷം മുൻപ് ഗതാഗതം, ഊർജ്ജം, വൈദ്യുതി എന്നീ മേഖലകളിലുണ്ടായിരുന്ന അവസ്ഥയിൽനിന്നു മാറി ചെറുകുന്ന് കാര്യമായ വികസനം നേടിക്കഴിഞ്ഞു. ജനങ്ങൾക്ക് പൊതുവിൽ സംതൃപ്തിയും സമാധാനവും നൽകുന്ന സ്ഥിതിയിലെത്തി. മിക്ക വാർഡുകളിലും നല്ല റോഡുകൾ ഉണ്ടായിക്കഴിഞ്ഞു. അവ എല്ലാം ടാർ റോഡുകളാണ്. പഞ്ചായത്തിലെ എല്ലാ പ്രദേശങ്ങളിലും വാഹന ഗതാഗതം സാദ്ധ്യമാവുന്ന മികച്ച റോഡുകളായി അവയെ ഉയർത്താൻ സാധിച്ചിട്ടുണ്ട്.

വൈദ്യുതി ഇല്ലാത്ത വീടുകൾ ഇന്നില്ല . മുൻപ് ട്രാൻസ്ഫോർമറുകൾ പരിമിതമായിരുന്നു. ഇന്ന് ട്രാൻസ്ഫോർമറുകളുടെ എണ്ണം കൂടി. ജനങ്ങളുടെ വർദ്ധിച്ചു വരുന്ന വൈദ്യുതി ആവശ്യങ്ങൾ നിറവേറ്റാൻ ആവശ്യമായ വോൾട്ടേജ്

സൗകര്യം എല്ലായിടത്തും പൂർണ്ണമായും ലഭ്യമല്ലെങ്കിൽ തെരുവുവിളക്കുകളുടെ കാര്യത്തിൽ ഉണ്ടായ വർദ്ധനവ് പ്രത്യേകം പ്രസ്താവ്യമാണ്. കലുങ്കുകൾ, പാലങ്ങൾ, പൊതുകെട്ടിടങ്ങൾ, ജലസേചനപദ്ധതികൾ, സാംസ്കാരികനിലയങ്ങൾ, പൊതുസ്ഥാപനങ്ങളുടെ കോമ്പോഡുകൾ, നടപ്പാതകൾ എന്നിവയുടെ കാര്യത്തിലും പഞ്ചായത്ത് വമ്പിച്ച മുന്നേറ്റമുണ്ടാക്കിയിട്ടുണ്ട്.

ഇരുപത്തിയഞ്ച് വർഷം മുൻപ് മരാമത്ത് മേഖലയിൽ ജനങ്ങൾക്ക പരിമിതമായ സൗകര്യങ്ങളെ ഉണ്ടായിരുന്നുള്ളു. എന്നാൽ ഇപ്പോഴാകട്ടെ വർദ്ധിച്ച ആവേശത്തോടെ ജനങ്ങൾ ഈ മേഖലയിലെ സൗകര്യങ്ങളെ സ്വാഗതം ചെയ്യുകയാണ്. ഒപ്പം പുത്തൻ ആവശ്യങ്ങൾ ഉയർത്തിപൊതുജനക്ഷേമം ഉറപ്പാക്കാനുള്ള ശ്രമങ്ങളിലുമാണ്. ഗതാഗതം, ഊർജ്ജം, കെട്ടിടങ്ങൾ, കലുങ്കുകൾ, പാളങ്ങൾ, ജലസേചന പദ്ധതികൾ, നടപ്പാതകൾ, റോഡുകൾ എന്നിവയുമായി ബന്ധപ്പെട്ട പഞ്ചായത്ത് വിവിധ പദ്ധതികളിലായി ഒട്ടേറെ പ്രവർത്തനങ്ങൾ ആവിഷ്കരിച്ച നടപ്പാക്കിയിട്ടുണ്ട്. പശ്ചാത്തലമേഖലയിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്താനും വിപുലമാക്കാനും പഞ്ചായത്ത് നല്ല പരിഗണന നൽകിയിട്ടുണ്ട്. മുൻഗണനാടിസ്ഥാനത്തിൽ പഞ്ചായത്തിലെ വിവിധ റോഡുകൾ ജനങ്ങളുടെ ആവശ്യങ്ങൾക്കും അഭിലാഷങ്ങൾക്കും അനുസരിച്ച് നവീകരിക്കാൻ പഞ്ചായത്ത് ശ്രദ്ധിച്ചിട്ടുണ്ട്.

## അടിസ്ഥാന സൗകര്യം

നാടിൻറെ സാമൂഹ്യ വളർച്ചയിൽ ഗതാഗത സംവിധാനത്തിന് സുപ്രധാനമായ പങ്ക് വഹിക്കാനുണ്ട് എന്നുള്ളതുകൊണ്ടുതന്നെ പഞ്ചായത്തിലെ റോഡുകളുടെ വികസനത്തിന് ലഭ്യമായ ഫണ്ടുപയോഗിച്ചും മുൻഗണനാക്രമത്തിലും കാര്യമായ പ്രവർത്തനങ്ങൾ നടത്താൻ കഴിഞ്ഞ പദ്ധതിക്കാലത്ത് സാധിച്ചിട്ടുണ്ട്. നിലവിലുള്ള മെറ്റൽ റോഡുകളും മൺറോഡുകളും ടാറിംഗ് നടത്തി പൂർണ്ണമായും ഗതാഗതയോഗ്യമാക്കി മാറ്റേണ്ടതും നിലവിലുള്ള റോഡുകളിൽ ഭൂരിഭാഗവും ആവശ്യമായ വീതിയില്ലാത്തതിനാലും ജലനിർഗമന സൗകര്യങ്ങൾ ഏർപ്പെടുത്താത്തതിനാലും മഴക്കാലത്ത് വെള്ളം റോഡിൽ കെട്ടിക്കിടക്കുകയും റോഡിന് ഭീഷണിയായിത്തീരുകയും ചെയ്യുന്നു. കൈമാറിക്കിട്ടിയ സ്ഥാപനങ്ങളായ 4 അംഗൻവാടികൾക്കും ഐ സി ഡി പി

സബ് സെൻററിനും സ്വന്തമായി കെട്ടിടമില്ല എന്നത് പരിഹരിക്കുന്നതിന് 2024-25 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി തുക വകയിരുത്തിയിട്ടുണ്ട്.

## ജൈവവൈവിദ്ധ്യ മാനേജ്മെന്റ്

പഞ്ചായത്തിലെ ജൈവവൈവിദ്ധ്യങ്ങൾ സംരക്ഷിക്കാനും പരിസ്ഥിതി സംരക്ഷിക്കാനും മുൻപ് കാര്യമായ പ്രവർത്തനങ്ങളൊന്നുമുണ്ടായിരുന്നില്ല. അതുകൊണ്ട് തന്നെ പരിസ്ഥിതിനാശങ്ങൾ പ്രകടമായിരുന്നില്ല. പരിസ്ഥിതിയെ പ്രത്യക്ഷമായും പരോക്ഷമായും സംരക്ഷിക്കുന്ന സമീപനം ജനങ്ങളിലുണ്ടായിരുന്നു.

ഇന്ന് ആളുകളുടെ ശീലങ്ങളിലും മനോഭാവങ്ങളിലും കാര്യമായ മാറ്റം വന്നതോടെ പ്രകൃതി സംരക്ഷണത്തിൽ ഉള്ള താൽപര്യം കുറഞ്ഞുവരാനിടയായി. വയലുകൾ, കുന്നുകൾ, കുളങ്ങൾ, തണ്ണീർത്തടങ്ങൾ എന്നിവ നികത്താനും നശിപ്പിക്കാനുമുള്ള പ്രവണത ശക്തമായതോടെ ജൈവവൈവിദ്ധ്യങ്ങൾ സംരക്ഷിക്കേണ്ടതാണെന്ന ബോദ്ധ്യം സമീപകാലത്ത് ജനങ്ങൾക്കുണ്ടായി. കാലാവസ്ഥാവ്യതിയാനം, ഉരുൾപൊട്ടൽ, മണ്ണൊലിപ്പ് എന്നിവയെ പ്രതിരോധിക്കാൻ ജൈവവൈവിദ്ധ്യസംരക്ഷണവും പരിസ്ഥിതിസംരക്ഷണവും അനിവാര്യമാണെന്ന ബോധം ജനങ്ങൾക്കുണ്ടായിട്ടുണ്ട്. ഈ ബോധ്യത്തിന്റെ അടിസ്ഥാനത്തിൽ കുന്നുകൾ ഇടിക്കുന്നത് തടയാനും വയലുകൾ നികത്തുന്നത് പ്രതിരോധിക്കാനും പഞ്ചായത്ത് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. തോടുകൾ സംരക്ഷിക്കാനും അവയിലൂടെ തെളിനീരൊഴുകാനും തെളിനീരൊഴുകും നവകേരളം പദ്ധതിയിലൂടെ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്.

2018 ഓഗസ്റ്റ് മാസം കേരളം ഇതുവരെ കണ്ടിട്ടില്ലാത്ത മഹാപ്രളയത്തിന് സാക്ഷ്യം വഹിച്ച സാഹചര്യത്തിലും, കൊടിയ വരൾച്ച, മഴക്കെടുതി, ഉരുൾപൊട്ടൽ, കടലാക്രമണം തുടങ്ങിയ പ്രകൃതി ദുരന്തങ്ങൾ ആവർത്തിക്കുന്നതിനുള്ള സാധ്യത കണക്കിലെടുത്തും ദുരന്ത നിവാരണ പ്രവർത്തനങ്ങൾ സമഗ്രമായും, കാര്യക്ഷമമായും ആസൂത്രണം ചെയ്യുന്നതിനും, ദുരന്തങ്ങൾ ഉണ്ടാകുന്നതിന് സാധ്യതയുള്ള പ്രദേശങ്ങൾ കണ്ടെത്തി മാപ്പ് ചെയ്യുകയും ഇങ്ങനെയുള്ള ഓരോ പ്രദേശത്തിൻറെയും ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ കണക്കാക്കി തുടർപ്രവർത്തനങ്ങൾ ആവിഷ്ക്കരിക്കുന്നതിനും കൂടി വേണ്ടിയാണ് ഈ വർക്കിംഗ് ഗ്രൂപ്പ് രൂപീകരിച്ചിട്ടുള്ളത്.

കേരളത്തിൻറെ മറ്റ് ഭാഗങ്ങളിൽ പ്രളയം ദുരന്തം വിതച്ചെങ്കിലും ചെറുകുന്ന് പഞ്ചായത്തിൽ അത്തരത്തിലുള്ള നാശനഷ്ടങ്ങൾ അനുഭവിക്കേണ്ടി വന്നില്ല.

എങ്കിലും ഇത്തരത്തിലുള്ള ദുരന്തങ്ങൾ ആവർത്തിക്കാനുള്ള സാധ്യതകൾ മുൻകൂട്ടി കണ്ടുകൊണ്ട് ആയത് നിവാരണം ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് പഞ്ചായത്ത് തയ്യാറാക്കിയ ദുരന്ത നിവാരണ ആസൂത്രണ രേഖയും കൂടാതെ നേരത്തെ തന്നെ തയ്യാറാക്കിയ ജൈവവൈവിദ്ധ്യ രജിസ്റ്റർ, നീർത്തട മാസ്റ്റർ പ്ലാൻ എന്നിവയും സഹായകരമാകുമെന്ന് കരുതുന്നു. ദുരന്തകാലഘട്ടത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾനൽകിയ നേതൃത്വപരമായ പ്രവർത്തനം മാതൃകപരമാണ് രക്ഷാപ്രവർത്തനം, ദുരിതാശ്വാസ പ്രവർത്തനങ്ങൾ, താൽക്കാലിക പുനരധിവാസ പ്രവർത്തനങ്ങൾ, ശുചീകരണം തുടങ്ങിയ എല്ലാ ഘട്ടങ്ങളിലും ജനങ്ങളെയാകെ സംഘടിപ്പിച്ച് ജനജീവിതം സാധാരണഗതിയിൽ പുന:സ്ഥാപിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾവഹിച്ച നേതൃത്വപരമായ സമീപനം ഏറെ പ്രശംസയർപ്പിക്കപ്പെട്ട ഒരു സംഗതിയാണ്. പ്രാദേശിക വികസനത്തിനായി കഴിഞ്ഞ 20 വർഷങ്ങൾകൊണ്ട് സൃഷ്ടിച്ച പൊതു ആസ്തികൾപലതും ദുരന്തങ്ങൾവഴി നഷ്ടപ്പെട്ടിട്ടുണ്ട്. അത് തിരിച്ച് പിടിക്കുന്നതിനും ദുരന്ത പ്രതിരോധ ശേഷിയുള്ള വികസനരീതി പ്രാദേശിക വികസന പരിപാടികളിൽ ഉൾചേർക്കുന്നതിനും കഴിയുന്ന തരത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വികസനാസൂത്രണത്തെ രൂപപ്പെടുത്തേണ്ടതുണ്ട്. ഇതിൽ കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രാദേശിക - ആസൂത്രണ വികസനത്തിലെ അനുഭവ സമ്പത്ത് സഹായകരമാണെന്ന് പൊതുവെ വിലയിരുത്തപ്പെട്ടതാണ്.

കാലാവസ്ഥാ വ്യതിയാനവും പ്രകൃതി വിഭവ വിനിയോഗത്തിലെ അശാസ്ത്രീയതകളും കൂട്ടിച്ചേർത്താണ് ഈ ദുരന്ത സാഹചര്യങ്ങളിലേക്ക് നമ്മെകൊണ്ടെത്തിച്ചതെന്ന സത്യം നമ്മൾമനസ്സിലാക്കണം. നിലവിലെ വികസന രീതികളും ശീലങ്ങളും നിയമാവലികളും പുനർവിചിന്തനത്തിന് വിധേയമാക്കി പുതിയ സാഹചര്യത്തിനനുസരിച്ച് ശാസ്ത്രവും അനുഭവവും ആസൂത്രണവും ജനപങ്കാളിത്തവും ഒത്തു ചേരുന്ന പ്രവർത്തന രീതി സ്വീകരിക്കേണ്ടതുണ്ട്.

ചെറുകുന്ന് ഗ്രാമപഞ്ചായത്തിന്റെ ജൈവവൈവിധ്യ രജിസ്റ്റർ 04.11.2025 ന തീയ്യതിയിൽ പ്രസിദ്ധീകരിച്ചു.

# അദ്ധ്യായം - 2

## പതിമൂന്നാം പഞ്ചവത്സരപദ്ധതി അവലോകനം

### വാർഷിക പദ്ധതി 2017-18 അവലോകനം

പതിമൂന്നാം പദ്ധതിയുടെ ആദ്യവർഷമായ 2017-18 വർഷം പദ്ധതികൾ സാമ്പത്തിക വർഷാരംഭത്തിൽ തന്നെ തുടങ്ങുക എന്ന ഗവൺമെൻറ് നിർദ്ദേശപ്രകാരം 2017 ഏപ്രിൽ മാസത്തിൽ തന്നെ പ്രോജക്റ്റുകൾക്ക് അംഗീകാരം ലഭ്യമാക്കുന്നതിനുള്ള നടപടികൾ ചെറുകുന്ന് ഗ്രാമ പഞ്ചായത്ത് ആരംഭിച്ചിരുന്നു. ജില്ലയിൽ ആദ്യമായി പ്രോജക്റ്റ് അംഗീകാരം നേടുന്നതിന് സാധിച്ച ചെറുകുന്ന് ഗ്രാമപഞ്ചായത്തിന് ടെണ്ടർ ക്ഷണിക്കേണ്ട പ്രവൃത്തികൾ ജൂലൈ മാസം തന്നെ നിർവഹണം നടത്താൻ സാധിച്ചിരുന്നു. 17 സ്പിൽ ഓവർ പ്രോജക്റ്റുകൾ ഉൾപ്പടെ ആകെ 92 പ്രോജക്റ്റുകൾക്കാണ് 2017-18 വർഷം ഡി.പി.സി അംഗീകാരം ലഭിച്ചിരുന്നത്. ഉത്പാദന മേഖലയിൽ 22,37,375 രൂപ പദ്ധതി വിഹിതവും (അടങ്കൽ 43,19,250 രൂപ ), സേവന മേഖലയിൽ 52,14,875 രൂപ പദ്ധതി വിഹിതവും (അടങ്കൽ 1,08,54,959 രൂപ), പശ്ചാത്തല മേഖലയിൽ 1,82,750 രൂപ പദ്ധതി വിഹിതവും (അടങ്കൽ 1,71,05285 രൂപ ), പട്ടികജാതി മേഖലയിൽ 35,18,904 രൂപ പദ്ധതി വിഹിതവും (അടങ്കൽ 43,19,337 രൂപ ), പട്ടികവർഗ്ഗ മേഖലയിൽ 27000/- രൂപ പദ്ധതി വിഹിതം ഉൾപ്പടെ ആകെ 3,66,25,831 രൂപയുടെ പ്രൊജക്റ്റിനാണ് ഡി.പി.സി അംഗീകാരം ലഭിച്ചത്.

ഉത്പാദന മേഖലയിൽ മാത്രം 87 ശതമാനം സേവനമേഖലയിൽ 85 ശതമാനവും പട്ടികജാതി മേഖലയിൽ 85 ശതമാനം തുകയും ചെലവഴിക്കാൻ സാധിച്ചു. 2017-18 വർഷം പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കൽ സോഫ്റ്റ് വെയർ മുഖേനെ നടപ്പിലാക്കണം എന്ന നിർദ്ദേശം ഉണ്ടായത് തുടക്കത്തിൽ പ്രവൃത്തികൾക്ക് സാങ്കേതികാനുമതി ലഭിക്കുവാൻ കാലതാമസം ഉണ്ടാക്കിയിരുന്നു. പുതിയതായി നടപ്പിലാക്കിയ ജി.എസ്.ടി നിയമം കാരണവും പ്രവൃത്തികൾ ടെണ്ടർ ചെയ്യുന്നതിന് കാലതാമസം മറ്റ് ഗ്രാമ പഞ്ചായത്തുകളിൽ എന്നപോലെ ചെറുകുന്ന് ഗ്രാമ പഞ്ചായത്തിൻറെ പ്രവൃത്തികളെയും ബാധിച്ചിട്ടുണ്ട്.

ഉത്പാദനമേഖലയിൽ നെൽകൃഷിക്ക് വിത്ത്-കൂലിചെലവ് സബ്സിഡി നൽകൽ, പച്ചക്കറി തൈകൾ-വിത്ത് വിതരണം, വാഴക്കന്ന് വിതരണം, ചേന-മഞ്ഞൾ വിതരണം, ഉഴുന്ന്-പയർ വിതരണം എന്നിവ പൂർണ്ണമായും ചെലവഴിക്കാൻ സാധിച്ചിട്ടുണ്ട്. 700 കേരകർഷകർ, 2000 പച്ചക്കറികൃഷിക്കാർ, 200

നെൽകർഷകർ, 200 പയറുവർഗ്ഗ കർഷകർ എന്നിവർക്കിതുമൂലം നേട്ടമുണ്ടായി. കൃഷിഡിപ്പാർട്ടമെൻറ് സ്കീമുകൾക്ക് പുറമെയാണിത്. മൃഗസംരക്ഷണ മേഖലയിലെ മുട്ടക്കോഴി വളർത്തൽ, കന്നുകുട്ടി പരിപാലനം, ആട്ടുവളർത്തൽ, സമഗ്ര കന്നുകാലി ഇൻഷുറൻസ്, ക്ഷീര കർഷകർക്ക് പാലിന് അധികവില എന്നീ പ്രോജക്റ്റുകൾ 100 ശതമാനം തുക ചെലവഴിക്കാൻ സാധിച്ചിട്ടുണ്ട്. മത്സ്യ വികസന പദ്ധതിയായ കല്ലുമ്മക്കായ കൃഷി പ്രോജകറ്റ് മാർച്ച് മാസത്തിൽ പൂർത്തീകരിച്ചിട്ടുണ്ട്.

ശിശുവികസനം മേഖലയിൽ നടപ്പിലാക്കിയ മൂന്ന് പ്രോജക്റ്റുകളും (അംഗൻവാടി പോഷകാഹാരം, ശാരീരിക-മാനസീക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്, അംഗൻവാടി വർക്കർ-ഹെൽപർ ഓണറേറിയം എന്നിവ) മാർച്ച് മാസത്തിനകം പൂർണ്ണമായും ചെലവഴിക്കാൻ സാധിച്ചിട്ടുണ്ട് ആരോഗ്യ മേഖലയിൽ പി.എച്ച്.സി ഫാർമസി റൂം ശീതികരിച്ചതും, പാലിയേറ്റീവ് പ്രവർത്തനം നടപ്പിലാക്കുന്നതും, കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതും നടപ്പിലായിട്ടുണ്ട്. ആയുർവേദ ആശുപത്രി മരുന്ന് വാങ്ങൽ, ആയുർവേദാശുപത്രി അനുബന്ധ സൗകര്യം വർദ്ധിപ്പിക്കുന്ന പ്രവൃത്തി പൂർത്തിയായിട്ടുണ്ട്. ഹോമിയോ മരുന്ന് വാങ്ങൽ പദ്ധതി പൂർത്തിയായിട്ടുണ്ട്. ദാരിദ്ര്യ ലഘൂകരണം വർക്കിംഗ് ഗ്രൂപ്പ് മേഖലയിൽ ആശ്രയ ഭവന നിർമ്മാണം പ്രോജക്റ്റ് പൂർത്തീകരിച്ചു. വിദ്യാഭ്യാസം-കായികം-സംസ്കാരം മേഖലയിൽ അംഗീകൃത ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ്, സ്കൂളുകൾക്ക് പത്രമാസിക വിതരണം, ഗ്രന്ഥശാലകൾക്ക് പുസ്തകങ്ങൾ, എസ്.എസ്.എ പദ്ധതി എന്നിവ പൂർത്തീകരിച്ചു. ബന്ധപ്പെട്ട ക്ലാസുകളിൽ പഠിക്കുന്ന എസ് സി വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് വിതരണം, സൈക്കിൾ വിതരണം, ഫർണിച്ചർ വിതരണം എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്. രണ്ട് സാംസ്കാരിക നിലയങ്ങൾ വൈദ്യുതീകരിക്കുന്നതിനുള്ള പ്രവൃത്തി പൂർത്തീകരിച്ചു.

പൊതുഭരണം-ധനകാര്യം മേഖലയിൽ ഫ്രണ്ട് ഓഫീസിൽ ടി.വി വാങ്ങൽ, സർവർ റൂം ശീതീകരിക്കൽ, പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടർ വാങ്ങൽ, ഫ്രണ്ട് ഓഫീസിലേക്ക് കളർ പ്രിൻറർ-ഹൈസ്പീഡ് സ്കാനർ വാങ്ങൽ എന്നിവ പൂർത്തീകരിച്ചു. സ്ട്രീറ്റ് ലൈറ്റിനായി ഇലക്ട്രിക് ലൈൻ നീട്ടൽ തുക പൂർണ്ണമായും ചെലവഴിച്ചിട്ടുണ്ട്. ഐ.എസ്.ഒ സർട്ടിഫിക്കറ്റ് അംഗീകാരം നേടുന്നതിനുള്ള പ്രവൃത്തി പൂർത്തിയായിട്ടുണ്ട്. ഇതിൻറ ഭാഗമായി പഞ്ചായത്ത് ഓഫീസിൽ അനുബന്ധ സൗകര്യം വർദ്ധിപ്പിക്കുന്നതിനായി ഒരു റൂം നിർമ്മിക്കുകയും റിക്കാർഡ് റൂം നവീകരിക്കുകയും ചെയ്തു. പഞ്ചായത്ത് വാഹനം പാർക്ക് ചെയ്യുന്നതിനായി ഷെഡ് നിർമ്മിക്കുകയും ഗ്രാമ പഞ്ചായത്ത് അതിർത്തികളിൽ സ്വാഗത

ബോർഡുകൾ സ്ഥാപിക്കുകയും ചെയ്തു. വയോജനങ്ങൾക്ക് കട്ടിൽ, കുടിവെള്ള ടാങ്ക് വിതരണം, വിവാഹധന സഹായം നൽകൽ, പൈപ്പ് കണക്ഷൻ എടുത്തവർക്ക് സബ്സിഡി എന്നിവ പൂർത്തിയായിട്ടുണ്ട്.

## വാർഷിക പദ്ധതി 2018-19 അവലോകനം

പതിമൂന്നാം പദ്ധതിയുടെ രണ്ടാം വർഷമായ 2018-19 വർഷം പദ്ധതികൾസാമ്പത്തിക വർഷാരംഭത്തിൽ തന്നെ തുടങ്ങുക എന്ന ഗവൺമെൻറ് നിർദ്ദേശപ്രകാരം 2018 ഡിസംബർ മാസത്തിൽ തന്നെ പ്രോജക്റ്റുകൾക്ക് അംഗീകാരം ലഭ്യമാക്കുന്നതിനുള്ള നടപടികൾചെറുകുന്ന് ഗ്രാമ പഞ്ചായത്ത് ആരംഭിച്ചിരുന്നു. ജില്ലയിൽ ആദ്യമായി പ്രോജക്റ്റ് അംഗീകാരം നേടുന്നതിന് സാധിച്ച ചെറുകുന്ന് ഗ്രാമപഞ്ചായത്തിന് ടെണ്ടർ ക്ഷണിക്കേണ്ട പ്രവൃത്തികൾ ജൂലൈ മാസം തന്നെ നിർവഹണം നടത്താൻ സാധിച്ചിരുന്നു. 14 സ്പിൽ ഓവർ പ്രോജക്റ്റുകൾ ഉൾപ്പടെ ആകെ 108 പ്രോജക്റ്റുകൾക്കാണ് 2018-19 വർഷം ഡി.പി.സി അംഗീകാരം ലഭിച്ചിരുന്നത്.

ഉല്പാദന മേഖലയിൽ 29,20,397 രൂപ പദ്ധതി വിഹിതവും (അടങ്കൽ 57,51,704 രൂപ ), സേവന മേഖലയിൽ 59,13,509 രൂപ പദ്ധതി വിഹിതവും (അടങ്കൽ 2,06,41,760 രൂപ), പശ്ചാത്തല മേഖലയിൽ 1,42,78,821 രൂപ പദ്ധതി വിഹിതവും (അടങ്കൽ 1,52,35,074 രൂപ ), പട്ടികജാതി മേഖലയിൽ 33,18,016 രൂപ പദ്ധതി വിഹിതവും (അടങ്കൽ 41,41,358 രൂപ ), പട്ടികവർഗ്ഗ മേഖലയിൽ 89000/- രൂപ പദ്ധതി വിഹിതം ഉൾപ്പടെ ആകെ 4,58,58,896 രൂപയുടെ പ്രൊജക്റ്റിനാണ് ഡി.പി.സി അംഗീകാരം ലഭിച്ചത്.

2018-19 സാമ്പത്തിക വർഷം ലഭിച്ച മുഴുവൻ തുകയും 100% ചെലവഴിക്കാൻ സാധിച്ചിട്ടുണ്ട്. ഉത്പാദനമേഖലയിൽ നെൽകൃഷിക്ക് വിത്ത്-കൂലിചെലവ് സബ്സിഡി നൽകൽ, ഗൃഹചൈതന്യം പദ്ധതിയിൽ ഉൾപ്പെടുത്തി പച്ചക്കറി തൈകൾ-വിത്ത് വിതരണം , തരിശ് രഹിത കൈപ്പാട്, ഉഴുന്ന്-പയർ വിതരണം എന്നിവ പൂർണ്ണമായും ചെലവഴിക്കാൻ സാധിച്ചിട്ടുണ്ട്. 600 കേരകർഷകർ, 2500 പച്ചക്കറികൃഷിക്കാർ, 400 നെൽകർഷകർ, 70 പയറുവർഗ്ഗ കർഷകർ എന്നിവർക്കിതുമൂലം നേട്ടമുണ്ടായി. കൃഷി ഡിപ്പാർട്ടമെൻറ് സ്കീമുകൾക്ക് പുറമെയാണിത്. മൃഗസംരക്ഷണ മേഖലയിലെ കന്നുകുട്ടി പരിപാലനം, ആടുവളർത്തൽ, ധാതുലവണങ്ങൾ, വിര മരുന്ന്, ക്ഷീര കർഷകർക്ക് പാലിന്

അധികവില  എന്നീ പ്രോജക്റ്റുകൾ 100 ശതമാനം തുക ചെലവഴിക്കാൻ സാധിച്ചിട്ടുണ്ട്. മത്സ്യ വികസന പദ്ധതിയായ കല്ലുമ്മക്കായ കൃഷി പ്രോജകറ്റ് പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ഉത്പാദന മേഖലയിലെ തന്നെ സ്വയംതൊഴിൽ സംരംഭങ്ങൾക്ക് സഹായം (പട്ടികജാതി വനിത വ്യക്തിഗതം), സ്വയം തൊഴിലിന് ആസ്തികൾ(പട്ടിക ജാതി വനിത) എന്നീ സ്പിൽഓവർ പ്രവൃത്തികൾ പൂർണ്ണമായും ചെലവഴിക്കാൻ സാധിച്ചിട്ടുണ്ട്.

ശിശുവികസനം മേഖലയിൽ നടപ്പിലാക്കുന്ന മൂന്ന് പ്രോജക്റ്റുകളും (അംഗൻവാടി പോഷകാഹാരം, ശാരീരിക-മാനസീക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് ബാലസഭാ പ്രവർത്തനങ്ങൾക്ക് സഹായം, എന്നിവ) പൂർണ്ണമായും ചെലവഴിച്ചിട്ടുണ്ട്. വയോജനങ്ങൾക്കായി കട്ടിൽ വിതരണം, പകൽ വിശ്രമ കേന്ദ്രത്തിന് ഫർണ്ണിച്ചർ വിനോദോപാധികൾ എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്. ആരോഗ്യ മേഖലയിൽ പാലിയേറ്റീവ് പ്രവർത്തനം നടപ്പിലാക്കുന്നതും, കാൻസർ നിർണ്ണയ ക്യാമ്പ് എന്നിവ നടപ്പിലായിട്ടുണ്ട്. ആയുർവേദ ആശുപത്രി മരുന്ന് വാങ്ങൽ, ഉപകരണങ്ങൾ വാങ്ങൽ, വാട്ടർ പ്യൂരിഫെയർ, ഇൻവേർട്ടർ, കമ്പ്യൂട്ടറും പ്രിൻററും വാങ്ങൽ എന്നീ പദ്ധതികൾനടപ്പിലാക്കി. ഹോമിയോ മരുന്ന് വാങ്ങൽ, മൃഗാശുപത്രിക്ക് മരുന്ന് വാങ്ങൽ, ഉപകരണങ്ങൾ വാങ്ങൽ എന്നിവ പൂർത്തിയായിട്ടുണ്ട്. ഭവന നിർമ്മാണം ഉൾപ്പെടെ വരുന്ന ദാരിദ്ര്യലഘൂകരണ ഗ്രൂപ്പിൽ സർക്കാറിൻറെ നിർദ്ദിഷ്ട ഭവന നിർമ്മാണ പദ്ധതിയായ ലൈഫ് മിഷൻ സമ്പൂർണ്ണ ഭവന നിർമ്മാണ പദ്ധതിയിൽ (ഒന്നാം ഘട്ടം) 2018-19 വർഷത്തേക്ക് ആവശ്യമായ തുക വകയിരുത്തുകയും 10 വീടുകളുടെ നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ലൈഫ് മിഷൻ ഭവന പദ്ധതിയിൽ രണ്ടാം ഘട്ടത്തിൽ  22 വീടുകളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. 5 വർഷം കൊണ്ട് മുഴുവൻ കുടുംബങ്ങൾക്കും വീടുള്ള പഞ്ചായത്തായി മാറ്റുകയാണ് ലക്ഷ്യം. വിദ്യാഭ്യാസം-കായികം-സംസ്കാരം മേഖലയിൽ പ്രൈമറി സ്കൂളുകൾക്ക് പത്രമാസിക വിതരണം, അംഗീകൃത ഗ്രന്ഥശാലകൾക്ക് ഫർണ്ണിച്ചർ, ചെറുകുന്ന് ഗെയിം ഫെസ്റ്റ്,  ജിഎൽപിഎസ് ചെറുകുന്ന് നോർത്തിന് പഠനോപകരണങ്ങൾ സൂക്ഷിക്കാൻ ഷെൽഫ്, എസ്.എസ്.എ പദ്ധതി എന്നിവ പൂർത്തീകരിച്ചു. പട്ടികജാതി വിഭാഗത്തിൽപ്പെട്ട പ്രൊഫഷണൽ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ്, എസ്.സി വിദ്യാർത്ഥികൾക്കുള്ള ഫർണിച്ചർ വിതരണം എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്. എസ്.സി വിദ്യാർത്ഥികൾക്ക്

പഠനമുറി, ഒന്നാം ക്ലാസ്സ് ഒന്നാംതരം, സമഗ്ര തുടർ വിദ്യാഭ്യാസ പരിപാടി എന്നിവ ഭാഗീകമായി പൂർത്തീകരിച്ചിട്ടുണ്ട്.

പൊതുഭരണം-ധനകാര്യം മേഖലയിൽ ഫ്രണ്ട് ഓഫീസിൽ ടോക്കൺ മെഷീൻ, കോൺഫറൻസ് ഹാളിലേക്ക് സൗണ്ട് സിസ്റ്റം, ഓഫീസിലേക്ക് ഇൻററ കോം സിസ്റ്റം, റിക്കാർഡ് റൂം നവീകരണം, തെരുവ് വിളക്ക് വാങ്ങൽ, സ്മാർട്ട് കോളർ, പഞ്ചായത്ത് മീറ്റിംഗ് ഹാളിലേക്ക് ഫൈബർചെയർ എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്.

പട്ടിക ജാതി മേഖലയിൽ 100 ശതമാനം നേട്ടം കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. കുടിവെള്ള ടാങ്ക് വിതരണം എന്ന പദ്ധതി പൂർത്തിയായിട്ടുണ്ട്. എംജിഎൻആർഇജിഎസ്സുമായി ചേർന്ന് കിണർ റീചാർജ്ജിംഗ്, വിവാഹധന സഹായം നൽകൽ, പൈപ്പ് കണക്ഷൻ എടുത്തവർക്ക് സബ്സിഡി എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്.

## വാർഷിക പദ്ധതി 2019-20 അവലോകനം

ചെറുകുന്ന് ഗ്രാമപഞ്ചായത്തിന് 2019-20 സാമ്പത്തിക വർഷത്തിൽ 28 സ്പിൽ ഓവർ പ്രൊജക്ടുകൾ ഉൾപ്പെടെ ആകെ 114 പ്രൊജക്റ്റുകൾക്കാണ് അംഗീകാരം ലഭിച്ചത്. ആയതുപ്രകാരം ഉത്പാദന മേഖലയിൽ 29,79,485 രൂപ പദ്ധതി വിഹിതം ഉൾപ്പെടെ 65,62,956 രൂപ അടങ്കലും, സേവന മേഖലയിൽ 45,94,556/- രൂപ പദ്ധതി വിഹിതം ഉൾപ്പെടെ 2,69,15,289 രൂപ അടങ്കലും, പശ്ചാത്തല മേഖലയിൽ 32,42,057 രൂപ പദ്ധതി വിഹിതം ഉൾപ്പെടെ 1,63,33,074 രൂപ അടങ്കലും, പട്ടികജാതി മേഖലയിൽ 33,26,315 രൂപ പദ്ധതി വിഹിതം ഉൾപ്പെടെ 45,13,654 രൂപയടക്കം ആകെ 5,43,24,973 രൂപയുടെ പ്രോജക്ടിനാണ് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം നൽകിയത്.

## ഉത്പാദന മേഖല

ഉത്പാദന മേഖലയിലെ 22 പ്രോജക്റ്റുകളിൽ കൃഷി, മൃഗസംരക്ഷണം, ക്ഷീര വികസനം എന്നീ മേഖലകളിലെ മുഴവൻ പദ്ധതികളും പൂർത്തിയായി. തെങ്ങിന് ജൈവവളം 386 പേർക്ക് വിതരണം ചെയ്തു. സ്വയം പര്യാപ്തഗ്രാമം എന്ന പദ്ധതി പ്രകാരം 10 ഗ്രൂപ്പുകൾക്ക് മഞ്ഞളും 10 ഗ്രൂപ്പുകൾക്ക് ഇഞ്ചിയും വിതരണം നടത്തി. ഗൃഹചൈതന്യപദ്ധതി പ്രകാരം 130 കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്ക് മഞ്ഞൾ, ചേന, ചേമ്പ് എന്നീ തൈകൾ വിതരണം ചെയ്തു. നെല്കൃഷി കൂലിചെലവ് 5

പാടശേഖര സമിതി മുഖാന്തിരം 185 പേർക്ക് ഇൻസന്റെൻറീവ് നല്കി. തരിശ് രഹിത കൈപ്പാട് ഇനത്തിൽ 11 പേർക്ക് ധനസഹായം നല്കി. 154 പേർക്ക് ഉഴുന്ന് പയർ വിതരണം നടത്തി. വെറ്റിനറി മേഖലയിൽ 5 പേർക്ക് പശുക്കളെ വാങ്ങുന്നതിന് ധനസഹായം നല്കി. 56 ക്ഷീരകർഷകർക്ക് പാലിന് അധിക വില നല്കൽ, ധാതുലവണങ്ങൾ വിരമരുന്ന്, സ്വയം തൊഴിൽ സംരംഭം -മത്സ്യ ഉൽപ്പന്ന യൂനിറ്റ് (വനിത) എന്നീ പദ്ധതികളും മൃഗാശുപത്രിക്ക് മരുന്ന് വാങ്ങുന്നതിനുള്ള പദ്ധതിയും നടപ്പിലാക്കി, ബണ്ട് സംരക്ഷണം (മീൻചാൽ ബണ്ട്), പദ്ധതി പൂർത്തിയായി. താവം കാപ്പ് വി.സി.ബി. നടപ്പാതക്ക് കൈവരി നിർമ്മാണം പൂർത്തിയായി.

<u>സേവനമേഖല</u>

സേവനമേഖലയിൽ ആയുർവ്വേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ, പിഎച്ച്സിക്ക് മരുന്ന് വാങ്ങൽ, ഹോമിയോ ഡിസ്പൻസറിക്ക് മരുന്ന് വാങ്ങൽ, കാൻസർ പ്രതിരോധവും നിയന്ത്രണവും, ഭിന്നശേഷിക്കാർക്ക് ഉപകരണം, അങ്കണവാടി ഹെൽപ്പർമാർക്കും വർക്കർമാർക്കും അധിക ഹോണറേറിയം നൽകൽ, അങ്കണവാടി അടിസ്ഥാന സൌകര്യവികസന പദ്ധതി, NAM പദ്ധതിയിൽ ഉൾപ്പെടുത്തി ആയുർവേദ ആശുപത്രിയുടെ വികസനം, തെരുവ് വിളക്ക് വാങ്ങൽ, വയോജനങ്ങൾക്ക് കട്ടിൽ (ജനറൽ, എസ്.സി.), പഞ്ചായത്ത് ഓഫീസ്സിലെ  പഴയ UPS മാറ്റി പുതിയത് വാങ്ങൽ, വനിതകൾക്കു യോഗ പരിശീലനം, മുട്ടിൽ നേഴ്സറി സ്കൂളിന് കുടിവെള്ള കണക്ഷൻ, ഗ്രാമപഞ്ചായത്തിലെ കംപ്യൂട്ടറുകളുടെയും അനുബന്ധ ഉപകരണങ്ങളുടെയും വാർഷിക അറ്റകുറ്റപണി, പട്ടികജാതി വിദ്യാർത്ഥികൾക്ക് മെറിറ്റേറിയസ് സകോളർഷിപ്പ്, ബാലസഭാ പ്രവർത്തനങ്ങൾക്ക് സഹായം എന്നീ പദ്ധതികൾ നടപ്പിലാക്കി.

ക്യാൻസർ നിയന്ത്രിതപരിപാടിയുടെ ഭാഗമായി 8 സ്ഥലങ്ങളിൽ ബോധവത്ക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു. സ്വാന്തന പരിചരണം പദ്ധതിയിൽ നിലവിൽ 142 ഗുണഭോക്താക്കളാണ് ഉള്ളത്. 10 പേർക്ക് വാക്കിംഗ് സ്റ്റിക്ക്, 3 വീൽചെയർ, 4 വാക്കർ, 2 കമ്മോട് ചെയർ എന്നീ ഉപകരണങ്ങൾ ലഭ്യമാക്കുന്ന പ്രവർത്തനങ്ങൾ നടത്തി. കൂടാതെ 18 കിടപ്പ് രോഗികൾക്കുള്ള മരുന്ന് നേരിട്ട് വിതരണം നടത്തി.

44 പേർക്ക് ശാരീരിക മാനസീകമായ വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് നല്കി. 35 വയോജനങ്ങൾക്ക് കട്ടിൽ വിതരണം ചെയ്തു. 6 ഭിന്നശേഷിക്കാർക്ക് ഉപകരണ വിതരണം ചെയ്തു. കൂടാത വിവിധ

അംഗൻവാടികളുടെ അറ്റകുറ്റപണി.ഐ.സി.ഡിഎസ് ഓഫിസിലേക്ക് ഫർണ്ണിച്ചർ വിതരണം എന്നീ പദ്ധതികളും നടപ്പിലാക്കി. അംഗൻവാടി വർക്കർ,ഹെൽപ്പർ എന്നിവർക്ക് അധിക ഹോണറേറിയം നല്കൽ എന്ന പദ്ധതിയും പൂർത്തിയാക്കി.

സ്വയം തൊഴിൽ പ്രോത്സാഹിപ്പിക്കുന്നതിൻറെ ഭാഗമായി 2 ഗ്രൂപ്പുകൾക്ക് ധനസഹായം നല്കുകയും കൂടാതെ 4 ഗ്രൂപ്പുകൾക്ക്ബ്ലോക്ക് പഞ്ചായത്ത് മുഖാന്തിരം ധനസഹായം അനുവദിക്കുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കി. കുടുംബശ്രീ ബാലസഭ പ്രവർത്തനങ്ങൾക്ക് ധനസഹായം നല്കൽ ,കുടുംബശ്രീ ലൈബ്രറിക്ക് പുസത്കങ്ങൾ വാങ്ങൽ എന്നിവ നടപ്പിലാക്കി. ഹരിതകർമ്മസേനയ്ക്ക് വയബിൾ ഗ്യാപ്പ് ഫണ്ട് അനുവദിക്കുകയും പ്ലാസ്റ്റിക് മാലിന്യം കൊണ്ടുപോകുന്നതിന് വാഹനവാടക നല്കുന്നതിനുള്ള പദ്ധതിയും നടപ്പിലാക്കി.

ജപ്പാൻ കുടിവെള്ള കണക്ഷൻ എടുത്തവർക്ക് ധനസഹായം നല്കുന്ന പദ്ധതി പ്രകാരം ജനറൽ വിഭാഗത്തിൽ 17 പേർക്കും ആശ്രയ വിഭാഗത്തിൽ 9 പേർക്കും ഇതുവരെ ധനസഹായം നല്കി. പിഎച്ച്സി അറ്റകുറ്റപ്പണികൾ, ലൈൻ വലിക്കൽ, തെരുവ് വിളക്ക് വാങ്ങൽ, തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണി, വീട് വാസയോഗ്യമാക്കൽ, തുടർ വിദ്യാഭ്യാസ പരിപാടി, തുടങ്ങിയ പദ്ധതികളും നടപ്പിലാക്കി. പഞ്ചായത്തിലെ തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കുന്നതിനായി 6 ലക്ഷം രൂപ KSEB യിൽ ഡെപ്പോസിറ്റ് ചെയ്യുകയും പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

## പശ്ചാത്തലമേഖല

പശ്ചാത്തലമേഖലയിൽ സുജലം പദ്ധതി, വിവിധ റോഡുകളുടെ അറ്റകുറ്റപണി, റോഡ് താറിംഗ്, ഫുട്പാത്ത് നിർമ്മാണം, ഡ്രൈനേജ് നിര്മ്മാണം എന്നീ പ്രവർത്തികൾഉൾപ്പെടെ നടപ്പിലാക്കി.

## ലൈഫ് ഭവനപദ്ധതി (മൂന്നാം ഘട്ടം)

24 ഗുണഭോക്താക്കളിൽ ബന്ധപ്പെട്ട അർഹത പ്രകാരം 13 ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകുകയും ചെയ്തിട്ടുണ്ട്.

## പട്ടികജാതി

മെറിറ്റോറിയസ് സ്കോളർഷിപ്പ് 8 വിദ്യാർത്ഥികൾക്ക് നൽകി. 20 വയോജനങ്ങൾക്ക് കട്ടിൽ വിതരണം ചെയ്തു. ഈ വിഭാഗത്തിൽപ്പെട്ട 5 പേർക്ക് വിവാഹധനസഹായം നൽകി, 9 വിദ്യാര്ത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം ചെയ്തു. 2 പേർക്ക് പഠനമുറി നിർമ്മിക്കുന്നതുനും, ഒരാൾക്ക് മേൽക്കൂര നിർമ്മിക്കുന്നതിനും ധനസഹായം നല്കി. വീട് വാസയോഗ്യമാക്കൽ 5 പേർക്ക് ധനസഹായം നൽകി.

## വാർഷിക പദ്ധതി 2020-21 അവലോകനം

ചെറുകുന്ന് ഗ്രാമപഞ്ചായത്തിന് 2020-21 സാമ്പത്തിക വർഷത്തിൽ 34 സ്പിൽ ഓവർ പ്രൊജക്ടുകൾ ഉൾപ്പെടെ ആകെ 127 പ്രൊജക്റ്റുകൾക്കാണ് അംഗീകാരം ലഭിച്ചത്. ആയതുപ്രകാരം ഉത്പാദന മേഖലയിൽ 38,25,661 രൂപ പദ്ധതി വിഹിതം ഉൾപ്പെടെ 1,62,08,054 രൂപ അടങ്കലും, സേവന മേഖലയിൽ 56,71,618/- രൂപ പദ്ധതി വിഹിതം ഉൾപ്പെടെ 2,20,20,513 രൂപ അടങ്കലും, പശ്ചാത്തല മേഖലയിൽ 2,22,36,430 രൂപ പദ്ധതി വിഹിതം ഉൾപ്പെടെ 71,19,915 രൂപ അടങ്കലും, പട്ടികജാതി മേഖലയിൽ 73,07,191 രൂപ പദ്ധതി വിഹിതം ഉൾപ്പെടെ 1,691,713 രൂപയടക്കം ആകെ 6,77,72,188 രൂപയുടെ പ്രോജക്ട്ടിനാണ് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം നൽകിയത്.

### ഉത്പാദന മേഖല

ഉത്പാദന മേഖലയിലെ 23 പ്രോജക്ടുകളിൽ ക്ഷീര വികസന മേഖലയിലെ പ്രോജക്ടുകളും മൃഗസംരക്ഷണ മേഖലയിലെ എല്ലാം പദ്ധതികളും പൂർത്തിയായി. കൃഷി മേഖലകളിലെ എല്ലാ പദ്ധതികളും പൂർത്തിയായി. നെൽകൃഷിക്ക് വിത്ത് കൂലിചെലവ് പദ്ധതി പ്രകാരം 100 ഹെക്ടർ സ്ഥലത്ത് നിന്നും 300 മെട്രിക് ടൺ നെല്ല് ഉൽപ്പാദിപ്പിക്കാൻ കഴിഞ്ഞു, ആയതു വഴി ഉല്പാദനവും ഉൽപ്പാദനക്ഷമതയും വർധിപ്പിച്ചു. തരിശ് കൈപാട് കൃഷിയോഗ്യമാക്കൽ വഴി 10 ഹെക്ടർ തരിശ് നിലം കൈപ്പാട് കൃഷി ചെയ്യുകയും 20 ടൺ ജൈവ കൈപ്പാട് അരി ഉത്പാദിപ്പികുകയും ചെയ്തു. തെങ്ങിന് ജൈവവളം പദ്ധതി വഴി 3736 തെങ്ങുകൾക്ക് ജൈവവളം നൽകുക വഴി ഉത്പാദനവും ഉൽപ്പാദനക്ഷമതയും വർധിപ്പിച്ചു. 2000 വ്യക്തികൾക്ക് പച്ചക്കറി തൈകൾ നൽകി പച്ചക്കറി ഉൽപ്പാദനം വർദ്ധിപ്പിച്ചു. ഉഴുന്ന് പയർ വിതരണ വഴി 10 ഹെക്ടർ പയർ കൃഷി ചെയ്യുക വഴി ഉൽപ്പാദനം മണ്ണിന്റെ ഫലഭൂയിഷ്ഠത വർദ്ധിപ്പിക്കുകയും ചെയ്തു. കുടുംബശ്രീ മുഖാന്തിരം നടത്തിയ ഇടവിളകൃഷിയിലൂടെ ഇടവിളയുടെ വിസ്തൃതി വ്യാപിപ്പിക്കുകയും കർഷകന്റെ ആദായം വർദ്ധിപ്പിക്കുകയും ചെയ്തു. അന്യം നിന്ന് പോകുന്ന പച്ചമരുന്നുകളുടെ ശേഖരം ഉണ്ടാക്കിയെടുക്കുക എന്ന ഉദ്ദേശത്തോടെ താവം ആയുർവേദ ആശുപത്രിയിൽ നാട്ടു പച്ച -ഔഷധ സസ്യതോട്ടം എന്ന പദ്ധതി നടപ്പിലാക്കി.

സുഭിക്ഷ കേരള പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ ഇടവിള കൃഷി വഴി 3 ഹെക്ടർ ഇടവിളയുടെ വിസ്തൃതി വർദ്ധിപ്പിച്ചു, ചെറുധാന്യ കൃഷി വഴി 1 ഏക്കർ മുത്താറി കൃഷിയുടെ വിസ്തൃതിയും ഉൽപ്പാദനവും വർദ്ധിപ്പിച്ചു, സ്വയം പര്യാപ്ത ഗ്രാമം ഉഴുന്ന്, പയർ വഴി 1 ഹെക്ടർ തരിശ് സ്ഥലം പയർ കൃഷി ചെയ്യുകയും അതുവഴി ഉൽപ്പാദനവും ഉത്പ്പാദനക്ഷമതയും വർധിപ്പിച്ചു, തരിശ് പച്ചക്കറിക്കൃഷി വഴി 1

ഹെക്ടർ തരിശ് നിലത്ത് പച്ചക്കറികൃഷി ചെയ്തു. തരിശ് വയൽ കൃഷി യോഗ്യമാക്കൽ വഴി 10 ഹെക്ടർ തരിശ് സ്ഥലം നെൽകൃഷി യോഗ്യമാക്കുകയും ഉൽപ്പാദനം 25 ടൺ വർധിപ്പിക്കുകയും ചെയ്തു.

ഉത്പാദന മേഖലയിൽ മൃഗസംരക്ഷണ പദ്ധതികളിൽ 5 പൊതുവിഭാഗം ക്ഷീരകർഷകർക്ക് പശുക്കളെ വിതരണം ചെയ്തു. ഇതിലൂടെ 5 കുടുംബത്തിൽ വരുമാനം വർധിക്കുകയും പാലുത്പാദനം പഞ്ചായത്ത് തലത്തിൽ ചെറിയ വർധനവും ഉണ്ടായി. കൂടാതെ 21 ക്ഷീര കർഷകരുടെ കന്നുകുട്ടികളെ പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിയിൽ ഉൾപ്പെടുത്തി കാലിത്തീറ്റ 50% സബ്സിഡിയിൽ നൽകുന്നതിനും ഉരുക്കളെ 32 മാസം വരെ ഇൻഷ്വർ ചെയ്യുന്നതിനും സാധിച്ചു. മൃഗാശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ പദ്ധതിയിൽ 60,000 രൂപയ്ക്ക് മരുന്ന് വാങ്ങി കർഷകർക്ക് ആവശ്യത്തിനനുസരിച്ച് വിതരണം ചെയ്യുക വഴി ചികിത്സാ രംഗത്ത് നേട്ടമുണ്ടാക്കാൻ സാധിച്ചു. 87 ക്ഷീരകർഷകർക്ക് പാലിന് അധിക വില നൽകി

സ്വയം തൊഴിൽ പ്രോത്സാഹിപ്പിക്കുന്നതിൻറെ ഭാഗമായി രണ്ട് ഗ്രൂപ്പുകൾക്ക് ധനസഹായം നൽകുന്നതിന് പദ്ധതി തയ്യാറാക്കിയിരുന്നുവെങ്കിലും വാർഡ് 10 ൽ ആരംഭിച്ച അരുണിമ ഭക്ഷ്യസംസ്കരണ യൂനിറ്റ് മാത്രമെ പ്രവർത്തനം ആരംഭിച്ചിട്ടുള്ളൂ. സർക്കാരിൻറെ പന്ത്രണ്ടിന പരിപാടിയിൽ ഉൾപ്പെടുത്തി ആരംഭിച്ച വിശപ്പ് രഹിത കേരളം - കുടുംബശ്രീ ജനകീയ ഹോട്ടലിന്റെ വാടക, കറന്റ് ചാർജ്ജ് വെള്ളക്കരം അടക്കൽ പദ്ധതി പൂർത്തിയായിട്ടുണ്ട്.

<u>സേവനമേഖല</u>

സേവനമേഖലയിൽ ആയുർവ്വേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ, ആയുർവേദ ആശുപത്രിക്ക് സ്റ്റീം ബാത്തും അനുബന്ധ ഉപകരണങ്ങളും വാങ്ങി സ്ഥാപിക്കൽ, പിഎച്ച്സിക്ക് മരുന്ന് വാങ്ങൽ, ഐകെഎം - ന് തുക നൽകൽ, തെരുവ് വിളക്ക് വാങ്ങി സ്ഥാപിക്കൽ, കോവിഡ്-19 ഭാഗമായി ആരംഭിച്ച കമ്മ്യൂണിറ്റി കിച്ചൻ - അനുബന്ധ ചെലവുകൾ, ഗ്രാമപഞ്ചായത്തിന്റെ എം.സി.എഫിൽ ശേഖരിച്ച തരം തിരിക്കാത്ത പ്ലാസ്റ്റിക് മാലിന്യം സംസ്കരണ കേന്ദ്രത്തിലേക്ക് കൊണ്ടു പോകുന്നതിനുള്ള വാഹന വാടക, അംഗനവാടി ജീവനക്കാരുടെ പ്രതിഫല ഇനത്തിൽ ഈടാക്കിയതും വികസന ഫണ്ടിൽ നിന്നും കുറവ് ചെയ്തതുമായ തുക, ലൈഫ് മിഷനുവേണ്ടി ഹഡ്കോയിൽ നിന്നും വായ്പ എടുത്ത തുക തിരിച്ചടവ് (ജനറൽ), ക്ലീൻ കേരള കമ്പനിക്കു വയബിലിറ്റി ഗ്യാപ്പ് ഫണ്ട് നൽകൽ, കോവിഡ് - 19 പ്രതിരോധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട -

മാസ്ക് വിതരണം, ചെറുകുന്ന് പഞ്ചായത്തിലെ വിവിധ ബണ്ടുകളുടെ സംരക്ഷണം, ഭിന്നശേഷിക്കാർക്ക് ഉപകരണം, സ്പിൽ ഓവറായി തുടർന്ന ഗാർഹിക കക്കൂസ് നിർമ്മാണം (ഒ.ഡി.എഫ്.), ഒദയമ്മാടം യു.പി. സ്കൂളിന് ടോയ് ലറ്റ് നിർമ്മാണം, എന്നീ പ്രവൃത്തികൾ പൂർത്തിയായി. പഞ്ചായത്തോഫീസിലേക്ക് കമ്പ്യൂട്ടർ വാങ്ങൽ, കൃഷിഭവന് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ എന്നീ പദ്ധതികളും നടപ്പിലാക്കി.

ബാലസഭാ പ്രവർത്തനങ്ങൾക്ക് സഹായം, തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണി, ഹരിതകർമ്മ സേനക്ക് VGF ശുചിത്വ സംവിധാനം ഒരുക്കൽ, പദ്ധതി രൂപീകരണം നിർവ്വഹണം മോണിറ്ററിംഗ്, സമഗ്ര വിദ്യാഭ്യാസ പരിപാടി, വയോജനങ്ങൾക്ക് കട്ടിൽ (എസ്സി), പൊതു സ്ഥാപനങ്ങൾക്ക് റിംഗ് കമ്പോസ്റ്റ്, ആർദ്രം കുടുംബ ആരോഗ്യ കേന്ദ്രം ഡോക്ടർ പാരാ മെഡിക്കൽ സ്റ്റാഫ് ഹോണറെരിയം, ടെക്നിക്കൽ അസിസ്റ്റന്റിന് വേതനം, വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെ കണ്ടിജൻസി ചെലവുകൾ, കലക്റ്റേർസ് സ്കൂൾ, ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്, വീട് വാസയോഗ്യമാക്കൾ ജനറൽ, സോളാർ ലൈറ്റ് സ്ഥാപിക്കൽ-(പാടിയിൽ ശ്മ്ശാനം കട്ടക്കുളം ശ്മ്ശാനം ദാലിൽ ശ്മ്ശാനം, ചിടങ്ങിൽ ശ്മ്ശാനം സാന്ത്വന പരിചരണം, അങ്കണവാടി പോഷകാഹാര പരിപാടി, ഗാർഹിക റിംഗ് കംപോസ്റ്റ് (ജനറൽ), പന്ത്രണ്ടിന പരിപാടിയിൽ ഉൾപ്പെടുത്തിയ വഴിയോര വിശ്രമ കേന്ദ്രം എന്നിവ പൂർത്തിയാക്കി. 2024 ആകുമ്പോഴേക്കും കേരളത്തിലെ എല്ലാ ഗ്രാമീണ ഭവനങ്ങളിലും പൈപ്പ് വഴി ഗുണനിലവാരമുള്ള കുടിവെള്ളം ലഭ്യമാക്കുന്ന എന്ന ലക്ഷ്യത്തോടെ ആരംഭിച്ച ജലജീവൻ മിഷൻ പദ്ധതി നടന്നു വരുന്നു.

കോവിഡ് -19 വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്ത് പൂർണ്ണമായ ലോക്ക്ഡൌൺ നിലവിൽ വന്നതിനെ തുടർന്ന് സമൂഹത്തിലെ ദുർബ്ബല ജനവിഭാഗങ്ങൾക്കും, വിവിധ കാരണങ്ങളാൽ സ്വന്തമായി ഭക്ഷണം പാചകം ചെയ്യാൻ കഴിയാത്തവരെയും മുന്നിൽ കണ്ടു കുടുംബശ്രീയുടെ സഹകരണത്തോടെ ആരംഭിച്ച കമ്മ്യൂണിറ്റി കിച്ചൻ, ബ്രേക്ക് ദി ചെയിൻ ക്യാമ്പയിൻ, പഞ്ചായത്തിൽ രൂപീകരിച്ച ഹെല്പ് ഡസ്ക് വഴി വളണ്ടിയർമാരുടെ സഹായത്തോടെയുള്ള മരുന്ന്, സാധനങ്ങളുടെ വിതരണം, പ്രവാസികളുടെ തിരിച്ചു വരവുമായി ബന്ധപ്പെട്ട പാസ്സ് നൽകൽ, ക്വാറന്റൈൻ സൗകര്യം ഒരുക്കൽ, ക്വാറന്റൈൻ കേന്ദ്രങ്ങളുടെ ശുചീകരണം, വാർഡ് തല മോണിട്ടറിങ്ങ് സമിതി, ദൈനംദിന കോവിഡ് അവലോകനം, കോവിഡ് ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്റർ (CFLTC) രൂപീകരണം, അതിഥി തൊഴിലാളികളുടെൾക്കുള്ള

ഭക്ഷ്യധാന്യ വിതരണം, അവരുട തിരിച്ച പോക്കമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ, മൂന്ന് ഘട്ടങ്ങളിലേറെയായി നടന്ന വോട്ടർ പട്ടിക പുതുക്കൽ, തദ്ദേശ സ്വയം ഭരണ തിരഞ്ഞെടുപ്പ് ഉടങ്ങി വൈവിധ്യവും ഭീമവുമായ ചുമതലകളാണ് ജീവനക്കാരും ഭരണസമിതിയും ഏറ്റെടുത്ത് നടത്തിയിട്ടുള്ളത്, ആയതിനാൽ തന്നെ പദ്ധതി പ്രവർത്തനങ്ങളെ ഇത് സാരമായി ബാധിച്ചിട്ടുണ്ട്. കോവിഡ് 19 കാരണം ക്യാമ്പ് ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ നടത്താൻ പറ്റാത്തതിനാലും സ്കൂളുകൾ അടഞ്ഞു കിടന്നതിനാലും സ്ത്രീകളിൽ ലൈഗിംകമായി പകരുന്ന രോഗങ്ങൾ കണ്ടെത്തൽ, പ്രൈമറി സ്കൂളുകൾക്ക് പത്രമാസികകൾ, ചെറുകുന്ന് ഗെയിം ഫെസ്റ്റ് (ഫുട്ബോൾ-വോളീബോൾ-ക്രിക്കറ്റ് ടീം രൂപികരണം), പട്ടിക ജാതി വിദ്യാർത്ഥികൾക്ക് ഫർണ്ണിച്ചർ, കേരളോത്സവം, ക്യാൻസർ പ്രതിരോധവും നിയന്ത്രണവും എന്നീ പ്രവർത്തനങ്ങൾ ഈ വർഷം നടത്താൻ പറ്റിയിട്ടില്ല.

സ്വാന്ത്വന പരിചരണം പദ്ധതിയിൽ നിലവിൽ 107 ഗുണഭോക്താക്കളാണ് ഉള്ളത്. ഈ സാമ്പത്തികവർഷം 7 പേർക്ക് വാക്കിംഗ് സ്റ്റിക്ക്, 6 വീൽചെയർ, 7 വാക്കർ, 2 കമ്മോട് ചെയർ, 8 എയർ ബെഡ്, 2 വാട്ടർ ബെഡ്, ട്രിപ്പോട് സ്റ്റാന്റ് 10 എന്നീ ഉപകരണങ്ങൾ ലഭ്യമാക്കുന്ന പ്രവർത്തനങ്ങൾ നടത്തി. കൂടാതെ 20 കിടപ്പ് രോഗികൾക്കുള്ള മരുന്ന് നേരിട്ട് വിതരണം നടത്തി. 40 പേർക്ക് ശാരീരിക മാനസീകമായ വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് നല്കി. 3 ഭിന്നശേഷിക്കാർക്ക് ഉപകരണങ്ങൾ വിതരണം ചെയ്തു. കൂടാത അംഗൻവാടി വർക്കർ, ഹെൽപ്പർ എന്നിവർക്ക് അധിക ഹോണറേറിയം നല്കൽ എന്ന പദ്ധതിയും പൂർത്തിയാക്കി.

## പശ്ചാത്തലമേഖല

പശ്ചാത്തലമേഖലയിൽ വിവിധ റോഡുകളുടെ അറ്റകുറ്റപണി, ദുരന്ത നിവാരണത്തിൽ ഉൾപ്പെടുത്തിയ പ്രവൃത്തികൾ, റോഡ് താറിംഗ്, ഫുട്പാത്ത് നിർമ്മാണം, ഡ്രൈനേജ് നിര്മ്മാണം എന്നീ പ്രവർത്തികൾ ഉൾപ്പെടെ മുഴുവൻ പ്രവർത്തിയും പൂർത്തിയായി.

## ലൈഫ് ഭവനപദ്ധതി (മൂന്നാം ഘട്ടം)

ലൈഫ് ഭവന പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ എട്ട് പേർ ജനറൽ വിഭാഗത്തിലും രണ്ട് പേർ എസ്. സി. വിഭാഗത്തിലുമായി പത്ത് പേർ വീട് നിർമ്മാണം പൂർത്തിയാക്കി. രണ്ടാം ഘട്ടത്തിൽ 19 പേർ ജനറൽ വിഭാഗത്തിലും 3 പേർ എസ്. സി. വിഭാഗത്തിലുമായി ആകെ 22 ഗുണഭോക്താക്കൾ വീട്

നിർമ്മാണം പൂർത്തിയാക്കി. മൂന്നാം ഘട്ടത്തിൽ 3 ജനറൽ വിഭാഗക്കാർക്ക് ഭൂമി വാങ്ങി നൽകുവാൻ ധനസഹായം നൽകിയിട്ടുണ്ട്. കൂടാതെ ഒരു എസ്. സി. ഗുണഭോക്താവിന് വീട് നിർമ്മിക്കുന്നതിന് ആനുകൂല്യം നൽകി. മേൽക്കൂര പ്രവൃത്തി പൂർത്തിയാക്കിയ നാലാം ഘട്ട പട്ടിക ജാതി അഡീഷണൽ ലിസ്റ്റിൽ നിന്നും 10 ഗുണഭോക്താക്കൾ വീട് നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്.

## പട്ടികജാതി

മെറിറ്റോറിയസ് സ്കോളർഷിപ്പ് 5 വിദ്യാർത്ഥികൾക്ക് നൽകി. 16 വയോജനങ്ങൾക്ക് കട്ടിൽ വിതരണം ചെയ്തു. ഈ വിഭാഗത്തിൽപ്പെട്ട 2 പേർക്ക് വിവാഹധനസഹായം നൽകി, 6 വിദ്യാര്ത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം ചെയ്തു. 3 പേർക്ക് പഠനമുറി നിർമ്മിക്കുന്നതിനുള്ള തുക നൽകി. പട്ടികജാതി ശ്മശാനങ്ങളിൽ 5 സോളാർ ലൈറ്റ് സ്ഥാപിക്കുന്ന പദ്ധതിയും നടപ്പിലാക്കി.

## വാർഷിക പദ്ധതി 2021-22 അവലോകനം

ചെറുകുന്ന് ഗ്രാമപഞ്ചായത്തിന് 2021-22 സാമ്പത്തിക വർഷം 25 സ്പിൽ ഓവർ പ്രോജക്റ്റുകൾ ഉൾപ്പെടെ ആകെ 139 പ്രൊജക്റ്റുകൾക്കാണ് അംഗീകാരം ലഭിച്ചത്. ആയതുപ്രകാരം ഉത്പാദന മേഖലയിൽ 37,76,222 രൂപ പദ്ധതി വിഹിതം ഉൾപ്പെടെ 92,69,380 രൂപ അടങ്കലും, സേവന മേഖലയിൽ 1,59,08,553 രൂപ പദ്ധതി വിഹിതം ഉൾപ്പെടെ 4,05,35,028 രൂപ അടങ്കലും, പശ്ചാത്തല മേഖലയിൽ 70,26,000 രൂപ പദ്ധതി വിഹിതം ഉൾപ്പെടെ 1,11,26,896 രൂപ അടങ്കലും, പട്ടികജാതി മേഖലയിൽ 25,08,229 രൂപ പദ്ധതി വിഹിതം ഉൾപ്പെടെ 65,18,595 രൂപയടക്കം ആകെ 6,09,31,304 രൂപയുടെ പ്രോജക്റ്റിനാണ് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം നൽകിയത്.

## ഉത്പാദന മേഖല

ഉത്പാദന മേഖലയിലെ 23 പ്രോജക്റ്റുകളിൽ കൃഷി മേഖലയിലെ തരിശു കൈപാട് കൃഷി യോഗ്യമാക്കൽ, മൃഗസംരക്ഷണ മേഖലയിലെ മൃഗാശുപത്രി അറ്റകുറ്റപ്പണി എന്നീ പദ്ധതികൾ ഒഴികെ ബാക്കി എല്ലാ പദ്ധതികളും പൂർത്തിയായി.

നെൽകൃഷിക്ക് വിത്ത് കൂലിചെലവ് പദ്ധതി പ്രകാരം 80 ഹെക്ടർ സ്ഥലത്ത് നിന്നും 240 മെട്രിക് ടൺ നെല്ല് ഉൽപ്പാദിപ്പിക്കാൻ കഴിഞ്ഞു, ആയതു വഴി ഉല്പാദനവും ഉൽപ്പാദനക്ഷമതയും വർധിപ്പിച്ചു. തരിശ് വയൽ കൃഷിയോഗ്യമാക്കുക പദ്ധതിയിൽ ഉൾപ്പെടുത്തി 2.338 ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്തു. തെങ്ങിന്

ജൈവവളം പദ്ധതി വഴി 3400 തെങ്ങുകൾക്ക് ജൈവവളം നൽകുക വഴി ഉത്പാദനവും ഉൽപ്പാദനക്ഷമതയും വർധിപ്പിച്ചു. കുടുംബശ്രീ മുഖാന്തിരം 170 ഗ്രൂപ്പുകൾക്ക് പച്ചക്കറി തൈകൾ വിതരണം ചെയ്യുത് വഴി ഇടവിളയുടെ വിസ്തൃതി വ്യാപിപ്പിക്കുകയും കർഷകന്റെ ആദായം വർദ്ധിപ്പിക്കുകയും ചെയ്തു. ഉഴുന്ന് പയർ വിതരണ വഴി 40 ഹെക്ടർ സ്ഥലത്ത് ഉഴുന്ന്, പയർ കൃഷി ചെയ്യുക വഴി ഉൽപ്പാദനവും മണ്ണിന്റെ ഫലഭൂയിഷ്ഠത വർദ്ധിപ്പിക്കുകയും ചെയ്തു. ഫലവൃക്ഷതൈകൾ വിതരണം എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി 680 തൈകൾ വിതരണം ചെയ്തു. 1.084 ഹെക്ടർ തരിശ് നിലത്തു പച്ചക്കറി കൃഷി ചെയ്യുക വഴി 300 മെട്രിക് ടൺ പച്ചക്കറി ഉത്പ്പാദിപ്പിക്കാൻ കഴിഞ്ഞു. കൃഷിഭവന് പ്രിന്റർ, ഫർണ്ണിച്ചർ വാങ്ങൽ എന്നീ പദ്ധതികൾ പൂർത്തിയാക്കുക വഴി ഭൗതിക സാഹചര്യം വർധിപ്പിക്കാൻ കഴിഞ്ഞു. തരിശു കൈപാട് കൃഷി യോഗ്യമാക്കൽ നടപ്പിലാക്കാൻ സാധിച്ചിട്ടില്ല

ഉത്പാദന മേഖലയിൽ മൃഗസംരക്ഷണ പദ്ധതികളിൽ 5 പൊതുവിഭാഗം ക്ഷീരകർഷകർക്ക് പശുക്കളെ വിതരണം ചെയ്തു. ഇതിലൂടെ 5 കുടുംബത്തിൽ വരുമാനം വർധിക്കുകയും പാലുത്പാദനം പഞ്ചായത്ത് തലത്തിൽ ചെറിയ വർധനവും ഉണ്ടായി. കൂടാതെ 20 ക്ഷീര കർഷകരുടെ കന്നുകുട്ടികളെ പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിയിൽ ഉൾപ്പെടുത്തി കാലിത്തീറ്റ 50% സബ്സിഡിയിൽ നൽകുന്നതിനും ഉരുക്കളെ 32 മാസം വരെ ഇൻഷ്വർ ചെയ്യുന്നതിനും സാധിച്ചു. മൃഗാശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ പദ്ധതിയിൽ 2,40,000 രൂപയ്ക്ക് മരുന്ന് വാങ്ങി കർഷകർക്ക് ആവശ്യത്തിനനുസരിച്ച് വിതരണം ചെയ്യുക വഴി ചികിത്സാ രംഗത്ത് നേട്ടമുണ്ടാക്കാൻ സാധിച്ചു. 84 ക്ഷീരകർഷകർക്ക് പാലിന് അധിക വില നൽകി. ക്ഷീര സംഘം മുഖേന 80 കൃഷിക്കാർക്ക് കാലിത്തീറ്റ വിതരണം ചെയ്തു. മൃഗാശുപത്രിക്ക് വാട്ടർ പ്യൂരിഫയർ വാങ്ങി.

വനിത പദ്ധതിയിൽ ഉൾപ്പെടുത്തി സ്വയം തൊഴിൽ പ്രോത്സാഹിപ്പിക്കുന്നതിൻറെ ഭാഗമായി മൂന്ന് എസ്. സി. ഗുണഭോക്താക്കൾക്കും രണ്ട് വനിത (ജനറൽ) ഗ്രൂപ്പിനും ധനസഹായം നൽകി.

സർക്കാരിൻറെ പന്ത്രണ്ടിന പരിപാടിയിൽ ഉൾപ്പെടുത്തി ആരംഭിച്ച വിശപ്പ് രഹിത കേരളം - കുടുംബശ്രീ ജനകീയ ഹോട്ടലിന്റെ വാടക, കറന്റ് ചാർജ്ജ് വെള്ളക്കരം അടക്കൽ പദ്ധതികളും നടപ്പിലാക്കി. മത്സ്യമേഖലയിൽ കല്ലുമ്മക്കായ്, ബയോഫ്ലോക്ക് എന്നിവ നടപ്പാക്കുക വഴി മത്സ്യസമ്പത്ത് ഒരു പരിധി വരെ വർധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്.

സേവനമേഖല

സേവനമേഖലയിൽ ആയുർവ്വേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ, ആയുർവേദ ആശുപത്രി ഫാർമസി നവീകരണം, പിഎച്ച്സിക്ക് മരുന്നും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ, ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ, ആർദ്രം കുടുംബ ആരോഗ്യ കേന്ദ്രം ഡോക്ടർ പാരാ മെഡിക്കൽ സ്റ്റാഫ് ഹോണറേറിയം, ക്യാൻസർ പ്രതിരോധവും നിയന്ത്രണവും, കോവിഡ്- 19 പ്രതിരോധ പ്രവർത്തനം, പി എച്ച്സി പുന്നച്ചേരിയിലേക്ക്ഫർണിച്ചർ വാങ്ങൽ, കൃഷിഭവന് പ്രിൻറർ വാങ്ങൽ, ഐകെഎം ന് തുക നൽകൽ, ഗ്രാമപഞ്ചായത്തിലെ കംപ്യൂട്ടറുകളുടെയും അനുബന്ധ ഉപകരണങ്ങളുടെയും വാർഷിക അറ്റകുറ്റപണി, വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെ കണ്ടീജെൻസി ചെലവുകൾ, പഞ്ചായത്തോഫീസിലേക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ, സ്മാർട്ട് കോളർ - കരാർ പുതുക്കൽ, കേരള വാട്ടർ അതോറിറ്റിക്ക് കുടിവെള്ള കരം അടക്കൽ, ഐഎസ്ഒ റീസർട്ടിഫിക്കേഷനും അനുബന്ധ പ്രവർത്തനങ്ങളും, അംഗനവാടി ജീവനക്കാരുടെ പ്രതിഫല ഇനത്തിൽ ഈടാക്കുന്ന തുക, ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ്, കളിമുറ്റം-ബാലസഭാ പ്രവർത്തനങ്ങള്, പ്രൈമറി സ്കൂളുകൾക്ക് പത്രമാസികകൾ, മുട്ടിൽ നഴ്സറി സ്കൂൾ അറ്റകുറ്റപ്പണി, പൊതു കിണറുകളുടെ അറ്റകുറ്റപ്പണി, അങ്കണവാടികളുടെ അറ്റകുറ്റപ്പണി, പാടിയിൽ അപകടാവസ്ഥയിലായ പഞ്ചായത്ത് കിണർ മണ്ണിട്ട് നികത്തൽ, പള്ളിക്കര അങ്കണവാടി നിർമ്മാണത്തിന് വേണ്ടിയുള്ള മണ്ണ് പരിശോധന എന്നീ പ്രവൃത്തികൾ പൂർത്തിയായി. എല്ലാ ഗ്രാമീണ ഭവനങ്ങളിലും പൈപ്പ് വഴി ഗുണനിലവാരമുള്ള കുടിവെള്ളം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച ജലജീവൻ മിഷൻ പദ്ധതിയുടെ പ്രഖ്യാപിത ലക്ഷ്യം പൂർത്തിയാക്കാൻ സാധിച്ചു.

പതിനാലാം പഞ്ചവത്സരപദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങളുടെ ഭാഗമായി വികസന പദ്ധതികൾ കാര്യക്ഷമമാക്കുന്നതിന് സാമൂഹ്യ സാമ്പത്തിക സ്ഥിതി വിവരകണക്ക് വകുപ്പ്, ഹരിതകേരള മിഷൻ, കുടുബശ്രീ എന്നിവരുടെ സഹകരണത്തോടെ സാമൂഹ്യ സാമ്പത്തിക സർവ്വേ നടത്തുകയും ആയത് ക്രോഡീകരിച്ച റിപ്പോർട്ട് രൂപത്തിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

അസി. എഞ്ചിനിയറുടെ ഓഫീസിലേക്ക് കംപ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും, വിഇഒ ഓഫീസിന് കംപ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും എന്നിവയിൽ ഉൾപ്പെടുത്തി പ്രിന്ററുകൾ വാങ്ങി, കമ്പ്യൂട്ടറുകളുടെ തുക കെൽട്രോണിൽ അടവാക്കിയെങ്കിലും കമ്പ്യൂട്ടറുകൾ ലഭ്യമായിട്ടില്ല.

ശുചിത്വ മേഖലയുമായി ബന്ധപ്പെട്ട് ജൈവ മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കുക എന്ന ലക്ഷ്യത്തോടെ 696 കുടുംബങ്ങൾക്ക് റിംഗ് കമ്പോസ്റ്റ് വിതരണം ചെയ്തു. 14 ലൈഫ് ഗുണഭോക്താക്കൾക്ക് ടോയ്‌ലറ്റ് നിർമ്മിക്കുന്നതിന് ധനസഹായം നൽകി. പുന്നച്ചേരി പൊതുശ്മശാനത്തിന് ചുറ്റുമതിൽ, ഷെഡ്, അടുപ്പ് നിർമ്മാണം, വിവിധ ബണ്ടുകളുടെ സംരക്ഷണം, ബാപ്പക്കൽ തോട് ക്ലീനിങ്, എംസിഎഫിൽ ബെയിലിംഗ് മെഷീനും വെയിംഗ് മെഷീനും വാങ്ങി സ്ഥാപിക്കൽ, ഹരിതകർമ്മ സേനക്ക് വണ്ടി വാടക യൂണിഫോം ഉൾപ്പെടെ അടിസ്ഥാന സൗകര്യം ഒരുക്കൽ, ഹരിതകർമ്മ സേനക്ക് മുച്ചക്ര വാഹനം, വാർഡുകളിൽ മിനി എംസിഎഫ് സ്ഥാപിക്കൽ, പന്ത്രണ്ടിന പരിപാടിയിൽ ഉൾപ്പെടുത്തിയ വഴിയോര വിശ്രമ കേന്ദ്രം എന്നീ പ്രവൃത്തികൾ പൂർത്തിയായി. സ്മാർട്ട് ഗാർബേജ് മോണിറ്ററിങ് സിസ്റ്റം എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി കെൽട്രോണുമായി കരാറിൽ ഏർപ്പെട്ട് സർവ്വീസ് ചാർജ്ജ് നൽകി. കുന്നനങ്ങാട് സാംസ്കാരിക നിലയത്തിന് പൊതു ടോയ് ലറ്റ് നിർമ്മാണം നിർവ്വഹണം തുടർന്ന് വരുന്നു.

സ്വാന്ത്വന പരിചരണം പദ്ധതിയിൽ നിലവിൽ 117 ഗുണഭോക്താക്കളാണ് ഉള്ളത്. കഴിഞ്ഞ സാമ്പത്തികവർഷം ഒരു വാക്കറും, ഒരു എയർ ബെഡും നൽകി. കൂടാതെ 26 കിടപ്പ് രോഗികൾക്കുള്ള മരുന്ന് നേരിട്ട് വിതരണം നടത്തി.

32 പേർക്ക് ശാരീരിക മാനസീകമായ വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് നല്കി. 45 വയോജനങ്ങൾക്ക് കട്ടിൽ, 4 ഭിന്നശേഷിക്കാർക്ക് ശ്രവണ സഹായി എന്നിവ വിതരണം ചെയ്തു. 14 അങ്കണവാടികൾക്ക് വാട്ടർ ടാങ്ക് വാങ്ങി നൽകി, അങ്കണവാടി പോഷകാഹാര പരിപാടി, മുട്ടിൽ നഴ്സറി സ്കൂളിൽ പോഷകാഹാര പരിപാടി, ഐസിഡിഎസ് സൂപ്പർവൈസറുടെ ഓഫീസിൽ കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ എന്ന പദ്ധതിയും പൂർത്തിയായി.

## പശ്ചാത്തലമേഖല

പശ്ചാത്തലമേഖലയിൽ വിവിധ റോഡുകളുടെ അറ്റകുറ്റപണി, ദുരന്ത നിവാരണത്തിൽ ഉൾപ്പെടുത്തിയ പ്രവൃത്തികൾ, റോഡ് താറിംഗ്, ഫുട്പാത്ത് നിർമ്മാണം, ഡ്രൈനേജ് നിർമ്മാണം കലുങ്ക് നിർമ്മാണം, കൈവരി നിർമ്മാണം, എന്നീ പ്രവർത്തികൾ മുഴുവൻ പൂർത്തിയായി. പഞ്ചായത്ത് ഓഫീസിലേക്ക് ഫർണിച്ചർ വാങ്ങൽ, കട്ടക്കുളം അങ്കണവാടി വയറിങ്, ഗ്രാമപഞ്ചായത്ത് ഓഫീസിന് മുൻവശത്തുള്ള സ്ഥലം വാങ്ങൽ എന്നിവയും പൂർത്തിയായി. കവിണിശ്ശേരി അങ്കണവാടി, ദാലിൽ അങ്കണവാടി എന്നിവക്കുള്ള മഴവെള്ള സംഭരണിയുടെ ആരംഭിച്ചിട്ടുണ്ട്. ദാലിൽ അങ്കണവാടി മഴവെള്ള സംഭരണിയുടെ

റിപ്പയർ പ്രവൃത്തി തുടങ്ങിയിട്ടില്ല. ചെറുകുന്ന് നോർത്ത് എൽപി സ്കൂൾ - മീറ്റിംഗ് ഹാൾ നിർമ്മാണം എന്നീ പ്രവൃത്തി തുടർന്ന് വരുന്നു.

**ലൈഫ് ഭവനപദ്ധതി**

ലൈഫ് ഭവന പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ എട്ട് പേർ ജനറൽ വിഭാഗത്തിലും രണ്ട് പേർ എസ്. സി. വിഭാഗത്തിലുമായി പത്ത് പേർ വീട് നിർമ്മാണം പൂർത്തിയാക്കി. രണ്ടാം ഘട്ടത്തിൽ 19 പേർ ജനറൽ വിഭാഗത്തിലും 3 പേർ എസ്. സി. വിഭാഗത്തിലുമായി ആകെ 22 ഗുണഭോക്താക്കൾ വീട് നിർമ്മാണം പൂർത്തിയാക്കി. മൂന്നാം ഘട്ടത്തിൽ ഇതുവരെയായി 3 ജനറൽ വിഭാഗക്കാർക്ക് ഭൂമി വാങ്ങി നൽകുവാൻ ധനസഹായം നൽകിയിട്ടുണ്ട്. ലൈഫ് ഭവന പദ്ധതി നാലാം ഘട്ടത്തിൽ 10 വീടുകൾ പൂർത്തിയാക്കിയിട്ടുണ്ട്. ആശ്രയ വീട് റിപ്പയർ പദ്ധതിയിൽ ഉൾപ്പെടുത്തി രണ്ട് ഗുണഭോക്താക്കൾ പ്രവൃത്തി ആരംഭിച്ചിട്ടുണ്ട് വാസയോഗ്യമല്ലാത്ത വീടുകൾവാസയോഗ്യമാക്കൽ (പട്ടികജാതി) എന്ന പ്രവൃത്തിയിൽ രണ്ട് പേര് പ്രവൃത്തി പൂർത്തിയാക്കി. വാസയോഗ്യമല്ലാത്ത വീടുകൾ വാസയോഗ്യമാക്കൽ (ജനറൽ) എന്ന പദ്ധതിയിൽ 18 ഗുണഭോക്താക്കൾക്ക് അഡ്വാൻസ് തുക നൽകി. ഇനി 8 പേർക്ക് കൂടി അഡ്വാൻസ് തുക നൽകാനുണ്ട്. ഈ 26 ഗുണഭോക്താക്കളും പ്രവൃത്തി പൂർത്തീകരിക്കുന്ന മുറയ്ക്ക് അവസാന ഗഡു തുക അനുവദിക്കാൻ കഴിയും.

**പട്ടികജാതി**

22 വിദ്യാർത്ഥികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ് നൽകി. 20 വയോജനങ്ങൾക്ക് കട്ടിൽ വിതരണം ചെയ്തു. 35 പട്ടികജാതി വിദ്യാർത്ഥികൾക്ക് ഫർണ്ണിച്ചർ വിതരണം ചെയ്തു. 10 വിദ്യാർഥികൾക്ക് ലാപ്ടോപ്പ് വിതരണം ചെയ്തു. ഈ വിഭാഗത്തിൽപ്പെട്ട 2 പേർക്ക് വിവാഹധനസഹായം നൽകി. സ്വയം തൊഴിൽ സംരംഭത്തിന്റെ ഭാഗമായി 3 പേർക്ക് ധനസഹായം നൽകി. കുട്ടികളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനും പഠന നിലവാരം ഉയർത്തുന്നതിനുമായി ആവിഷ്കരിച്ച പഠന മുറി നിർമ്മാണവുമായി ബന്ധപ്പെട്ട് 3 ഗുണഭോക്താക്കൾക്ക് ധനസഹായം നൽകി.

## വാർഷിക പദ്ധതി 2022-23 അവലോകനം

ചെറുകുന്ന് ഗ്രാമപഞ്ചായത്തിന് 2022-23 സാമ്പത്തിക വർഷത്തിൽ 33 സ്പിൽ ഓവർ പ്രോജക്ടുകൾ ഉൾപ്പെടെ ആകെ 130 പ്രോജക്ടുകള്ക്കാണ് അംഗീകാരം ലഭിച്ചിരുന്നത്. ആയത് പ്രകാരം ഉല്പാദന മേഖലയിൽ 30,67,096/-

രൂപ പദ്ധതി വിഹിതം ഉൾപ്പെടെ 56,79,576/- രൂപ അടങ്കലും, സേവന മേഖലയിൽ 8313023/- രൂപ പദ്ധതി വിഹിതം ഉൾപ്പെടെ 3,59,13,838/- രൂപ അടങ്കലും പശ്ചാത്തല മേഖലയിൽ 2,27,551/- രൂപ പദ്ധതി വിഹിതം ഉൾപ്പെടെ 83,94,217/- രൂപ അടങ്കലും പട്ടികജാതി മേഖലയിൽ 26,68,000/-രൂപ പദ്ധതി വിഹിതം ഉൾപ്പെടെ 1,17,42,701/- രൂപ അടങ്കലും അടക്കം ആകെ 61730332/- രൂപയുടെ പ്രോജക്ടിനാണ് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭിച്ചത്.

ഉൽപാദനമേഖല

2022-23 വർഷത്തിൽ ഉൽപാദനമേഖലയിൽ നല്ല രീതിയിലുള്ള മുന്നേറ്റം ഉണ്ടാകാൻ കഴിയണം. കാർഷിക മേഖലയിൽ ഊന്നൽ നൽകി തരിശുനിലത്ത് പച്ചക്കറി, നെൽകൃഷിക്ക് വിത്തും കൂലിചെലവ് നൽകൽ, തെങ്ങിന് ജൈവവളം, മഞ്ഞൾഗ്രാമം, പയർകൃഷിക്ക് ധനസഹായം, സർക്കാരിന്റെ പുതിയ സംരംഭമായ ഞങ്ങളും കൃഷിയിലേക്ക് പുതിയ തലമുറയെ കാർഷിക മേഖലയിലേക്ക് കൊണ്ടുവരുന്നതിനു വേണ്ടി ഞങ്ങളും കൃഷിയിലേക്ക്, ഹരിതമോഹനം എന്നീ പദ്ധതികൾ നടപ്പിലാക്കാൻ കഴിഞ്ഞു.

ക്ഷീരമേഖലയിൽ ക്ഷീരകർഷകർക്ക് നല്ല രീതിയിലുള്ള സഹായകരമായ പദ്ധതികളായ ധാതുലവണങ്ങൾ വാങ്ങി നൽകൽ, വിരമരുന്ന് വിതരണം, ക്ഷീരസംഘങ്ങൾ മുഖേന കാലിത്തീറ്റ വിതരണം, കന്നുകുട്ടി പരിപാലനം, മൃഗാശുപത്രിക്ക് ആവശ്യമായ അറ്റകുപ്പണികൾ എന്നിവ നടപ്പിലാക്കി.

മത്സ്യമേഖലയിൽ മത്സ്യ തൊഴിലാളികളുടെ മക്കൾക്ക് ഫർണിച്ചർ വിതരണം, കല്ലുമ്മക്കായ കൃഷി, ബയോഫ്ലോക്ക് എന്നീ പദ്ധതികൾ നടപ്പിലാക്കാൻ കഴിഞ്ഞു.

സേവന മേഖല

പൊതുജനങ്ങളുടെ ആരോഗ്യ സംരക്ഷണത്തിന് വേണ്ടി പി.എച്ച്.സി, പുന്നച്ചേരി, താവം ആയുർവേദ ആശുപത്രി, ഹോമിയോ ഡിസ്പെൻസറി എന്നീ സ്ഥാപനങ്ങൾക്ക് മരുന്ന് വാങ്ങി വിതരണം ചെയ്തു. അതിദരിദ്രർക്ക് ചികിത്സാസഹായം നൽകി, കാൻസർ പ്രതിരോധ ബോധവൽക്കരണം നടത്തി. പഞ്ചായത്തിലെ പൊതുകിണറുകൾ അറ്റകുറ്റപ്പികൾ നടത്തി കുടിവെള്ള ലഭ്യത ഉറപ്പാക്കി. തെരുവ് വിളക്ക് ഇല്ലാത്ത പ്രദേശങ്ങളിൽ പുതുതായി വൈദ്യുത ലൈൻ വലിച്ചു.

വഴിയോര വിശ്രമകേന്ദ്രം പൊതുജനങ്ങൾക്ക് വേണ്ടി തുറന്നു കൊടുത്തു. ലൈഫ് ഭവനപദ്ധതിയിലെ ഗുണഭോക്താക്കൾക്ക് ടോയലറ്റ് സൌകര്യം ഉണ്ടാക്കി. അതിദരിദ്രർക്ക് ചികിത്സാ സഹായം നല്കിയിട്ടുണ്ട്. അതിജീവനം അതിവേഗം എന്ന പ്രവൃത്തിയിലൂടെ ആവശ്യമായ സഹായങ്ങൾ നല്കാൻ സാധിച്ചിട്ടുണ്ട്. വയോജനങ്ങൾക്ക് വേണ്ടി മെഡിക്കൽ ക്യാമ്പ് നടത്തി.

വിദ്യാഭ്യാസ വികസനത്തിന്റെ ഭാഗമായി പഞ്ചായത്തിലെ എല്ലാ വിദ്യാഭ്യാലയങ്ങൾക്കും പത്രമാസികകൾ വിതരണം ചെയ്തു. സമഗ്ര വിദ്യാഭ്യാസ പദ്ധതി, ബാലസഭാ പ്രവർത്തനങ്ങൾ നടത്തി.

പഞ്ചായത്തിലെ 18 അങ്കണവാടികളിലും പോഷകാഹാരം വിതരണവും അങ്കണവാടികളുടെ റിപ്പയർ നടത്തുകയും ചെയ്തു.

ലൈഫ് ഭവന പദ്ധതിയിൽ വീട് ലഭിക്കാത്തവരുടെ വളരെ പഴക്കമുള്ള വീടുകളുടെ റിപ്പയർ പ്രവർത്തനം നടത്തി. ലൈഫ് 2020 പദ്ധതിയിൽ 22 പട്ടികജാതി ഗുണഭോക്താക്കളിൽ 19 പേർ എഗ്രിമെൻറ് വച്ച് തുക നല്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നുണ്ട്.

സർക്കാരിന്റെ പ്രത്യേക നിർദ്ദേശ പ്രകാരമുള്ള വിശപ്പ് രഹിത കേരളം പദ്ധതി പ്രകാരം ജനകീയഹോട്ടൽ നല്ല രീതിയിൽ നടന്നു വരുന്നു.

## പശ്ചാത്തല മേഖല

സർക്കാരിന്റെ നിബന്ധനകൾക്ക് വിധേയമായി പശ്ചാത്തല മേഖലയ്ക്ക് വിഹിതം നിശ്ചയിച്ചു. റോഡ് റീ ടാറിംഗ് , കലുങ്കുകൾ പുതുക്കി പണിതു, മോശമായ റോഡുകൾ റീ ടാറിംഗ് പ്രവൃത്തി നടത്തി സഞ്ചാര യോഗ്യമാക്കി.

## പട്ടികജാതി മേഖല

പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ്, മെറിറ്റോറിസ് സ്കോളർഷിപ്പ്, ഫർണിച്ചർ വിതരണം എന്നിവ നടത്തി. സ്വയംതൊഴിൽ സംരംഭം (വനിതകൾക്ക്) വേണ്ടി യൂണിറ്റുകൾ ആരംഭിച്ചു. വിവാഹധനസഹായം 2 പേർക്ക് അനുവദിച്ചിട്ടുണ്ട്. ലൈഫ് പദ്ധതിയുടെ നാലാം ഘട്ടത്തിൽ 22 പേരെ തെരഞ്ഞെടുത്തു. ഇവർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകി. എഗ്രിമെന്റ് വയ്ക്കാനാവശ്യമായ നടപടി സ്വീകരിച്ചു.

## വാർഷിക പദ്ധതി അവലോകനം 2023-24

ചെറുകുന്ന് ഗ്രാമപഞ്ചായത്തിൽ 2023-24 സാമ്പത്തിക വർഷത്തിൽ 106 പുതിയ പ്രോജക്ടുകളും 28 സ്പിൽ ഓവർ പ്രോജക്ടുകളും അടക്കം ആകെ 134 പദ്ധതികൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്. ആയതുപ്രകാരം ഉല്പാദന മേഖലക്ക് 35,83,354 രൂപ പദ്ധതി വിഹിതം ഉൾപ്പെടെ 6578640 രൂപ വകയിരുത്തിയിട്ടുണ്ട്. സേവന മേഖലക്ക് 92,10,622 രൂപ പദ്ധതി വിഹിതം ഉൾപ്പെട്ട 5,93,29,342 രൂപ അടങ്കലും.. പശ്ചാത്തല മേഖലക്ക് 12,29,960 രൂപ വികസനഫണ്ട് ഉൾപ്പെടെ 1,41, 99,695 രൂപ അടങ്കലും, പട്ടിക ജാതി മേഖലയിൽ 26,87,974 രുപ പദ്ധതി വിഹിതം ഉൾപ്പെടെ 72, 27, 974 രൂപ അടങ്കലും അടക്കം ആകെ 8,01,07,677 രൂപയുടെ പദ്ധതിക്കാണ് ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരം ലഭിച്ചത്.

### ഉല്പാദനമേഖല

ഉല്പാദനമേഖലയിൽ ആകെ 24 പദ്ധതികൾക്കാണ് അംഗീകാരം ലഭിച്ചത്.

കൃഷിമേഖലയിൽ 8 പ്രോജക്യകളിൽ കവുങ്ങിൻ തൈകളുടെ വിതരണം പദ്ധതി പൂർത്തീകരിച്ചുണ്ട്. നെൽകൃഷിക്ക് വിത്തും കൂലി ചിലവും, കണ്ണൂർചില്ലീസ്, കുറ്റി കുരുമുളക് തൈവിതരണം, തെങ്ങിന് ജൈവവളം എന്നീ പദ്ധതികൾ അന്തിമഘട്ടത്തിലാണ്. പയറുവർഗ്ഗ കൃഷിക്ക് ധനസഹായം, , ഇടവിള കൃഷി, അടുക്കളത്തോട്ടം-മൺച്ചട്ടിയിൽ പച്ചക്കറി കൃഷി എന്നീ പദ്ധതികൾ ജനുവരി ഫിബ്രവരി മാസത്തോടെ പൂർത്തീകരിക്കും.

മൃഗസംരക്ഷണ മേഖലയിൽ 4 പദ്ധതികളാണ് ഉള്ളത് അതിൽ പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി ഒഴികെ ബാക്കി എല്ലാ പദ്ധതികളും പൂർത്തീകരിച്ചിട്ടുണ്ട്.

ക്ഷീരമേഖലയിൽ 2 പദ്ധതികൾ ക്ഷീര കർഷകർക്ക് കാലിത്തീറ്റ വിതരണം പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട്. ക്ഷീര കർഷകർക്ക് പാലിന് അധിക വില പദ്ധതി നടപ്പിലാക്കിവരുന്നു. വർഷാവസനാത്തോടെ പദ്ധതി പൂർത്തീകരിക്കുന്നതിന് സാധിക്കും

മത്സ്യമേഖലക്ക് കുടിലെ കൃഷി പദ്ധതിയുടെ ഗുണഭോക്താവിനെ അംഗീകരിച്ചിട്ടുണ്ട്. പദ്ധതി നടപ്പിലാക്കി വരുന്നു.

വിശപ്പ് രഹിത കേരളം- കുടുംബശ്രീ ജനകീയ ഹോട്ടൽ പദ്ധതി 50 ശതമാനം പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട്. സ്വയം തൊഴിൽ സംരംഭം പദ്ധതികളുടെ ഗുണഭോക്തൃലിസ്റ്റ് അംഗീകരിച്ച പദ്ധതി നടപ്പിലാക്കി വരുന്നു.

സേവനമേഖല

ആയുർവ്വേദ ആശുപത്രിക്ക് മരുന്ന് വാങ്ങുന്ന പദ്ധതിക്ക് 1500000 രൂപ വകയിരുത്തിയിട്ടുണ്ട്. പദ്ധതി നടപ്പിലാക്കിവരുന്നു. മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തുന്ന പദ്ധതികളിൽ 5 സ്പീപിൽ ഓവർ പദ്ധതികൾ ഉള്പ്പെടെ 17 പദ്ധതികളും നടപ്പിലാക്കി വരുന്നു.

ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് പദ്ധതി നടപ്പിലാക്കി വരുന്നു.

വിദ്യാഭ്യാസ മേഖലയിൽ ഉൾപ്പെട്ട സമഗ്ര വിദ്യാഭ്യാസ പരിപാടി, പ്രൈമറി സ്കൂളുകൾക്ക് പത്രമാസികകൾ എന്നീപദ്ധതികൾ നടപ്പിലാക്കി വരുന്നു. കേരളോത്സവം പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട്. കിക്കോഫ്- വിദ്യാർത്ഥികൾക്ക് ഫുട്ബോൾ പരിശീലനപദ്ധതി ആരംഭിച്ചിട്ടുണ്ട്. കുട്ടികൾക്ക് നീന്തൽ പരിശീലനം പദ്ധതി ആരംഭിച്ചിട്ടില്ല.

പഞ്ചായത്ത് ആഫീസിലേക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ ഐ കെ എം ന് തുക നൽകൽ, ഫോട്ടോകോപ്പിയർ വാങ്ങൽ, യു പി എസിന് ബാറ്ററി വാങ്ങൽ എന്നീ പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. കമ്പ്യൂട്ടറുകളുടെയും അനുബന്ധ ഉപകരണങ്ങളുടെ അറ്റകുറ്റപണി, ടെക്കനിക്കൽ അസിസ്റ്റൻറിൻറെ വേതനം, പ്രോജക്ട് അസിസ്റ്റൻറിൻറെ വേതനം, പദ്ധതി രൂപീകരണം നിർവ്വഹണ മോണിറ്ററിംഗ് എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

പശ്ചാത്തലമേഖലയിൽ 10 പ്രോജക്ടുകളുടെ ടെണ്ടർ നടപടി പൂർത്തീകരിച്ചിട്ടുണ്ട് തുടർ നടപടികൾ സ്വീകരിച്ചുവ വരുന്നു ഫിബ്രവരി മാസത്തോടെ വർക്കുകൾ പൂർത്തീകരിക്കും ബക്കിയുള്ളവ നടപ്പിലാക്കിവരുന്നു. സ്ട്രീറ്റ് ലൈൻ വലിക്കുന്നതിന് കെ എസ്, ഇ. ബി ക്ക് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് കത്ത് നൽകിയിട്ടുണ്ട്. തെരുവിളക്ക് എ എം സി പദ്ധതി നടപ്പിലാക്കി വരുന്നു.

ലൈഫ് ഭവന പദ്ധതി

ലൈഫ് ഭവന പദ്ധതിയിൽ ലൈഫ് 2020 ലിസ്റ്റിൽ ഉൾപ്പെട്ട 47 ഭവന രഹിതർക്ക് കരാർ വെച്ചു ആനുകൂല്യം നൽകി തുടങ്ങി, ഇതിൽ 17 പേർ പ്രവൃത്തി പൂർത്തീകരിച്ചു.

## ലൈഫ് അതിദരിദ്രം

ലൈഫ് അതിദരിദ്രം ഭൂമിയുള്ള ഭവനരഹിതർ 8 പേരാണ് ഉള്ളത് അതിൽ 5 പേർ കരാർ വെച്ച് പണി നടന്നു വരികയാണ്. ലൈഫ് അതിദരിദ്രം ഭൂരഹിത ഭവനരഹിതരുടെ ലിസ്റ്റിൽ രണ്ടുപേർ ഉൾപ്പെട്ടിട്ടുണ്ട്.

റിംഗ് കമ്പോസ്റ്റ് 252 പേരുടെ ഗുണഭോക്തൃ പട്ടിക അംഗീകരിച്ച് വിതരണം ആരംഭിച്ചിട്ടുണ്ട് ജനുവരി മാസത്തോടെ പദ്ധതി പൂർത്തീകിരിക്കുന്നതാണ്.

## പട്ടിക ജാതി (സെപ്ഷ്യൽ കോമ്പോണൻറ് പ്ലാൻ) (എസ്.സി.പി)

വിവാഹ ധനസഹായം എസ്.സി.പി 1,25,000 അനുവദിച്ചു, പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് അനുവദിച്ചിട്ടുണ്ട്. വിട് വാസയോഗ്യമാക്കൽ എസ്. സി രണ്ട് ഗുണഭോക്താക്കളെ തിരഞ്ഞെടുത്തിട്ടുണ്ട്. സ്വയം തൊഴിൽ സംരംഭം വനിത എസ്.സി ഗുണഭോക്താകളെ തെരഞ്ഞെടുത്തിട്ടുണ്ട്. പള്ളിക്കര പട്ടികജാതി ശ്മശാനം പണി പൂർത്തീകരിച്ചിട്ടുണ്ട്. കട്ടക്കുളം എസ്.സി ശ്മശാനത്തിൻറെ വർക്ക് നടന്നുവരുന്നു.

## വാർഷിക പദ്ധതി അവലോകനം 2024-25

ചെറുകുന്ന് ഗ്രാമപഞ്ചായത്തിൽ 2024-25 സാമ്പത്തിക വർഷത്തിൽ 151 പുതിയ പ്രോജക്ടുകളും 53 സ്പിൽ ഓവർ പ്രോജക്ടുകളും അടക്കം ആകെ 134 പദ്ധതികൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്. ആയതുപ്രകാരം ഉല്പാദന മേഖലക്ക് 63,79,835 രൂപ പദ്ധതി വിഹിതം ഉൾപ്പെടെ 30,10,871 രൂപ വകയിരുത്തിയിട്ടുണ്ട്. സേവന മേഖലക്ക് 6860956 രൂപ പദ്ധതി വിഹിതം ഉൾപ്പെട്ടു 5,93,29,342 രൂപ അടങ്കലും പശ്ചാത്തല മേഖലക്ക് 18875752 രൂപ വികസനഫണ്ട് ഉൾപ്പെടെ 1,41, 99,695 രൂപ അടങ്കലും, പട്ടിക ജാതി മേഖലയിൽ 26,87,974 രൂപ പദ്ധതി വിഹിതം ഉൾപ്പെടെ 9763000 രൂപ അടങ്കലും അടക്കം ആകെ 8,01,07,677 രൂപയുടെ പദ്ധതിക്കാണ് ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരം ലഭിച്ചത്.

## ഉല്പാദനമേഖല

ഉല്പാദനമേഖലയിൽ ആകെ 24 പദ്ധതികൾക്കാണ് അംഗീകാരലഭിച്ചത്.

കൃഷിമേഖലയിൽ 7 പ്രോജക്ടുകളിൽ കവുങ്ങിൻ തൈകളുടെ വിതരണം പദ്ധതി പൂർത്തീകരിച്ചുണ്ട്. നെൽകൃഷിക്ക് വിത്തും കൂലി ചിലവും, കുറ്റി കുരുമുളക് തൈവിതരണം, തെങ്ങിന് ജൈവവളം എന്നീ പദ്ധതികൾ അന്തിമഘട്ടത്തിലാണ്. പയറുവർഗ്ഗ കൃഷിക്ക് ധനസഹായം, , ഇടവിള കൃഷി, അടുക്കളത്തോട്ടം-

മൺച്ചട്ടിയിൽ പച്ചക്കറി കൃഷി എന്നീ പദ്ധതികൾ ജനുവരി ഫെബ്രുവരി മാസത്തോടെ പൂർത്തീകരിക്കും.

മൃഗസംരക്ഷണ മേഖലയിൽ 5 പദ്ധതികളാണ് ഉള്ളത് അതിൽ പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി ഒഴികെ ബാക്കി എല്ലാ പദ്ധതികളും പൂർത്തീകരിച്ചിട്ടുണ്ട്.

ക്ഷീരമേഖലയിൽ സ്പിൽ ഓവർ അടക്കം 4 പദ്ധതികൾ ക്ഷീര കർഷകർക്ക് കാലിത്തീറ്റ വിതരണം പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട്. ക്ഷീര കർഷകർക്ക് പാലിന് അധിക വില പദ്ധതി നടപ്പിലാക്കിവരുന്നു. വർഷാവസനാത്തോടെ പദ്ധതി പൂർത്തീകരിക്കുന്നതിന് സാധിക്കും

മത്സ്യമേഖലക്ക് ഉൾനാടൻ മത്സ്യ തൊഴിലാളിക്ക് വല നൽകുന്ന പദ്ധതി, മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ഫർണിച്ചർ എന്നീ പദ്ധതിയുടെ ഗുണഭോക്താവിനെ അംഗീകരിച്ചിട്ടുണ്ട്. പദ്ധതി നടപ്പിലാക്കി വരുന്നു.

വിശപ്പ് രഹിത കേരളം- കുടുംബശ്രീ ജനകീയ ഹോട്ടൽ പദ്ധതി 50 ശതമാനം പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട്. സ്വയം തൊഴിൽ സംരംഭം പദ്ധതികളുടെ ഗുൻഭോക്തൃലിസ്റ്റ് അംഗീകരിച്ചു പദ്ധതി നടപ്പിലാക്കി വരുന്നു.

സേവനമേഖല

ആയുർവ്വേദ ആശുപത്രിക്ക് മരുന്ന് വാങ്ങുന്ന പദ്ധതിക്ക് 1500000 രൂപ വകയിരുത്തിയിട്ടുണ്ട്. പദ്ധതി നടപ്പിലാക്കിവരുന്നു. മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തുന്ന പദ്ധതികളിൽ 5 സ്പിൽ ഓവർ പദ്ധതികൾ ഉൾപ്പെടെ 17 പദ്ധതികളും നടപ്പിലാക്കി വരുന്നു.

ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് പദ്ധതി നടപ്പിലാക്കി വരുന്നു.

വിദ്യാഭ്യാസ മേഖലയിൽ ഉൾപ്പെട്ട സമഗ്ര വിദ്യാഭ്യാസ പരിപാടി, പ്രൈമറി സ്കൂളുകൾക്ക് പത്രമാസികകൾ എന്നീപദ്ധതികൾ നടപ്പിലാക്കി വരുന്നു. കേരളോത്സവം പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട്. കിക്കോഫ്- വിദ്യാർത്ഥികൾക്ക് ഫുട്ബോൾ പരിശീലനപദ്ധതി ആരംഭിച്ചിട്ടുണ്ട്.

പഞ്ചായത്ത് ഓഫിസിലേക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ, ഐ കെ എം ന് തുക നൽകൽ എന്നീ പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. കമ്പ്യൂട്ടറുകളുടെയും അനുബന്ധ ഉപകരണങ്ങളുടെ അറ്റകുറ്റപണി, ടെക്കനിക്കൽ

അസിസ്റ്റന്റിൻറെ വേതനം, പ്രോജക്ട് അസിസ്സന്റൻറിൻറെ വേതനം, പദ്ധതി രൂപീകരണം നിർവ്വഹണ മോണിറ്ററിംഗ് എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

പശ്ചാത്തല മേഖലയിൽ 12 പ്രോജക്ടുകളുടെ ടെണ്ടർ നടപടി പൂർത്തീകരിച്ചിട്ടുണ്ട് തുടർ നടപടികൾ സ്വീകരിച്ചുവ വരുന്നു ഫിബ്രവരി മാസത്തോടെ വർക്കുകൾ പൂർത്തീകരിക്കും ബക്കിയുള്ളവ നടപ്പിലാക്കിവരുന്നു. സ്ട്രീറ്റ് ലൈൻ വലിക്കുന്നതിന് കെ എസ്, ഇ. ബി ക്ക് എസ്റ്റിമേറ്റ് തുക കൈമാറി. തെരുവിളക്ക് എ എം സി പദ്ധതി നടപ്പിലാക്കി വരുന്നു.

2024-25 വർഷത്തിൽ ലൈഫ് ഭവന പദ്ധതി ആകെ 58 ഭവനരഹിതർക്ക് കരാർ വെച്ച് ആനുകൂല്യങ്ങൾ നൽകി തുടങ്ങി. ഇതിൽ 46 പേർ ഭവനം പൂർത്തീകരിച്ചു, പട്ടികജാതി 11 പേർ, അതിദരിദ്രർ 7 പേരും, മത്സ്യത്തൊഴിലാളി ഒന്നും പൊതുവിഭാഗത്തിൽ 39 പേരുമാണ്. ഭൂരഹിത ഭവനരഹിത പട്ടികയിൽ ഉൾപ്പെട്ട ഒരു ഗുണഭോക്താവും കരാർ വെച്ചിട്ടുണ്ട്.
ലൈഫ് അതിദരിദ്രം

പട്ടികയിലുള്ള ഭൂമിയുള്ള ഭവന രഹിതരിൽ 8 പേരിൽ 7 പേരും കരാർ വെച്ചു. അതിൽ 5 പേര് നിർമ്മാണം പൂർത്തീകരിച്ചു. ഒരാളുടെ ഭവന നിർമ്മാണം പണി നടന്നു വരുന്നു. അതിദരിദ്ര പട്ടികയിൽ ഭൂരഹിത ഭവനരഹിതരിൽ 2 പേർ ഉൾപ്പെട്ടിട്ടുണ്ട്.

പട്ടിക ജാതി (സെപ്ഷ്യൽ കോമ്പോണൻറ് പ്ലാൻ) (എസ്.സി.പി)

വിവാഹ ധനസഹായം എസ്.സി.പി 1,25,000 അനുവദിച്ചു, പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് അനുവദിച്ചിട്ടുണ്ട്. വീട് വാസയോഗ്യമാക്കൽ എസ്. സി രണ്ട് ഗുണഭോക്താക്കളെ തിരഞ്ഞെടുത്തിട്ടുണ്ട്. സ്വയം തൊഴിൽ സംരംഭം വനിത എസ്.സി ഗുണഭോക്താകളെ തെരഞ്ഞെടുത്തിട്ടുണ്ട്. പട്ടികജാതി നഗറിൽ സോളാർ ലൈറ്റ് റിപ്പയർ പദ്ധതി നടപ്പിലാക്കി വരുന്നു.

| 2024-25 പദ്ധതി ചെലവ് | | | |
|---|---|---|---|
| ഫണ്ട് | വരവ് | ചെലവ് | ശതമാനം |
| വികസന ഫണ്ട് ജനറൽ | 11922767 | 11922767 | 100% |
| വികസന ഫണ്ട് എസ് സി പി | 2636062 | 2636062 | 100% |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് ബേസിക് | 2234227 | 1788525 | 80.05% |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് ടൈഡ് | 5013773 | 2343121 | 46.73% |
| മെയിന്റനൻസ് റോഡ് | 8762000 | 8762000 | 100% |
| മെയിന്റനൻസ് റോഡിതരം | 4485000 | 4485000 | 100% |

## വാർഷിക പദ്ധതി 2025-26 അവലോകനം

ചെറുകുന്ന് ഗ്രാമപഞ്ചായത്തിന് 2025-26 സാമ്പത്തിക വര്ഷം 34 സ്പിൽ ഓവർ പ്രോജക്ടുകൾ ഉൾപ്പെടെ ആകെ 150 പ്രൊജക്ടുകൾക്കാണ് അംഗീകാരം ലഭിച്ചത്. ആയതുപ്രകാരം ഉത്പാദന മേഖലയിൽ 3251699/- രൂപ പദ്ധതി വിഹിതം ഉൾപ്പെടെ 6038747/- രൂപ അടങ്കലും, സേവന മേഖലയിൽ 13974034/- രൂപ പദ്ധതി വിഹിതം ഉൾപ്പെടെ 55911585/- രൂപ അടങ്കലും, പശ്ചാത്തല മേഖലയിൽ 5837838 രൂപ പദ്ധതി വിഹിതം ഉൾപ്പെടെ 19570827/- രൂപ അടങ്കലും, പട്ടികജാതി മേഖലയിൽ 2849000/- രൂപ പദ്ധതി വിഹിതം ഉൾപ്പെടെ 4272560/- രൂപയടക്കം ആകെ 81521159/- രൂപയുടെ പ്രോജക്ട്ടിനാണ് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം നൽകിയത്.

## ഉത്പാദന മേഖല

ഉത്പാദന മേഖലയിലെ 16 പ്രോജക്ടുകളിൽ കൃഷി മേഖലയിലെ മുഴവൻ പ്രൊജക്ടുകളും പൂർത്തീകരിച്ചു. മൃഗസംരക്ഷണ മേഖലയിലെ 59% ചിലവഴിച്ചിട്ടുണ്ട്, പദ്ധതികൾ എല്ലാം തന്നെ പൂർത്തീകരിച്ചിട്ടുണ്ട്. മത്സ്യതൊഴിലാളികൾക്ക് വാട്ടർ ടാങ്ക് പദ്ധതി പൂർത്തീകരിക്കുന്നതിന് ഫെബ്രുവരി മാസത്തിൽ സാധിക്കും, സ്വയം തൊഴിൽ സംരംഭം ഗ്രൂപ്പ് വനിത, പദ്ധതി നടപ്പിലാക്കി വരുന്നു. സ്വയം തൊഴിൽ സംരംഭം വനിത, സ്വയം തൊഴിൽ സംരംഭം വനിത (എസ് സി) എന്നിവ നടപ്പിലാക്കി വരുന്നു.

നെൽകൃഷിക്ക് വിത്ത് കൂലിചെലവ് പദ്ധതി പ്രകാരം നടപ്പിലാക്കി വരുന്നു. 90 ഹെക്ടർ സ്ഥലത്ത് നെൽകൃഷി നടന്നു, ആയതു വഴി ഉല്പാദനവും ഉൽപ്പാദനക്ഷമതയും വർധിപ്പിച്ചു. തരിശ് വയൽ കൃഷിയോഗ്യമാക്കുക വഴി നെല്ല്

ഉല്പാദനം ഗണ്യമായ തോതിൽ വർദ്ധിപ്പിക്കുന്നതിന് സാധിച്ചിട്ടുണ്ട്. തെങ്ങിന് ജൈവവളം പദ്ധതി വഴി ഗുണഭോക്താക്കൾക്ക് ജൈവവളം നൽകുക വഴി ഉത്പാദനവും ഉൽപ്പാദനക്ഷമതയും വർധിപ്പിച്ചു. നിലവിൽ 65 ഹെക്ടർ സ്ഥലത്ത് തെങ്ങ് കൃഷി ചെയ്തുവരുന്നുണ്ട്. പച്ചക്കറി കൃഷി പദ്ധതി വഴി പച്ചക്കറി കൃഷിയിൽ പുരോഗതി കൈവരിക്കുന്നതിന് സാധിച്ചു. , കുറ്റികുരുമുളക് പദ്ധതിയിലൂടെ കുരുമുളക് കൃഷി വ്യാപിപ്പിക്കുന്നതിന് സാധിച്ചു. ഇടവിളയുടെ വിസ്തൃതി വ്യാപിപ്പിക്കുകയും കർഷകന്റെ ആദായം വർദ്ധിപ്പിക്കുകയും ചെയ്തു. പയർ വർഗ്ഗ കൃഷി വർദ്ധിപ്പിക്കുന്നതിനോടൊപ്പം ഉൽപ്പാദനവും മണ്ണിന്റെ ഫലഭൂയിഷ്ഠത വർദ്ധിപ്പിക്കുകയും ചെയ്തു. തരിശുനിലത്ത് പച്ചക്കറികൃഷി നടപ്പിലാക്കാൻ സാധിച്ചു. കൈപ്പാട് നെൽകൃഷി വികസനം പദ്ധതിയിലൂടെ നെല്ല് ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് സാധിച്ചിട്ടുണ്ട്

ഉത്പാദന മേഖലയിൽ മുട്ടക്കോഴി വിതരണം പദ്ധതി വഴി മുട്ട ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. 10 ഗുണഭോക്താക്കൽക്ക് കറവ പശുക്കളെ വിതരണം ചെയ്യുന്നതിനുള്ള പദ്ധതി അന്തിമ ഘട്ടത്തിലാണ്. മൃഗാശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ പദ്ധതിയിൽ 190000/- രൂപയ്ക്ക് മരുന്ന് വാങ്ങി കർഷകർക്ക് ആവശ്യത്തിനനുസരിച്ച് വിതരണം ചെയ്യുക വഴി ചികിത്സാ രംഗത്ത് നേട്ടമുണ്ടാക്കാൻ സാധിച്ചു. 54 ക്ഷീരകർഷകർക്ക് പാലിന് അധിക വില നൽകുന്നതിനു. ക്ഷീര സംഘം മുഖേന 54 കൃഷിക്കാർക്ക് കാലിത്തീറ്റ വിതരണം ചെയ്യുന്നതിനും. അതുവഴി പാലുല്പാദനം വർദ്ധിപ്പിക്കുന്നതിന് പദ്ധതി തയ്യാറാക്കി

സർക്കാരിൻറെ പന്ത്രണ്ടിന പരിപാടിയിൽ ഉൾപ്പെടുത്തി ആരംഭിച്ച വിശപ്പ് രഹിത കേരളം - കുടുംബശ്രീ ജനകീയ ഹോട്ടലിന്റെ വാടക, കറന്റ് ചാർജ്ജ് വെള്ളക്കരം അടക്കൽ പദ്ധതി നടന്നു വരുന്നു.

മത്സ്യമേഖലയിൽ മത്സ്യതൊഴിലാളികളായ 40 പേർക്ക് വാട്ടർ ടാങ്ക് വിതരണം ചെയ്യുന്നതിന് നടപടികൾ പൂർത്തീകരിച്ചു

**സേവനമേഖല**

സേവനമേഖലയിൽ ആയുർവ്വേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ, ആയുർവേദ ആശുപത്രി ഫാർമസി നവീകരണം, പിഎച്ച്സിക്ക് മരുന്നും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ, ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ, ആർദ്രം കുടുംബ ആരോഗ്യ കേന്ദ്രം ഡോക്ടർ പാരാ മെഡിക്കൽ സ്റ്റാഫ് ഹോണറേറിയം, ക്യാൻസർ പ്രതിരോധവും നിയന്ത്രണവും, ഐകെഎം - ന് തുക നൽകൽ, ഗ്രാമപഞ്ചായത്തിലെ കംപ്യൂട്ടറുകളുടെയും അനുബന്ധ ഉപകരണങ്ങളുടെയും വാർഷിക അറ്റകുറ്റപണി, വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെ കണ്ടീജെൻസി ചെലവുകൾ, പഞ്ചായത്തോഫീസിലേക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ, കേരള വാട്ടർ അതോറിറ്റിക്ക് കുടിവെള്ള കരം അടക്കൽ, ഐഎസ്ഒ റീസർട്ടിഫിക്കേഷനും അനുബന്ധ പ്രവർത്തനങ്ങളും, അംഗനവാടി ജീവനക്കാരുടെ പ്രതിഫല ഇനത്തിൽ ഈടാക്കുന്ന തുക, ലൈഫ്

മിഷൻ വായ്പ മുതൽ തിരിച്ചടവ്, ബാലസഭാ പ്രവർത്തനങ്ങള്, പ്രൈമറി സ്കൂളുകൾക്ക് പത്രമാസികകൾ, അങ്കണവാടികളുടെ അറ്റകുറ്റപ്പണി, ടെക്നിക്കൽ അസിസ്റ്റന്റിന് വേതനം, ജെണ്ടർ റിസോഴ്സ് സെന്റർ, ജീവിതമാണ് ലഹരി ലഹരി അല്ല ജീവിതം, എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

പഞ്ചായത്ത് ഓഫീസിലേക്ക് കംപ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി കമ്പ്യൂട്ടറുകൾ വാങ്ങുന്നതിന് .

ശുചിത്വ മേഖലയുമായി ബന്ധപ്പെട്ട് ജൈവ മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കുക എന്ന ലക്ഷ്യത്തോടെ റിംഗ് കമ്പോസ്റ്റ് വിതരണം ചെയ്തുവരുന്നു.

ലൈഫ് ഭവന പദ്ധതി എസ് സി ജനറൽ നാലാം ഘട്ടം പദ്ധതിയിൽ ഗുണഭോക്താക്കൾക്ക് വീട് നിർമ്മിക്കാൻ ധനസഹായം നൽകി. 2025-26 ലൈഫ് ഭവന നിർമ്മാണ പദ്ധതി പ്രകാരം 10 വീടുകളാണ് പൂർത്തീകരിക്കേണ്ടത് ആയത് ലക്ഷ്യം കൈവരിച്ചു.

ശാരീരിക മാനസീകമായ വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് നവംബർ മാസം വരെയുള്ളത് വിതരണം ചെയ്തു. ഭിന്നശേഷിക്കാർക്ക് 200000 രൂപയുടെ സഹായ ഉപകരണങ്ങൾ വിതരണം ചെയ്തു. പദ്ധതി പൂർത്തീകരിച്ചു, അങ്കണവാടികൾക്ക് ഭൌതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനുള്ള ക്വട്ടേഷൻ അംഗീകരിച്ചു. അങ്കണവാടി പോഷകാഹാര പരിപാടി, മുട്ടിൽ നഴ്സറി സ്കൂളിൽ പോഷകാഹാര പരിപാടി, നവംമ്പർ മാസം വരെയുള്ള ബിൽ തുക കൈമാറി വയോജന ഉപകരണ വിതരണം പദ്ധതിയുടെ ഹിയറിംഗ് എയിഡ് നൽകുന്നതിന് മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു.

## പശ്ചാത്തലമേഖല

പള്ളിക്കര പത്തൊന്നിൽ നഗർ പടിഞ്ഞാറ് ഭാഗം റോഡ് നിർമ്മാണം, പള്ളിക്കര വടക്ക് ജുമാ മസ്ജിദ് കിഴക്ക് ഭാഗം നടപ്പാത, കുന്നനങ്ങാട് മുതിരക്കടവ് കാവിൻ മുനമ്പ് ഫാം റോഡ് നിർമ്മാണം, ഒദയമ്മാടം വേങ്കിൽ റോഡ് റീ ടാറിംങ്, മുണ്ടപ്പുറം ലിങ്ക് റോഡ് റീടാറിംങ്, ക്രഷർ റോഡ് മുതൽ പച്ച ഭാസ്കരന്റെ വീട് വരെയുള്ള ആദ്യഘട്ട ഫോർമേഷൻ എന്നീ റോഡ് പ്രവർത്തികൾ പൂർത്തീകരിച്ചു. കൊവ്വപ്പുറം കെ എസ് ടി പി റോഡിൽ പാതയോര സൗന്ദര്യവൽക്കരണം പ്രവർത്തി പുരോഗമിക്കുന്നു. താവം പുഴയോരം റോഡ് റീടാറിംഗ്, ചെറുകുന്ന് അന്നപൂർണേശ്വരി ക്ഷേത്ര ചിറ ബാലവാടി ലിങ്ക് റോഡ് റീടാറിംഗ്, പള്ളിച്ചാൽ ഇടത്തട്ട റോഡ്, ഒടിയിൽ പീടികയിൽ ദാലിൽ വടക്കുഭാഗം റോഡ് റീ ടാറിംങ്, കുന്നനങ്ങാട് ഹരിജൻ നഗർ കാവിൻ മുനമ്പ് റോഡ് നവീകരണം, കവിണിശ്ശേരി മുച്ചിലോട്ട് കാവ് നാല് സെന്റ് നഗർ ലിങ്ക് റോഡ് ഇന്റർലോക്കിങ് എന്നീ പ്രവർത്തി 2026 ഫെബ്രുവരിയോട്ടു കൂടി പൂർത്തീകരിക്കാൻ സാധിക്കും. ഗവൺമെന്റ് നോർത്ത് എൽ പി സ്കൂൾ കെട്ടിടം അറ്റകുറ്റപ്പണി, പള്ളിക്കര സ്മാർട്ട് അംഗനവാടി കെട്ടിട നിർമ്മാണം എന്നിവ പൂർത്തീകരിച്ചു. ആയുർവേദ ആശുപത്രി അറ്റകുറ്റപ്പണി, പി എച്ച് സി കെട്ടിട നവീകരണം, വിവിധ

അംഗനവാടികളിൽ ടോയ്‌ലറ്റ് നവീകരണം, ഹാപ്പിനസ് പാർക്ക് എന്നീ പ്രവർത്തികൾ പുരോഗമിച്ചു കൊണ്ടിരിക്കുന്നു.

കുടിവെള്ളം, ശുചിത്വം

പൊതുകുളങ്ങളുടെയും പൊതുകിണർ അറ്റകുറ്റപ്പണി ജനോപകാരപ്രദമായി നടന്നിട്ടുണ്ട്. വിവിധ വാർഡുകളിലായി ബോട്ടിൽ ബൂത്തുകൾ സ്ഥാപിച്ചിട്ടുണ്ട്. ടേക്ക് എ ബ്രേക്ക് പ്രവർത്തിച്ചു വരുന്നുണ്ട്. ടേക്ക് എ ബ്രേക്ക് - വഴിയോര വിശ്രമ കേന്ദ്രത്തിലെ കഫേയുടെ മുൻവശത്ത് ഷീറ്റിടുന്ന പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.

ലൈഫ് ഭവനപദ്ധതി

ലൈഫ് ഭവന പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ എട്ട് പേർ ജനറൽ വിഭാഗത്തിലും രണ്ട് പേർ എസ്. സി. വിഭാഗത്തിലുമായി പത്ത് പേർ വീട് നിർമ്മാണം പൂർത്തിയാക്കി. രണ്ടാം ഘട്ടത്തിൽ 19 പേർ ജനറൽ വിഭാഗത്തിലും 3 പേർ എസ്. സി. വിഭാഗത്തിലുമായി ആകെ 22 ഗുണഭോക്താക്കൾ വീട് നിർമ്മാണം പൂർത്തിയാക്കി. മൂന്നാം ഘട്ടത്തിൽ ഇതുവരെയായി 3 ജനറൽ വിഭാഗക്കാർക്ക് ഭൂമി വാങ്ങി നൽകുവാൻ ധനസഹായം നൽകിയിട്ടുണ്ട്. 3 ഫേസ് 1 എസ് സി ഭവന നിർമ്മാണം പൂർത്തിയാക്കി. ലൈഫ് ഭവന പദ്ധതി നാലാം ഘട്ടത്തിൽ 10 വീടുകൾ പൂർത്തിയാക്കിയിട്ടുണ്ട്. ലൈഫ് 2020 16 പേർ എസ് സി കുടുംബങ്ങൾ നിർമ്മാണം ആരംഭിച്ചു, 13 പേർ പൂർത്തീകരിച്ചു. 6 അതിദരിദ്രർക്കുള്ള വീട് നിർമ്മാണം പൂർത്തീകരിച്ചു. 45 പേർ പൊതുവിഭാഗത്തിലും നിർമ്മാണം ആരംഭിച്ചു 41 പേർ പൂർത്തീകരിച്ചു. ആശ്രയ വീട് റിപ്പയർ പദ്ധതിയിൽ ഉൾപ്പെടുത്തി രണ്ട് ഗുണഭോക്താക്കൾ പ്രവൃത്തി പൂർത്തീകരിച്ചു. ഫിഷറീസ് ഒരാൾ കരാർ വെച്ച് പൂർത്തീകരിച്ചു. വാസയോഗ്യമല്ലാത്ത വീടുകൾവാസയോഗ്യമാക്കൽ (പട്ടികജാതി) എന്ന പ്രവൃത്തിയിൽ രണ്ട് പേര് പ്രവൃത്തി പൂർത്തിയാക്കി. വാസയോഗ്യമല്ലാത്ത വീടുകൾ വാസയോഗ്യമാക്കൽ (ജനറൽ) എന്ന പദ്ധതിയിൽ 26 ഗുണഭോക്താക്കൾക്ക് അഡ്വാൻസ് തുക നൽകി. 25 ഗുണഭോക്താക്കൾ വീട് പണി പൂർത്തിയാക്കി. 14 ലൈഫ് ഗുണഭോക്താക്കൾക്ക് കക്കൂസ് നിർമ്മാണത്തിന് ധനസഹായം അനുവദിച്ചു. അഡീഷണൽ പട്ടികജാതി ഭവന ഭൂരഹിതരിൽ കരാർ വെച്ച 12 പേരും ഭവനം പൂർത്തീകരിച്ചു.

ലൈഫ് അതിദരിദ്രം

ലൈഫ് അതിദരിദ്രം ഭൂമിയുള്ള ഭവനരഹിതർ 8 പേരാണ് ഉള്ളത് അതിൽ 7 പേർ കരാർ വെച്ച് 6 പേർ പണി പൂർത്തിയാക്കി. ലൈഫ് അതിദരിദ്രം ഭൂരഹിത ഭവനരഹിതരുടെ ലിസ്റ്റിൽ രണ്ടു പേർ ഉൾപ്പെട്ടിട്ടുണ്ട്.

റിംഗ് കമ്പോസ്റ്റ് 330 പേരുടെ ഗുണഭോക്തൃ പട്ടിക അംഗീകരിച്ചിട്ടുണ്ട്. ഫെബ്രുവരി മാസത്തോടെ പദ്ധതി പൂർത്തീകിരിക്കുന്നതാണ്.

പട്ടിക ജാതി (സെപ്ഷ്യൽ കോമ്പോണന്റ് പ്ലാൻ) (എസ്.സി.പി)

വിവാഹ ധനസഹായം എസ്.സി.പി 1,25,000 അനുവദിച്ചു, പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് പദ്ധതി പൂർത്തീകരിച്ചു. വീട് വാസയോഗ്യമാക്കൽ എസ്. സി രണ്ട് ഗുണഭോക്താക്കളെ തിരഞ്ഞെടുത്ത് പദ്ധതി നടപ്പിലാക്കി വരുന്നു. സ്വയം തൊഴിൽ സംരംഭം വനിത, സ്വയം തൊഴിൽ സംരംഭം വനിത ഗ്രൂപ്പ്, സ്വയം തൊഴിൽ സംരംഭം വനിത എസ്.സി ഗുണഭോക്താകളെ തെരഞ്ഞെടുത്തിട്ടുണ്ട്. എസ് സി കുടുംബങ്ങൾക്ക് പി വി സി വാട്ടർ ടാങ്ക്, പട്ടിക ജാതി നഗറുകളിലെ സോളാർ ലൈറ്റ് റിപ്പയർ എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

| 2025-26 പദ്ധതി ചെലവ് | | | |
|---|---|---|---|
| ഫണ്ട് | വരവ് | ചെലവ് | ശതമാനം |
| വികസന ഫണ്ട് ജനറൽ | 13326000 | 7494858 | 56.2 |
| വികസന ഫണ്ട് എസ് സി പി | 2849000 | 1809000 | 63.5 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് ബേസിക് | 1894800 | 971646 | 51.3 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് ടൈഡ് | 2842200 | 79155 | 2.8 |
| മെയിന്റനൻസ് റോഡ് | 12439000 | 429424 | 34.5 |
| മെയിന്റനൻസ് റോഡിതരം | 4544000 | 2837482 | 62.4 |

# അദ്ധ്യായം - 3

## പ്രശ്ന വിശകലനവും പ്രശ്ന പരിഹാര സാധ്യതകളും

### 1. പൊതുഭരണം, ധനകാര്യം

പൊതുഭരണം, ധനകാര്യം എന്നിവയുമായി ബന്ധപ്പെട്ടുകൊണ്ട് പഞ്ചായത്ത് നേരിടുന്ന പ്രധാന വെല്ലുവിളികളിൽ ഒന്ന് പഞ്ചായത്തിന്റെ തനത് ഫണ്ട് ജനകീയാവശ്യങ്ങൾ നിർവ്വഹിക്കാനുതകുന്ന വിധത്തിൽ പര്യാപ്തമല്ല എന്നതാണ്. ഓരോ മേഖലയിലും പുതിയ പദ്ധതികൾ ഏറ്റെടുക്കാനും നിലവിലുള്ള പദ്ധതികൾ വിപുലമാക്കാനും തനത് ഫണ്ട് വർദ്ധിക്കേണ്ടതുണ്ട്. ഏതെല്ലാം മേഖലകളിൽ പഞ്ചായത്തിന് കൂടുതൽ ധനശേഖരണം നടത്താനാവുമെന്ന് സമഗ്രമായി പരിശോധിക്കണം. നികുതി വർദ്ധിപ്പിക്കാതെയും പുതിയ മേഖലകൾ കണ്ടെത്തിയും തനത്ഫണ്ട് വർദ്ധിപ്പിക്കാൻ സാധിക്കണം. പൊതുഭരണം കുറേക്കൂടി ജനസൗഹൃദവും കാര്യക്ഷമവുമാക്കാൻ ആധുനിക സാങ്കേതികവിദ്യകളുടെ സാദ്ധ്യതകൾ പരമാവധി ഉപയോഗിക്കുന്നുണ്ടെങ്കിലും ജനങ്ങൾക്ക് തൽക്ഷണം തൽസമയ സേവനങ്ങൾ നല്കാൻ പൊതുഭരണസംവിധാനത്തെ പരിഷ്കരിക്കണം. വിളിപ്പുറത്ത് ജനങ്ങൾക്ക് സേവനങ്ങൾ ലഭ്യമാക്കുന്ന നിലയിൽ ഉദ്യോഗസ്ഥസേവനശൃഖല ഉണ്ടാകണം.

### 2. കൃഷി

നെല്ല്, തേങ്ങ,പച്ചക്കറികൾ,ഫലവൃക്ഷങ്ങളിൽ നിന്നുള്ള വിളവുകൾ മറ്റ് ഉൽപ്പന്നങ്ങൾ എന്നിവയുടെ കാര്യത്തിൽ പഞ്ചായത്തിന് സ്വയം പര്യാപ്തമുണ്ടാക്കാൻ സാധിക്കുന്നില്ല. കാർഷികമേഖലയിൽ തൊഴിലാളികളെ യഥാവസരം ലഭിക്കാത്തതും ഒരു പരിമിതിയാണ്. പഞ്ചായത്തിലെ ഓരോ വാർഡിലും ചെയ്യാവുന്ന കൃഷികളെപ്പറ്റി ജനങ്ങളെ ബോധവൽക്കരിക്കണം. കർഷകർക്കുള്ള ഉല്പാദനബോണസ്സ് വർദ്ധിപ്പിക്കണം. തേങ്ങ, പച്ചക്കറികൾ എന്നിവയുടെ സംഭരണം, വിപണനം എന്നിവ കാര്യക്ഷമമാക്കണം. സമ്പൂർണ്ണ തരിശുരഹിത പഞ്ചായത്തായി പ്രഖ്യാപിക്കാൻ ആവശ്യമായ ഇടപെടലുകൾ നടത്തണം. ഓരോ വീട്ടിലും അടുക്കളത്തോട്ടം എന്ന പദ്ധതി വ്യാപകമാക്കണം. വേനൽക്കാലത്തും ശൈത്യകാലത്തും പച്ചക്കറികൾ വളർത്താനുള്ള പരിപാടികൾ തയ്യാറാക്കണം. വിദ്യാലയങ്ങളിൽ പച്ചക്കറികൃഷിയുടെ പ്രോത്സാഹനത്തിന് പ്രത്യേക പദ്ധതികൾ ആവിഷ്കരിക്കണം. പൂകൃഷി,ഔഷധകൃഷി എന്നിവയ്ക്ക് മാതൃകസ്റ്റേഷനുകൾ തയ്യാറാക്കണം.

'മിയാവാക്കി' വനങ്ങൾ എല്ലാ വാർഡുകളിലും തയ്യാറാക്കണം.

കൃഷിഭവന്റെ പ്രവർത്തനങ്ങൾ സജീവമാക്കണം.

കർഷകകൂട്ടായ്മകൾ ശക്തമാക്കണം.

കർഷകരുടെ പഠനയാത്രകൾ സംഘടിപ്പിക്കണം.

കാർഷികമേളകളും പ്രദർശനങ്ങളും സംഘടിപ്പിക്കണം.

ഫലവൃക്ഷ ൾ വ്യാപകമായി കൃഷി ചെയ്യാനുള്ള സാദ്ധ്യതകൾ ആരായണം.

കാർഷികമേഖലയിൽ തൊഴിൽസേന ഉണ്ടാക്കണം. യന്ത്രവൽക്കരണം പ്രോത്സാഹിപ്പിക്കണം.

3. <u>മൃഗസംരക്ഷണം,ക്ഷീരവികസനം</u>

ആട്, പശു, മുട്ടക്കോഴി എന്നിവയെ വളർത്തുന്നതിൽ വേണ്ടത്ര താൽപര്യവും കാര്യക്ഷമവും കാണിക്കുന്നില്ല. തീറ്റപ്പുല്ല് കുറഞ്ഞ വിലയ്ക്ക് ലഭിക്കുന്നില്ല.

പാൽ, മുട്ട എന്നിവയുടെ കാര്യത്തിൽ സ്വയം പര്യപ്തതയില്ല.

ക്ഷീരസഹകരണ സംഘമില്ല.

ആടുവളർത്തൽ, പശുവളർത്തൽ എന്നിവയ്ക്ക് പ്രോത്സാഹനങ്ങൾ, അവാർഡുകൾ എന്നിവ നൽകണം.

കോഴിമുട്ടയുടെ ഉല്പാദനം വർദ്ധിപ്പിക്കാൻ 'കോഴിയും കൂടും' എന്ന പദ്ധതി വ്യാപകമാക്കണം. കോഴിമുട്ടയുടെ സംഭരണം, വിപണനം എന്നിവ കാര്യക്ഷമമാക്കണം.

ക്ഷീരസഹകരണസംഘം രൂപീകരിച്ചു പ്രവർത്തനം ഫലപ്രദമാക്കണം.

4. <u>പ്രാദേശിക സാമ്പത്തിക വികസനം</u>

കുടുംബശ്രീയുടെ സാദ്ധ്യതകൾ പൂർണ്ണമായും ഉപയോഗപ്പെടുത്താനാവുന്നില്ല. പുതിയ മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ നിർമ്മാണം വഴി തൊഴിൽ സാദ്ധ്യതകൾ കണ്ടെത്താനാവുന്നില്ല. ഭാവനാപൂർണ്ണമായ തൊഴിൽസംരംഭങ്ങൾ ആരംഭിക്കാൻ കഴിയുന്നില്ല. പുതിയ ചെറുകിടവ്യവസായ സംരംഭങ്ങൾ ആരംഭിക്കാൻ സാധിക്കുന്നില്ല. കുടുംബശ്രീയുടെ സാദ്ധ്യതകൾ പരമാവധി ഉപയോഗപ്പെടുത്തണം. കുടുംബശ്രീയുടെ നേതൃത്വത്തിൽ പഞ്ചായത്തിലെ വിവിധ ഭാഗങ്ങളിൽ ചന്തകൾ (ആഴ്ച്ചചന്തകൾ, മാസച്ചന്തകൾ, വിശേഷാഘോഷങ്ങളിലുള്ള ചന്തകൾ) എന്നിവ നടത്തണം. ചന്തകളുടെ സംഘടനച്ചുമതലകൾ പ്രദേശത്തെ അയൽക്കൂട്ടങ്ങളോ എ.ഡി.എസ്സുകളോ, സന്നദ്ധസംഘടനകളോ ഏറ്റെടുക്കണം. ചന്തകളിൽ സ്ഥിരമായി വിപണനത്തിന് വയ്ക്കുന്ന ഉൽപ്പന്നങ്ങൾക്കു പുറമെ മൂല്യവർദ്ധിതഉല്പന്നങ്ങൾ വില്പനയ്ക്ക് വയ്ക്കണം.

പുരുഷന്മാരുടെ സ്വയംസഹായസംഘങ്ങൾ ഓരോ പ്രദേശത്തെയും സാദ്ധ്യതയ്ക്കനുസരിച്ച് രൂപീകരിക്കണം. കുടുംബശ്രീ അംഗങ്ങൾക്ക് പുതിയ തൊഴിലുകളിൽ പരിശീലനങ്ങൾ നൽകി അവരെ തൊഴിൽ സജ്ജരാക്കണം. 2022-23 സംരംഭക വർഷത്തിൽ കല്ല്യാശ്ശേരി ബ്ലോക്കിൽ ഒന്നാമതായും കണ്ണൂർ താലൂക്കിൽ രണ്ടാമതായും ലക്ഷ്യം കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. നിലവിൽ കണ്ണൂർ ജില്ലയിൽ മൂന്നാം സ്ഥാനത്തും സംസ്ഥാനത്ത് 29-ാം സ്ഥാനത്തും നില്ക്കുന്നു.

## 5. ദാരിദ്ര്യലഘൂകരണം

ഭവനനിർമ്മാണത്തിനാവശ്യമായ സാധനസാമഗ്രികൾ പ്രാദേശികമായി ലഭ്യമാക്കാനുള്ള സാദ്ധ്യതകൾ കണ്ടെത്തണം. സാധനങ്ങൾ കുറഞ്ഞ വിലയിൽ ലഭ്യമാക്കാൻ സഹകരണസംഘങ്ങളുടെ മാതൃകയിൽ ചെറിയ ഗ്രൂപ്പുകൾ/കൂട്ടായ്മകൾ സംഘടിപ്പിക്കാനുള്ള സാദ്ധ്യതകൾ പരിശോധിക്കണം. ഗൃഹനിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിൽ മിതമായ കൂലിനിരക്കിൽ വിവിധ തൊഴിലുകൾ ചെയ്യാൻ കഴിയുന്നവരുടെ സംഘം രൂപീകരിക്കുകയും ഓരോ അവസരത്തിലും തൊഴിലാളികളെ ബന്ധപ്പെട്ടവർക്ക് എത്തിച്ചുകൊടുക്കുകയും ചെയ്യണം. ലൈഫ് ഭവന പദ്ധതിയിൽ വീട് ലഭിക്കാത്തവരുടെ വളരെ പഴക്കമുള്ള വീടുകളുടെ റിപ്പയർ പ്രവർത്തനം നടത്തി. ലൈഫ് 2020 പദ്ധതിയിൽ കരാർ വെച്ച 22 ഗുണഭോക്താക്കളിൽ മുഴുവൻ പേരും വര്ക്ക് പൂർത്തീകരിച്ചുണ്ട്.

സർക്കാരിന്റെ പ്രത്യേക നിർദ്ദേശ പ്രകാരമുള്ള വിശപ്പ് രഹിത കേരളം പദ്ധതി പ്രകാരം ജനകീയഹോട്ടൽ നല്ല രീതിയിൽ നടന്നു വരുന്നു

## 6. സാമൂഹ്യനീതി

അങ്കണവാടികളിൽ വച്ചോ വാർഡുകളിൽ പ്രത്യേക സ്ഥലത്തോ ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ എന്നിവരുടെ ആരോഗ്യപരിശോധന കൃത്യമായ ഇടവേളകളിൽ നടത്തുക. അവർക്കു പോഷകാഹാരങ്ങൾ വിതരണം ചെയ്യുക.

കുട്ടികൾ, ഭിന്നശേഷിയുള്ളവർ, വയോജനങ്ങൾ എന്നിവർക്കായി ഓരോ മാസം കൂടുമ്പോഴോ രണ്ടു മാസത്തിലൊരിക്കലോ മെഡിക്കൽക്യാമ്പുകൾ സംഘടിപ്പിക്കുക. നിശ്ചിത ആരോഗ്യ നിലവാരമില്ലാത്തവർക്കായി ആവശ്യമായ തുടർചികിത്സയും തുടർപ്രവർത്തനങ്ങളും നടത്തുക.

വയോജനങ്ങൾക്കുള്ള പാലിയേറ്റീവ് കെയർ പദ്ധതി ഫലപ്രദമാക്കാൻ കൂടുതൽ സന്നദ്ധപ്രവർത്തകരെ സംഘടിപ്പിക്കുക.

പകൽവീട്ടിൽ കൂടുതൽ വയോജനങ്ങളെ എത്തിച്ച് അവിടെ അവർക്കാവശ്യമായ വിവിധ പരിപാടികൾ നടത്തുക. വിദഗ്ധരുടെ ക്ലാസുകൾ, പ്രഭാഷണങ്ങൾ എന്നിവ സംഘടിപ്പിക്കുക.

വയോമിത്രം പരിപാടി വ്യാപകമാക്കുക.

സീനിയർസിറ്റിസൺസ്ഫോറം, പെൻഷണർ സംഘടനകൾ, വയോജന ക്ലബ്ബുകൾ എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ വിവിധ പരിപാടികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുക.

## 7. ജെൻഡറും വികസനവും കുട്ടികളുടെ വികസനവും

ലിംഗവിവേചനം ഇല്ലാതാക്കുവാൻ ബോധവൽക്കരണ പ്രവർത്തനങ്ങൾ ശക്തമാക്കണം. ജാഗ്രതാസമിതികൾ വാർഡുതലത്തിൽ സജീവമാക്കണം.

ജെൻഡർ റിസോഴ്സ് സെന്ററിന്റെ പ്രവർത്തനങ്ങൾ കൂടുതൽ ഫലപ്രദമാക്കാൻ ആവശ്യമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പാക്കണം.

സ്വകാര്യ മേഖലയിൽ സ്ത്രീകൾക്ക് കിട്ടുന്ന കുറഞ്ഞ കൂലി തൃപ്തികരമായ നിലയിൽ വർദ്ധിപ്പിക്കാൻ യുക്തമായ നിയമനടപടികൾ സ്വീകരിക്കണം.

ബാലസഭയുടെ പ്രവർത്തനങ്ങൾ സജീവവും വൈവിദ്ധ്യപൂർണവുമാക്കാൻ ആവശ്യമായ പ്രവർത്തന പരിപാടികൾ ആവിഷ്കരിച്ച് നടപ്പാക്കണം.

## 8. പട്ടികജാതി വികസനം

പട്ടികജാതി വിഭാഗത്തിലുള്ള വിദ്യർത്ഥികളെ ഉപരിപഠനത്തിനു തല്പ്പരരാക്കാൻ പ്രത്യേക ക്ലാസ്സുകൾ നൽകണം. ഈ വിഭാഗത്തിലുള്ളവർക്ക് പി.എസ്.സി. കോച്ചിംഗ് ഏർപ്പെടുത്തണം. സ്കോളർഷിപ്പുകളും അവാർഡുകളും നൽകി വിദ്യർത്ഥികളെ പ്രോത്സാഹിപ്പിക്കണം.

തെറ്റായ ശീലങ്ങളിൽ നിന്നും അനഭിലഷണിയമായ പ്രവർത്തനങ്ങളിൽ നിന്നും ഈ വിഭാഗത്തിലുൾപ്പെടുന്നവരെ പിന്തിരിപ്പിക്കാൻ ക്ലാസുകൾ, റെസിഡൻഷ്യൽ ക്യാമ്പുകൾ എന്നിവ സംഘടിപ്പിക്കണം. കൌൺസിലിങ്ങുകൾ ആവശ്യമുള്ളവർക്ക് ആയത് നല്കണം.

ഭവനനിർമ്മാണത്തിനായി അനുവദിക്കപ്പെടുന്ന തുക മറ്റ് ആവശ്യങ്ങൾക്കായി ഉപയോഗിക്കപ്പെടാതിരിക്കാൻ ഭവനനിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിൽ ഫലപ്രദമായ പരിശോധനയും തുടർപ്രവർത്തനങ്ങളും നടത്തണം.

9. **ആരോഗ്യം**

പകർച്ചവ്യാധികൾ, ജീവിതശൈലിരോഗങ്ങൾ എന്നിവയെ പ്രതിരോധിക്കാൻ സഹായകമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തണം.

സന്നദ്ധസേവകരുടെ സ്ക്വാഡുകൾ വാർഡ് തലത്തിലും പഞ്ചായത്ത് തലത്തിലും സംഘടിപ്പിക്കണം. വിദഗ്ധ ഡോക്ടർമാരെ പങ്കെടുപ്പിച്ചു കൊണ്ടുള്ള മെഡിക്കൽക്യാമ്പുകൾ, പ്രഭാഷണങ്ങൾ, ക്ലാസ്സുകൾ എന്നിവ നടത്തണം. സ്കൂളുകൾ,വായനശാലകൾ, ഗ്രന്ഥാലയങ്ങൾ എന്നിവയുടെ പങ്കാളിത്തത്തോടെയും സഹകരണത്തോടെയും ആരോഗ്യക്ലാസുകൾ ബോധവൽക്കരണ പ്രവർത്തനങ്ങൾ എന്നിവ നടത്തണം.

10. **കുടിവെള്ളം,ശുചിത്വം**

മാലിന്യനിർമ്മാർജ്ജന പ്രവർത്തനങ്ങൾ ചിട്ടയായും ക്രമമായും സംഘടിപ്പിക്കണം. ഇതിനായി വ്യക്തമായ പ്രവർത്തനപരിപാടി തയ്യാറാക്കണം. കിണർറീചാർജ്ജിംഗ്, മഴവെള്ളസംഭരണികളുടെ നിർമ്മാണം എന്നിവ വ്യാപകമാക്കണം. പ്ലാസ്റ്റിക് സഞ്ചികളുടെ ഉപയോഗം, വിൽപ്പന എന്നിവ നിയന്ത്രിക്കാനും തുണിസഞ്ചി, കടലാസ് സഞ്ചി എന്നിവയുടെ ഉപയോഗം വ്യാപകമാക്കണം. ഫലപ്രദമായ പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പാക്കണം.

11. **വിദ്യാഭ്യാസം,കലയും സംസ്കാരവും,യുവജനകാര്യം**

വിദ്യർത്ഥികളുടെ പഠനനിലവാരം ഉയർത്താൻ വിദഗ്ധരുടെ ക്ലാസ്സുകളും പ്രഭാഷണങ്ങളും പരിശീലങ്ങളും വിദ്യാലയങ്ങളിൽ സംഘടിപ്പിക്കുന്നതിനും പ്രോത്സാഹനം നൽകുക.

സ്കോളർഷിപ്പുകൾ, അവാർഡുകൾ എന്നിവ വിവിധ തലങ്ങളിൽ ഏർപ്പെടുത്തി വിദ്യാർഥികളിൽ പഠനഭിമുഖ്യം വളർത്തുകയും ശക്തിപ്പെടുത്തുകയും ചെയ്യുക. കേരളോൽസവം, ബാലോൽസവം എന്നിവ ഫലപ്രദമായി സംഘടിപ്പിക്കുക. കായിക പരിശീലനങ്ങൾ, ടൂര്ണ്ണമെന്റുകൾ എന്നിവ സംഘടിപ്പിക്കുക. വായനശാലകൾ, ഗ്രന്ഥാലയങ്ങൾ, കലാസമിതികൾ എന്നിവയുടെ പ്രവർത്തനങ്ങൾ ശക്തമാക്കാൻ ഫലപ്രദമായ പ്രവർത്തനപരിപാടികൾ നടപ്പാക്കുക.

തുടർവിദ്യാഭ്യാസത്തിനു ആവശ്യമായ പ്രോത്സാഹനം നൽകുക. വിവിധ തലങ്ങളിലുള്ള തുടർവിദ്യാഭ്യാസ പ്രവർത്തനങ്ങളിൽ ആഭിമുഖ്യമുണ്ടാക്കാൻ ഫലപ്രദമായ പ്രചാരണപരിപാടികൾ സംഘടിപ്പിക്കുക.

12. **പൊതുമരാമത്ത്**

ഫണ്ടിന്റെ അപര്യാപ്തത പൊതുമരാമത്ത് പ്രവർത്തനങ്ങൾ കൂടുതൽ ഏറ്റെടുക്കാൻ തടസ്സമായി നിൽക്കുന്നുണ്ട്. അതുകൊണ്ട് തനത് ഫണ്ട് വേണ്ടത്ര ലഭ്യമായാലെ മരാമത്ത് പ്രവർത്തനങ്ങൾ ജനകീയാവശ്യങ്ങൾക്കനുസരിച്ച് വേഗത്തിൽ നടപ്പാക്കാനാവു. തനത് ഫണ്ട് വർദ്ധിപ്പിക്കുന്നതിനായി പഞ്ചായത്ത് ഓഫീസിന് മുൻവശത്ത് ലഭ്യമാക്കിയ സ്ഥലത്ത് ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾക്ക് തുക വകയിരുത്തിയിട്ടുണ്ട്.

13. **ജൈവവൈവിദ്ധ്യ മാനേജ്മെന്റ്**

ജൈവവൈവിദ്ധ്യം സംരക്ഷിക്കാനും പരിസ്ഥിതി സംരക്ഷിക്കാനും യുക്തവും ഫലപ്രദവുമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കണം.

നിലവിലുള്ള തോടുകളും കുന്നുകളും ജലാശയങ്ങളും സംരക്ഷിക്കാൻ വ്യക്തമായ പ്രവർത്തന പരിപാടികൾ ആവിഷ്കരിച്ച് നടപ്പാക്കണം.

2030 ആകുമ്പോഴേക്കും നെറ്റ് സീറോ കാർബൺ എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി വിവിധ പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നുണ്ട്.

പഞ്ചായത്തിൽ അനുയോജ്യമായ സ്ഥലങ്ങൾ കണ്ടെത്തി വിനോദ സഞ്ചാര കേന്ദ്രങ്ങളായി വികസിപ്പിക്കണം. കാവിൻ മുനമ്പ് ,പാടിയിൽ തുടങ്ങിയ സ്ഥലങ്ങൾ ഈ ആവശ്യത്തിലേക്കായി പരിഗണിക്കാവുന്നതാണ്. പാതയോര സൌന്ദര്യ വൽക്കരണത്തിനും ഹാപ്പിനസ്സ് പാർക്ക് നിർമ്മിക്കുന്നതിനും പദ്ധതി തയ്യാറാക്കിയിട്ടുണ്ട്.

# അദ്ധ്യായം - 4

## വികസന കാഴ്ചപ്പാട്, ലക്ഷ്യങ്ങൾ, തന്ത്രം

പതിനാലാം പഞ്ചവത്സരപദ്ധതിയിലൂടെ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ പഞ്ചായത്തിലെ ജനങ്ങളുടെ ഭാവിപുരോഗതിക്കും വികസനത്തിനും തികച്ചും സഹായകമാകുമെന്നാണ് പഞ്ചായത്ത് ഉറച്ചു വിശ്വസിക്കുന്നത്.

ഓരോ വികസന മേഖലയിലും സ്വീകരിക്കുന്ന നയവും തന്ത്രവുമാണ് ചുവടെ സൂചിപ്പിക്കുന്നത്.

കൈപ്പാട് കൃഷി ഉൾപ്പെടെയുള്ള സമഗ്രനെൽകൃഷി വികസനം പതിനാലാം പഞ്ചവത്സരപദ്ധതിയിലൂടെ സാദ്ധ്യമാക്കണം. ഇതിനായി യന്ത്രവൽക്കരണം വ്യാപിപ്പിക്കണം കാർഷിക രംഗത്ത് തൊഴിലാളികളെ യഥാവസരം ലഭിക്കാത്ത അവസ്ഥയ്ക്ക് മാറ്റം വരുത്താൻ ഒരു പരിധിവരെ യന്ത്രവൽക്കരണത്തിലൂടെ സാധിക്കും. ഒപ്പം ഊർജ്ജസ്വലമായ ഒരു കാർഷികകർമ്മസേനയ്ക്ക് രൂപം നൽകാനും ഉദ്ദേശിക്കുന്നു.

തെങ്ങുകൃഷി, പച്ചക്കറികൃഷി, ഫലവൃക്ഷകൃഷികളുടെ വ്യാപനം എന്നിവ വഴി കാർഷികമേഖലയിൽ കർഷകർക്ക് നവോന്മേഷം സൃഷ്ടിക്കാൻ കഴിയുമെന്നാണ് വിശ്വസിക്കുന്നത്. ഉഴുന്ന്, പയർ, എള്ള്, മുതിര തുടങ്ങിയ കൃഷികൾ പ്രോത്സാഹിപ്പിക്കാനും ഈ പദ്ധതിയിലൂടെ ലക്ഷ്യമാക്കുന്നുണ്ട്. മിയാവാക്കി വനവൽക്കരണപദ്ധതി അനുയോജ്യമായ പൊതുസ്ഥലങ്ങളിൽ വ്യപിക്കാനും ഉദേശമുണ്ട്. കൃഷിക്കാർക്ക് കൃഷിചെലവ് കുറയ്ക്കാനും അവരുടെ ഉൽപ്പാദനത്തിനനുസരിച്ച് അവർക്ക് ആദായം ലഭ്യമാക്കാനും സഹായകമായ വൈവിദ്യപൂർണ്ണമായ കർഷകപ്രവർത്തനങ്ങളുടെ വ്യാപനമാണ് കാർഷികമേഖലയിലെ വിവിധ പദ്ധതികളിലൂടെ ലക്ഷ്യമാക്കുന്നത്. കാർഷികരംഗത്ത് ഉല്പാദനവും ഉല്പാദനക്ഷമരായും വർദ്ധിപ്പിച്ചുകൊണ്ട് കൃഷിക്കാരെ ഈ മേഖലയിൽ പ്രവർത്തനമികവുള്ളവരാക്കാനാണ് പഞ്ചായത്ത് ആഗ്രഹിക്കുന്നത്.

മൃഗസംരക്ഷണം ക്ഷീരവികസനമേഖലയിൽ സമഗ്രമായ വികസനം കൈവരുത്താൻ പര്യാപ്തമായ കർമപരിപാടികൾക്ക് രൂപം നൽകാനാണ് ആഗ്രഹിക്കുന്നത്. പാലുൽപാദനം, മുട്ടയുൽപാദനം എന്നിവയിൽ സ്വയം പര്യാപ്തത നേടുകയാണ് മുഖ്യലക്ഷ്യം. കറവപ്പശുക്കളുടെ വിതരണം, ആട്ടകളുടെ വിതരണം,

ഓരോ വീട്ടിലും കോഴിവളർത്തൽ, ക്ഷീരകർഷകർക്ക് കാലിത്തീറ്റകൾ വിതരണം ചെയ്യൽ എന്നിവ വഴി ഈ മേഖലയിൽ വമ്പിച്ച മാറ്റം സൃഷ്ടിക്കാനവുമെന്നാണ് പ്രതീക്ഷ. മൃഗാശുപത്രി ആധുനികസൗകര്യങ്ങളോടെ നവീകരിക്കാനും ഉദേശമുണ്ട്.

സാമൂഹ്യനീതിമേഖല പഞ്ചായത്തിന്റെ സവിശേഷപരിഗണന അർഹിക്കുന്ന ഒരു വികസനരംഗമാണ്. സ്വന്തമായി കെട്ടിടമില്ലാത്ത അങ്കണവാടികൾക്കെല്ലാം സ്ഥലം ലഭ്യമാക്കി കെട്ടിടങ്ങൾ നിർമ്മിക്കാൻ ആഗ്രഹിക്കുന്നു. പഞ്ചായത്തിലെ ഒരു അങ്കണവാടിയെ മികച്ച നിലവാരത്തിലേക്കുയർത്തി മാതൃകാ അങ്കണവാടിയായി മാറ്റാനും ഉദ്ദേശമുണ്ട്.

കുട്ടികൾക്ക് ഉല്ലസിക്കാനും വിജയിക്കാനും വിനോദിക്കാനും ഉപയുക്തമായ ഒരു ചിൽഡ്രൻസ് പാർക്ക് നിർമിക്കുക എന്നതും ഒരു പ്രധാന ലക്ഷ്യമാണ്. നിലവിലുള്ള എല്ലാ അങ്കണവാടികളിലും പാചകോപകരണങ്ങളും ടെലിവിഷനുകളും നൽകാനും സൗകര്യമുള്ള സ്ഥലങ്ങളിൽ അങ്കണവാടികൾക്ക് മീറ്റിംഗ്ഹാൾ നിർമ്മിക്കാനും സാദ്ധ്യമാകുമെന്നാണ് പ്രതീക്ഷ. ബാലസഭകുട്ടികൾക്ക് ഫുട്ബോൾ, കരാട്ടെ എന്നിവയിൽ കാര്യക്ഷമവും ഫലപ്രദവുമായ പരിശീലനം നൽകുക എന്നതും പഞ്ചായത്തിന്റെ ലക്ഷ്യമാണ്.

എല്ലാ വാർഡുകളിലും വയോജനങ്ങൾക്ക് വിശ്രമകേന്ദ്രങ്ങൾ പണിയുക, ഭിന്നശേഷിക്കാർക്ക് ഉപകരണങ്ങൾ വിതരണം ചെയ്യുക, വയോജനങ്ങൾക്കായി മെഡിക്കൽക്യാമ്പുകൾ സംഘടിപ്പിക്കുക എന്നിവയും നടപ്പാക്കാനുദ്ദേശിക്കുന്ന പ്രധാന പരിപാടികളാണ്.

വനിതാവികസനവുമായി ബന്ധപ്പെട്ട മുഖ്യസമീപനങ്ങളിൽ ഒന്ന് സ്ത്രീകൾ അബലകളല്ല എന്നും അവർക്ക് സുരക്ഷിതരായി പ്രവർത്തിക്കാനുള്ള സാഹചര്യമുണ്ടെന്നും സ്വയം ബോദ്ധ്യപ്പെടുന്ന നിലയിൽ അവരിൽ കാര്യശേഷിയും തന്റേടവും സൃഷ്ടിക്കുക എന്നതാണ്. നിലവിലുള്ള ജാഗ്രതാസമിതികളുടെ പ്രവർത്തനങ്ങൾ ശക്തമാക്കേണ്ടതുണ്ട്. വനിതകൾക്ക് വിവിധ തൊഴിൽ പരിശീലനങ്ങൾ നൽകാനും അവരെ സ്വാശ്രയത്വതിലേക്ക് നയിക്കുന്ന തൊഴിൽ സംരംഭങ്ങൾ ആരംഭിക്കാനും ഉദ്ദേശിക്കുന്നു. ജീവിതശൈലിരോഗങ്ങളെ പ്രതിരോധിക്കാൻ ആവശ്യമായ ആരോഗ്യശീലങ്ങൾ സൃഷ്ടിക്കാൻ വനിതകളെ ബോധവൽക്കരിക്കേണ്ടതുണ്ട്. യോഗപരിശീലനങ്ങൾ, മെഡിക്കൽക്യാമ്പുകൾ എന്നിവ സംഘടിപ്പിക്കാനും ആഗ്രഹമുണ്ട്.

ആരോഗ്യമേഖലയിൽ അലോപ്പതി, ഹോമിയോപ്പതി, ആയുർവ്വേദം എന്നീ ചികിത്സാ രീതികൾ പഞ്ചായത്തിലെ മുഴുവൻപേർക്കും ഉപയുക്തമാകുന്ന വിധത്തിൽ ബന്ധപ്പെട്ട ആശുപത്രികളുടെ പ്രവർത്തനങ്ങൾ കൂടുതൽ ജനസൗഹൃദമാക്കുകയാണ് പ്രധാനലക്ഷ്യം. ഇതിന്റെ ഭാഗമായി നിലവിലുള്ള പ്രാഥമികാരോഗ്യകേന്ദ്രം കുടുംബാരോഗ്യകേന്ദ്രമായി ഉയർത്തണം. വിവിധ ആശുപത്രികളിലെ അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തുകയും വേണം. ആശുപത്രികളിൽ എത്തുന്ന രോഗികൾക്കും അവരുടെ ആശ്രിതർക്കും ആവശ്യമായ മരുന്നുകളും മറ്റും യഥേഷ്ടം ലഭ്യമാകുന്ന അവസ്ഥ ഉണ്ടാകണം. പ്രായമായ രോഗികൾക്ക് ആശുപത്രിയിലേക്ക് പ്രവേശിക്കാൻ റാമ്പ് സൗകര്യം ഏർപ്പെടുത്തുക എന്നതും പ്രധാന ലക്ഷ്യമാണ്. വിദ്യാഭ്യാസം, കല സാംസ്കാരിക മേഖലകളിൽ നിലവിലുള്ള സൗകര്യങ്ങൾ ആധുനികവൽക്കരിക്കുകയും വ്യാപകമാക്കുകയും ചെയ്യുക എന്നതാണ് സമീപനം. എല്ലാ വിദ്യാലയങ്ങളിലും പത്രമാസികകൾ വിതരണം ചെയ്യാനും പ്രഥമ ശുശ്രൂഷാക്കിറ്റുകൾ നൽകാനും സാധിക്കണം. പഞ്ചായത്തിലെ യു.പി, ഹൈസ്കൂൾ, ഹയർസെക്കൻഡറി വിഭാഗങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥിനികൾക്ക് മാർഷ്യൽ ആർട്സ് പരിശീലനം നൽകാൻ ലക്ഷ്യമുണ്ട്. സാക്ഷരതാമിഷൻറെ നേതൃത്വത്തിലുള്ള തുടർവിദ്യാഭ്യാസപ്രവർത്തങ്ങൾ പഞ്ചായത്തിൽ ഫലപ്രദമാക്കാനാവശ്യമായ പ്രവർത്തനങ്ങൾ സംഘടിപ്പിക്കാനും ഉദ്ദേശമുണ്ട്.

പഞ്ചായത്തിലെ വായനശാലകളുടെയും ഗ്രന്ഥാലയങ്ങളുടെയും കലാസമിതികളുടെയും പ്രവർത്തനങ്ങൾ കൂടുതൽ ശക്തമാക്കാനും അവയുടെ പ്രവർത്തനങ്ങളിൽ ജനങ്ങളെ പൂർവ്വാധികം പങ്കെടുപ്പിക്കാൻ സഹായകമാക്കുന്ന പരിപാടികൾ ആവിഷ്കരിക്കുകയും വേണം. കേരളോത്സവങ്ങളും ഓണാഘോഷങ്ങളും വർധിച്ച ജനപങ്കാളിത്തത്തോടെ മികവാർന്ന നിലയിൽ സംഘടിപ്പിക്കുക എന്നത് ഈ രംഗത്തെ പ്രധാന ലക്ഷ്യമാണ്. കായികപരിശീലനങ്ങളും കായികമേളകളും ഫലപ്രദമായും കാര്യക്ഷമമായും സംഘടിപ്പിക്കാനാവുന്ന നിലയിൽ നിലവിലുള്ള മിനിസ്റ്റേഡിയം നവീകരിക്കാനും ഉദ്ദേശമുണ്ട്.

മത്സ്യബന്ധനമേഖലയിൽ കല്ലുമ്മക്കായകൃഷിക്കു പഞ്ചായത്തിൽ നല്ല സാദ്ധ്യതയുണ്ട്. മത്സ്യത്തൊഴിലാളികളെയും ഈ തൊഴിലിൽ ആഭിമുഖ്യമുള്ളവരെയും കല്ലുമ്മക്കായകൃഷിയിലേക്ക് ആകർഷിക്കുക എന്നത്

പഞ്ചായത്തിന്റെ പ്രധാന ലക്ഷ്യമാണ്. ഈ ലക്ഷ്യസാക്ഷാൽക്കാരത്തിനായി കർമ്മധീരതയോടെ മുന്നോട്ട് പോകുക എന്നതാണ് നമ്മുടെ സമീപനം.

പട്ടികജാതി വികസനമേഖലയിൽ പട്ടികജാതി കുടുംബങ്ങൾക്ക് വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി ഭവനങ്ങൾ നിർമ്മിക്കാനും നിലവിൽ താമസയോഗ്യമല്ലാത്ത വീടുകൾ പുനർനിർമ്മിച്ച വാസയോഗ്യമാക്കാനും പഞ്ചായത്തിനു ഉദേശമുണ്ട്. പട്ടികജാതി വിദ്യർത്ഥികൾക്ക് മത്സര പരീക്ഷകൾക്ക് വിദഗ്ധപരിശീലനം നൽകാനും അർഹരായ വിദ്യാർഥികൾക്ക് അവാർഡുകളും സ്കോളർഷിപ്പുകളും നൽകുക എന്നതും പഞ്ചായത്തിന്റെ വികസനസമീപനമാണ്.

പഞ്ചായത്തിന്റെ വികസന തന്ത്രത്തിന്റെയും സമീപനത്തിന്റെയും കാതൽ ഈ പഞ്ചായത്തിലെ മുഴുവൻ ആളുകളുടെയും ജീവിത നിലവാരം മെച്ചപ്പെടുത്താൻ ആവശ്യമായ പരിപാടികൾ ആവിഷ്കരിച്ച നടപ്പാക്കുക എന്നതാണ്. അതി ദരിദ്ര വിഭാഗത്തിൽപ്പെട്ട ജനങ്ങളുടെ ദാരിദ്ര്യം ഒഴിവാക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കി അവരുടെ ജീവിത നിലവാരം ഉയർത്തി കൊണ്ടു വരിക എന്നത് പഞ്ചായത്തിൻറെ പ്രാഥമിക ലക്ഷ്യമാണ്. ജൈവവൈവിദ്ധ്യങ്ങൾ സംരക്ഷിച്ചുകൊണ്ടും പരിസ്ഥിതി സംരക്ഷണപ്രവർത്തനങ്ങള്ക്ക് ഊന്നൽ നല്കികൊണ്ടും കാലാവസ്ഥാവ്യതിയാനം സൃഷ്ടിക്കുന്ന പ്രത്യാഘാതങ്ങളെ പരമാവധി പ്രതിരോധിച്ച കൊണ്ടും പകർച്ചവ്യാധികൾ, ജീവിതശൈലിരോഗങ്ങൾ എന്നിവയുടെ വ്യാപനത്തെ നിയന്ത്രിച്ച കൊണ്ടും ജനസൗഹൃദപൂർണ്ണമായ ഒരു വികസനനയമാണ് ചെറുകുന്ന് ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്.

ഈ പഞ്ചായത്തിന്റെ കീഴിലുള്ള മുഴുവൻ പൊതുസ്ഥാപനങ്ങളുടെയും പ്രവർത്തനങ്ങൾ പൂർവ്വാധികം കാര്യക്ഷമമാക്കാനും ജനാഭിമുഖ്യമുള്ളവയാക്കി മാറ്റാനും പഞ്ചായത്ത് ആഗ്രഹിക്കുന്നു.

വൃത്തിയും വെടിപ്പും ശുചിത്വവുമുള്ള പരിസരം സുസ്ഥിരമാക്കനാവശ്യമായ സാഹചര്യം സൃഷ്ടിച്ചുകൊണ്ട് മാലിന്യമുക്തമായ ഒരു മേഖലയെ ലക്ഷ്യമാക്കി ആരോഗ്യപൂർണ്ണമായ ഒരു ജനതയെ സൃഷ്ടിക്കാനാവശ്യമായ പ്രവർത്തനപരിപാടികൾ നടപ്പാക്കുക എന്നതും പഞ്ചായത്തിന്റെ വികസനതന്ത്രത്തിന്റെ ഭാഗമാണ്. 2030 ഓടു കൂടി നെറ്റ് സീറോ കാർബൺ എന്ന ലക്ഷ്യം കൈവരിക്കുന്നതിന് വിവിധ പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച വരുന്നുണ്ട്.

കൃഷിയും തൊഴിലും ആരോഗ്യവും വിദ്യാഭ്യാസവും സേവനവും മെച്ചപ്പെടുത്തിയും നവീകരിച്ചും സംതൃപ്തമായ ഒരു ജനജീവിതത്തിനു വഴിത്താര ഒരുക്കാൻ യുക്തമായ പദ്ധതി പ്രവർത്തങ്ങൾ ആവിഷ്കരിച്ച് നടപ്പാക്കുക എന്നതും വികസനസമീപനത്തിലുൾപ്പെടുന്നു.

ജനങ്ങളുടെയും ഉദ്യോഗസ്ഥാനുദ്യോഗസ്ഥരുടേയും സന്നദ്ധ സേവകരുടെയും കൂട്ടായ്മയും സമ്പൂർണ്ണ സഹകരണവും പങ്കാളിത്തവുമുണ്ടെങ്കിൽ വികസനതന്ത്രത്തിന്റെയും സമീപനത്തിന്റെയും അടിസ്ഥാനത്തിൽ പഞ്ചായത്തിനു നേട്ടങ്ങളുടെ പുതിയ പടവുകൾ കയറാൻ കഴിയുമെന്നതിൽ യാതൊരു സംശയവുമില്ല. ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരിന്റെയും ബ്ലോക്ക് - ജില്ല പഞ്ചായത്തുകളുടെയും യഥാവസരത്തിലുള്ള സഹകരണങ്ങളും പിന്തുണയും നിർദ്ദേശങ്ങളും പഞ്ചായത്തിന് ശക്തമായ കൈത്താങ്ങുകളായിരിക്കും.

# അദ്ധ്യായം - 5

## വിഭവസ്രോതസ്സുകളും വകയിരുത്തലുകളും

ചെറുകുന്ന് ഗ്രാമപഞ്ചായത്തിന്റെ പദ്ധതി ആസൂത്രണം സംസ്ഥാന സർക്കാരിന്റെ ബജറ്റ് വിഹിതത്തെ ആശ്രയിച്ചാണ് രൂപപ്പെടുത്തി വരുന്നത്. തനത് ഫണ്ടിന്റെ അഭാവം നൂതനമായ പദ്ധതികൾ ഏറ്റെടുക്കുന്നതിനു തടസ്സം നിൽക്കുന്നുണ്ട്. ഗുണഭോക്തൃ വിഹിതം സമാഹരിച്ചുകൊണ്ടുള്ള പദ്ധതികൾ കാലാകാലങ്ങളിൽ ഏറ്റെടുക്കാറുണ്ടെങ്കിലും അവ മൊത്തം അടങ്കലിന്റെ ചെറിയ ഭാഗം മാത്രമേ വരാറുള്ളൂ. ബാങ്കുകളുമായുള്ള വായ്പാ ബന്ധങ്ങൾ മെച്ചപ്പെടുത്തി കൂടുതൽ വിപുലമായ പദ്ധതികൾ ആവിഷ്കരിക്കപ്പെടേണ്ടതുണ്ട്. മറ്റ് തദ്ദേശസ്ഥാപനങ്ങളുമായി ചേർന്ന് സംയുക്ത പദ്ധതികൾ നടപ്പിലാക്കാനുള്ള സാധ്യതകളും പരിശോധിക്കപ്പെടേണ്ടതുണ്ട്.

1. വിഭവ സ്രോതസ്സുകൾ (2025-26)

| ക്രമ നമ്പർ | വിഭവ സ്രോതസ്സുകൾ | | | വകയിരുത്തുന്ന തുക (രൂപ) |
|---|---|---|---|---|
| (1) | (2) | | | (3) |
| 1 | വികസന ഫണ്ട് | സാധാരണ വിഹിതം | | 13326000 |
| | | പട്ടികജാതി ഉപപദ്ധതി | | 2849000 |
| | | പട്ടികവർഗ്ഗ ഉപപദ്ധതി | | 0 |
| | | പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാൻറ് | ടൈഡ് | 2842000 |
| | | | അൺ ടൈഡ് | 1895000 |
| | | ആകെ | | 20912000 |
| 2 | മെയിന്റനൻസ് ഫണ്ട് | റോഡ് ഇതരം | | 4544000 |
| | | റോഡ് | | 12439000 |
| | | **ആകെ** | | 37895000 |

2. നിർബന്ധമായി വകയിരുത്തേണ്ട വിഭാഗങ്ങൾക്കുള്ള / പ്രത്യേക പദ്ധതികൾക്കുള്ള വകയിരുത്തൽ

| ക്രമ നം | നിർബന്ധമായി വകയിരുത്തേണ്ട വിഭാഗത്തിന്റെ പ്രത്യേക പദ്ധതിയുടെ / പേര് | വകയിരുത്തേണ്ട തുക (രൂപ) | വകയിരുത്തിയ തുക ( രൂപ) |
|---|---|---|---|
| 1 | വനിതാ ഘടക പദ്ധതി | 1305100 | 1364000 |
| 2 | കുട്ടികൾ, ഭിന്നശേഷി | 652550 | 1072950 |
| 3 | വയോജന പദ്ധതി | 652550 | 633410 |
| 4 | അങ്കണവാടി പോഷകാഹാരം | 1840000 | 2440000 |
| 5 | എസ്.എസ്.കെ. വിഹിതം നൽകൽ | 300000 | 300000 |
| 6 | പി.എം.എ.വൈ. ക്ക് അധിക വിഹിതം | 0 | 0 |
| 7 | ആശ്രയ പ്രൊജക്റ്റ് വിഹിതം | 100000 | 100000 |
| 8 | ഐ.കെ.എം. വിഹിതം | 53000 | 55000 |
| 9 | പാർപ്പിട മേഖല-ലൈഫ് ഭവന പദ്ധതി ഉൾപ്പെടെ | 2665200 | 3565200 |

# അദ്ധ്യായം - 7

## പ്രത്യേക പദ്ധതികൾ / പരിപാടികൾ

### ➢ പട്ടികജാതി ഉപപദ്ധതി

ചെറുകുന്ന് ഗ്രാമപഞ്ചായത്തിൽ ആകെയുള്ള ജനസംഖ്യയുടെ 7 ശതമാനത്തോളം പട്ടികജാതിക്കാർ ഉണ്ടെങ്കിലും 1% - 17% വരെയായി വ്യത്യസ്ത അനുപാതത്തിലാണ് ഓരോ വാർഡിലും ഉള്ളത്. നിലവിൽ പട്ടികജാതി വിഭാഗത്തിൽ സാമൂഹ്യ സാമ്പത്തിക സർവ്വേ 2021 പ്രകാരം 312 കുടുംബങ്ങളിലായി 1207 പേരാണുള്ളത് (588 പുരുഷന്മാർ, 619 സ്ത്രീകൾ). പഞ്ചായത്തിലെ 6 കോളനികളിൽ താമസിക്കുന്ന 59 കുടുംബങ്ങൾ ഉൾപ്പെടെ 312 പട്ടികജാതി കുടുംബങ്ങൾ നിലവിലുണ്ട്. ഇതിൽ 32 കുടുംബങ്ങൾ ഭൂരഹിതരും 26 കുടുംബങ്ങൾ ഭവന രഹിതരുമാണ്. നിരക്ഷരരായിട്ടുള്ള 28 പേരിൽ 23 പേരും 60 വയസ്സിനു മുകളിലുള്ളവരാണ്. മുഴവൻ പട്ടികജാതി ജനസംഖ്യയുടെ 6.35 % മാത്രമേ ഒരു ജോലിയും ചെയ്യത്തവരായിട്ടുള്ളൂ. പട്ടികജാതി വിഭാഗത്തിൽ 124 പേർ പത്താം ക്ലാസ്സിനു മുകളിൽ യോഗ്യതയുള്ളവരാണ്. പട്ടികജാതി വിഭാഗത്തിൽ നിലാവിൽ ലൈഫ് ഭവനപദ്ധതി, വീട് വാസയോഗ്യമാക്കൽ, വിവാഹ ധനസഹായം, SC വിദ്യാർഥികൾക്ക് ലാപ്ടോപ്, മെറിറ്റോറിയസ് സ്കോളർഷിപ്പ്, പട്ടികജാതി വിദ്യാർഥികൾക്ക് ഫർണിച്ചർ, സ്വയം തൊഴിൽ സംരംഭം - പട്ടികജാതി വനിതാ, മുൻകാലങ്ങളിൽ സ്ഥാപിച്ച സോളാർ ലൈറ്റുകൾ പ്രവർത്തനക്ഷമമാക്കൽ, പട്ടികജാതി ശ്മശാനങ്ങൾക്ക് ശവമഞ്ചം തുടങ്ങിയ പദ്ധതികൾക്കാണ് മുൻതൂക്കം കൊടുക്കുന്നത്. അഭ്യസ്തവിദ്യരായ യുവതി - യുവാക്കൾക്ക് മത്സരപരീക്ഷകൾക്ക് പരിശീലനം, ജില്ല പഞ്ചായത്തിനു മാത്രമേ ചെയ്യാൻ പറ്റു എന്നുള്ളതിനാൽ നിലവിൽ പഞ്ചായത്തിനു ചെയ്യാൻ പറ്റാത്ത സ്ഥിതിയാണുള്ളത്.

### ➢ വനിതാ ഘടകപദ്ധതി

സാമൂഹ്യ സാമ്പത്തിക സർവ്വേ 2021 റിപ്പോർട്ട് പ്രകാരം ആകെയുള്ള 16273 ജനസംഖ്യയിൽ 8968 പേർ സ്ത്രീകളാണ്. ഇതിൽ 2991 പേർ തൊഴിൽ രഹിതരാണ്. ഈ വർഷം വനിതകൾക്കായി കുടുംബശ്രീ മുഖാന്തിരം ഇടവിള കൃഷി, സ്വയം തൊഴിൽ ഗ്രൂപ്പ് സംരംഭം - വനിത, സ്വയമ തൊഴിൽ സംരംഭം -

വ്യക്തിഗതം, വനിത - വിശപ്പ് രഹിത കേരളം - കുടുംബശ്രീ, മെൻസ്ട്രുവൽ കപ്പ് ലഭ്യമാക്കൽ, സ്ത്രീപദവി പഠനം, ജൻറർ റിസോഴ്സ് സെൻറർ പ്രവർത്തനങ്ങൾ സ്വയംതൊഴിൽ സംരംഭം - പട്ടികജാതി വനിത എന്നിവയ്ക്കാണ് തുക വകയിരുത്തിയിട്ടുള്ളത്. അഭ്യസ്തവിദ്യരായ വനിത തൊഴിൽ രഹിതർക്ക് തൊഴിൽ ലഭ്യമാക്കുന്നതിനാണ് പദ്ധതി ലക്ഷ്യമിടുന്നത്.

## ➢ സാമൂഹ്യസുരക്ഷ പദ്ധതി

2021 ലെ സാമൂഹ്യ സാമ്പത്തിക സർവ്വേ പ്രകാരം 0 – 6 വയസ്സുവരെയുള്ള 1469 കുട്ടികളും, 7 - 14 വയസ്സുവരെയുള്ള 2054 കുട്ടികളുമാണ് ഉള്ളത്. നിലവിൽ 321 ഭിന്നശേഷിക്കാർ ഉള്ളതിൽ 118 പേർ പെൻഷൻ വാങ്ങുന്നവരാണ്. ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ്, ഭിന്നശേഷി കലാമേള എന്നിവയ്ക്ക് ഈ വർഷം ഫണ്ട് നീക്കിവെച്ചിട്ടുണ്ട്. പഞ്ചായത്ത് പരിധിയിൽ ഒരു ബഡ്സ് സ്കൂൾ സ്ഥാപിക്കേണ്ടത് അത്യാവശ്യമായി പരിഗണിക്കേണ്ട വിഷയമാണ്. കുട്ടികൾക്കായി പ്രൈമറി സ്കൂളുകൾക്ക് പത്രമാസികകൾ, കുട്ടികൾക്ക് ഫുട്ബോൾ പരിശീലനം, കുട്ടികൾക്ക് കരാട്ടെ പരിശീലനം, പട്ടികജാതി വിദ്യാർഥികൾക്ക് ഫർണിച്ചർ, ബാലസഭ പ്രവർത്തനങ്ങൾ എന്നിവയ്ക്ക് മുൻതൂക്കം നൽകി ഫണ്ട് നീക്കിവെച്ചിട്ടുണ്ട്. 2021 സർവ്വേ പ്രകാരം 60 വയസ്സിനു മുകളിലുള്ള വയോജനങ്ങൾ 3084 ആണ്. ഇതിൽ കാൻസർ രോഗികൾ 77, ഹൃദ്രോഗികൾ 278, വൃക്കരോഗികൾ 44, പക്ഷാഘാതം 48, മറ്റ് വാർദ്ധക്യസഹജമായ രോഗികൾ 170 എന്നിങ്ങനെയാണുള്ളത്. വൃക്കരോഗികളിൽ 14 പേർ ഡയാലിസിസ് ചെയ്യുന്നവരാണ്. മേൽ സാഹചര്യത്തിൽ വയോജന ക്ലബ്ബ് രൂപീകരണം, വയോജന സംഗമം, സ്വാന്തന പരിചരണം, ആയുർവേദം, അലോപ്പതി, ഹോമിയോ മരുന്ന് വാങ്ങൽ, പകൽവീടിന് അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കൽ എന്നിവയ്ക്കാണ് പ്രധാനമായും ഫണ്ട് വകയിരുത്തിയിരിക്കുന്നത്.

## ➢ അതിദരിദ്രർക്കുള്ള മൈക്രോ പ്ലാൻ

ചെറുകുന്ന് ഗ്രാമപഞ്ചായത്തിൽ നടത്തിയ സർവ്വേ പ്രകാരം 45 അതിദരിദ്രരാണ് ഉണ്ടായിരുന്നത്. അവരുടെ സാമൂഹ്യവും സാമ്പത്തികവും സാംസ്കാരികവുമായി ഉന്നമനത്തിനായിട്ടാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. ഇതിൽ അവകാശം അതിവേഗം ഇനത്തിലുള്ള അവകാശ രേഖകൾ നല്കി 100%പൂർത്തീകരിച്ചു. ചികിത്സാ സഹായം നല്കി വരുന്നുണ്ട്. 7 ഗുണഭോക്താക്കൾക്ക് ലൈഫ് 2020ൽ ഉൾപ്പെടുത്തി ഭവന നിർമ്മാണ

ധനസഹായം നല്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. 2023-24 വർഷത്തിൽ ആവശ്യമായ സേവനങ്ങൾ നൽകി 24 പേരെ അതിദരിദ്ര മുക്തരായി പ്രഖ്യാപിച്ചിട്ടുണ്ട്.

- **പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാൻറ് ഉപപദ്ധതി**

പതിനഞ്ചാം ധനകാര്യ കമ്മീഷൻ ബേസിക് ഗ്രാൻറ്റ് ഉപയോഗിച്ച് സ്ട്രീറ്റ് ലൈറ്റ് ലൈൻ വലിക്കൽ, വാസയോഗ്യമല്ലാത്ത വീടുകൾ വാസയോഗ്യമാക്കൾ എന്നീ പദ്ധതികളും ടൈഡ് ഫണ്ട് ഉപയോഗിച്ച് കുടിവെള്ള മേഖലയിൽ വിവധ പൊതുകുളം സംരക്ഷണം, വിവിധ പൊതുകിണർ അറ്റകുറ്റപണി എന്നീ പദ്ധതികളും റിംഗ് കമ്പോസ്റ്റ് ജനറൽ എന്നീ പദ്ധതികളും വാർഷിക പദ്ധതിയുടെ ഭാഗമാക്കിയിട്ടുണ്ട്.

- **ആസ്തി സംരക്ഷണപദ്ധതി**

പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ, PHC ക്ക് മരുന്നും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ, അങ്കണവാടി അറ്റകുറ്റപ്പണി, വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെ കണ്ടിൻജൻസി ഫയലുകൾ, കോൺവെൻറ്റ് കവിണിശ്ശേരി അങ്കണവാടി റോഡ് റീ ടാറിംഗ്, പള്ളിക്കര എ കെ ജി റോഡ് റീ ടാറിംഗ്, പുന്നച്ചേരി മുട്ടിൽ ഡാം റോഡ് റീ ടാറിംഗ്, കവിണിശ്ശേരി അംഗനവാടി നാല് സെൻറ് കോളനി റോഡ് പാർശ്വഭിത്തി നിർമ്മാണം, പള്ളിച്ചാൽ സായി മന്ദിരം റോഡ് റീ ടാറിംഗ്, പൂങ്കാവ് കൊമ്പത്ത് - പുന്നച്ചേരി റോഡ് റീ ടാറിംഗ്, തറ പാടിയിൽ റോഡ് റീ ടാറിംഗ്, RS 122 പ്രവൃത്തി എന്നിവയ്ക്കാണ് പ്രധാനമായും തുക വരുത്തിയിട്ടുള്ളത്.

- **സദ്ഭരണപദ്ധതി**

സദ്ഭരണത്തിൽ പ്രധാനമായും പദ്ധതി രൂപീകരണം, നിർവ്വഹണം, മോണിറ്ററിംഗ്, കേരളോത്സവം, ലഹരി വിമുക്ത ക്യാമ്പയിൻ, പൊതുഇടങ്ങളിൽ CCTV സ്ഥാപിക്കൽ(സ്മാർട്ട് ഐ) എന്നീ പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

- **പ്രാദേശിക സാമ്പത്തിക വികസനം**

ചെറുകുന്ന് ഗ്രാമപഞ്ചായത്ത് 2024 - 25 വർഷത്തിൽ സ്വയം തൊഴിൽ ഗ്രൂപ്പ് സംരംഭം - ജനറൽ വിഭാഗത്തിനും, സ്വയം തൊഴിൽ സഹായം വ്യക്തിഗതം, വനിത, സ്വയംതൊഴിൽ ധനസഹായം പട്ടികജാതി വനിത, വിശപ്പ് രഹിത കേരളം കുടുംബശ്രീ ജനകീയ ഹോട്ടൽ എന്നിവയ്ക്കാണ് പ്രധാനമായും തുക വകയിരുത്തിയിരിക്കുന്നത്.

➢ ദുരന്ത മാനേജ്മെൻറ്, കാലാവസ്ഥാവ്യതിയാന പ്രാദേശിക കർമ്മപദ്ധതി

2023 - 24 വർഷത്തിൽ എമർജൻസി റെസ്പോൺസ് ടീം അംഗങ്ങൾക്ക് പരിശീലനം നൽകി ദുരന്തമുഖങ്ങളിൽ പ്രവർത്തിക്കുന്നതിനു പ്രപ്തരക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനുമാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്.

സുസ്ഥിരവികസന ലക്ഷ്യങ്ങൾ

- ശുചിത്വവും ഹരിതാഭവുമായ ഗ്രാമം

ശുചിത്വവും ഹരിതാഭവുമായ ഗ്രാമം സൃഷ്ടിക്കുന്നതിന് മാലിന്യ പരിപാലന രംഗത്ത് ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കുന്നതിന് സാധിച്ചിട്ടുണ്ട് 2023-24 , ജൈവമാലിന്യ സംസ്കരണത്തിന് പഞ്ചായത്ത് പരിധിയിലെ 95 ശതമാനം വീടുകളിലും റിംഗ് കമ്പോസ്റ്റ് വിതരണം ചെയ്തിട്ടുണ്ട്. ഹരിതകർമ്മസേന മുഖേന അജൈവമാലിന്യ ശേഖരണം 100 % യൂസർ ഫീ കലക്ഷൻ പ്രഖ്യാപനം നടത്തിയിട്ടുണ്ട്. ഹരിത കർമ്മസേനയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനാവിശ്യമായ പ്രോജക്ടുകൾ തയ്യാറാക്കിയിട്ടുണ്ട്.

ആരോഗ്യഗ്രാമം

പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി അങ്കണവാടികൾ, എൽ.പി / യു.പി സ്കൂളുകളിലെ കുട്ടികളുടെ ആരോഗ്യ പരിശോധന നടത്തി ആരോഗ്യ കാർഡുകൾ അനുവദിക്കും. നിലവിൽ കിടപ്പ് രോഗികളായവർക്ക് “ ഗൃഹപരിചരണം”, പാലിയേറ്റീവ് പദ്ധതി മുഖേന കാര്യക്ഷമമായി നടപ്പിലാക്കും. വയോജനങ്ങൾക്ക് വാർഡ് അടിസ്ഥാനത്തിൽ മെഡിക്കൽ ക്യാമ്പുകൾ, മൂന്ന് വിഭാഗം ആരോഗ്യ മേഖലയിലെ സേവനങ്ങൾ പ്രയോജനപ്പെടുത്തും. അതുപോലെ ഭിന്നശേഷിക്കാരായവർക്ക് ആവശ്യമായ സഹായങ്ങൾ പ്രത്യേക പരിഗണന കൊടുത്ത് നടപ്പിലാക്കും. അതിദരിദ്രർക്ക് ചികിത്സാ സഹായം ലഭ്യമാക്കി വരുന്നുണ്ട്.

- ഹരിതഗ്രാമം

സ്വകാര്യ ഭൂമിയിലും, പൊതു സ്ഥലങ്ങളിലും ഫലവൃക്ഷങ്ങൾ വച്ചു പിടിപ്പിക്കുന്നത് പ്രോത്സാഹനം നൽകി വൃക്ഷതൈകൾ ഉൽപാദിപ്പിച്ച് വിതരണം ചെയ്യാനാവശ്യമായ നടപടികൾ സ്വീകരിക്കും. കാർഷിക മേഖലയിലെ തരിശ് ഭൂമികൾ കണ്ടെത്തി കൃഷിക്ക് താല്പര്യമുള്ളവർക്ക് ലീസിനു നൽകാനാവശ്യമായ നടപടികൾ ഉണ്ടാക്കും. മണ്ണ് ജലസംരക്ഷണ പ്രവൃത്തികൾ പരിസ്ഥിതി സംരക്ഷണ

പ്രവൃത്തികൾ, വനവൽക്കരണ പ്രവൃത്തികൾ എന്നിവ നടപ്പിലാക്കും. സാമൂഹ്യ സാമ്പത്തികസർവ്വേയിലൂടെ കണ്ടെത്തിയ ചില പോരായ്മകൾ പരിഹരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കും. എല്ലാ വാർഡുകളിലും ഹരിത സമൃദ്ധി വാർഡ് എന്ന ലക്ഷ്യം കൈവരിക്കിന്നതിന് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

- **ഫിലമെൻറ് രഹിത പഞ്ചായത്ത്**

  ഫിലമെന്റ് രഹിത പഞ്ചായത്തായി പ്രഖ്യപനം നടത്തിയിട്ടുണ്ട്..

- **സമ്പൂർണ്ണ റേഷൻ കാർഡുള്ള പഞ്ചായത്ത്**

  ഗ്രാമപഞ്ചായത്തിൽ ഇപ്പോഴും സ്വന്തമായി റേഷൻ കാർഡില്ലാത്തവരുണ്ടെന്ന് സർവേയിൽ കണ്ടെത്തി. ഇത് പരിഹരിക്കുന്നതിന് താലൂക്ക് സപ്ലൈ ഓഫീസുമായി സഹകരിച്ച് പഞ്ചായത്ത് തലത്തിൽ അദാലത്ത് സംഘടിപ്പിക്കും. വാർഡ് അടിസ്ഥാനത്തിൽ ലഭ്യമായ വിവരങ്ങൾ വെച്ച് വാർഡ് മെമ്പർമാരുടെ നേതൃത്വത്തിൽ പ്രവർത്തനം നടത്തും.

- **100% യൂസർ ഫീ ശേഖരിക്കുന്ന പഞ്ചായത്ത്**

  നിലവിൽ പഞ്ചായത്തിൽ എല്ലാ വാർഡുകളിലും ഹരിതകർമസേന വളണ്ടിയർമാരുണ്ട്. എന്നാൽ ഇവർ വീട്ടുകളിൽ പോകുമ്പോൾ എല്ലാ വീട്ടുകാരും യൂസർ ഫീ നൽകുന്ന ഒരു സാഹചര്യം നിലനിൽക്കുന്നു. ഈ വിഷയത്തിൽ വാർഡ് മെമ്പർമാർ, വി.ഇ.ഒ, എ,എസ് എന്നിവരുടെ നേതൃത്വത്തിൽ ഇടപെടൽ നടത്തി 100% യൂസർ ഫീ ശേഖരിക്കുന്നതിന് നടപടി സ്വീകരിക്കും.

- ജൈവസംസ്കരണത്തിന് സംവിധാനം ഇല്ലാത്ത 652 വീടുകൾ ഉണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്. ഈ വീടുകളിൽ മുഴവൻ റിംഗ് കമ്പോസ്റ്റ് സംവിധാനം ഒരുക്കുന്നതിന് ആവശ്യമായ പദ്ധതികൾക്ക് തുക വകയിരുത്തിയിട്ടുണ്ട്

# അദ്ധ്യായം - 8

## വായ്പ ബന്ധങ്ങൾ

ലൈഫ് ഭവനപദ്ധതി - ഭൂരഹിത ഭവനരഹിതരുടേയും, ഭൂമിയുള്ള ഭവനരഹിതരുടെയും ഗുണഭോക്ത ലിസ്റ്റ് അന്തിമമാക്കുന്ന മുറയ്ക്ക് അവർക്ക് മുൻഗണനാടിസ്ഥാനത്തിൽ ഭവനം നൽകുന്നതിന് പദ്ധതി വെക്കേണ്ടതായിട്ടുണ്ട്. ഗുണഭോക്താക്കൾ കൂടുതലുള്ള സാഹചര്യത്തിൽ ഫണ്ടിന്റെ ലഭ്യതക്കുറവു പരിഹരിക്കുന്നതിനായി (HUDCO യിൽ നിന്നും വായ്പയെടുക്കാവുന്നതാണ്. നിലവിൽ എടുത്ത വായ്പയുടെ തിരിച്ചടവ് എല്ലാ വർഷവും നടത്തി വരുന്നുണ്ട്. സ്വയം തൊഴിൽ സംരംഭങ്ങൾക്ക് സഹകരണ ബാങ്കുമായി സംയോജിച്ച് ലോണ് ലഭ്യമാക്കുക വഴി ബാങ്കിന് ബാക്ക് എൻറ് സബ്സിഡിയായി തുക നൽകുന്ന പദ്ധതിയാണ് തുക വകയിരുത്തിയിരിക്കുന്നത്.

# അദ്ധ്യായം - 9

## സമഗ്ര പരിപാടികളും സംയോജന സാധ്യതകളും

### സമഗ്ര പരിപാടികൾ

### കണ്ണൂർ ഫൈറ്റ് കാൻസർ - സമഗ്ര കാൻസർ നിയന്ത്രണ പദ്ധതി

കാൻസർ നിയന്ത്രണത്തിനായി വാർഡ് തല സർവ്വേ, ബോധവൽക്കരണം, പ്രാഥമിക സ്ക്രീനിംഗ് ക്ലിനിക് സെറ്റ് ചെയ്യൽ, തെരഞ്ഞെടുത്ത ആരോഗ്യ കേന്ദ്രങ്ങളിൽ Pap smear എടുക്കാനുള്ള സൗകര്യം എന്നിവയിലേക്കാണ് ഈ പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്.

### ലഹരിക്കെതിരെയുള്ള ബോധവൽക്കരണ പരിപാടികൾ

മദ്യം, മയക്കുമരുന്ന് ഉൾപ്പെടെയുള്ള ലഹരി വസ്തുക്കളുടെ ഉപയോഗ വിപത്തുകൾക്കെതിരെ, വിദ്യാർത്ഥികൾ ഉൾപ്പെടെയുള്ള എല്ലാ വിഭാഗക്കാരെയും ബോധവൽക്കരിക്കുന്നതിനും, സാമൂഹ്യതിന്മകളെ നിരുത്സാഹപ്പെടുത്തുന്നതിനും അനുയോജ്യമായ പരിപാടികൾ ഉൾപ്പെടുത്തികൊണ്ടുള്ള ലഹരി വിരുദ്ധ ക്യാമ്പയിൻ സംഘടിപ്പിക്കുന്നതിനുള്ള പദ്ധതി.

### പത്താമുദയം-സമ്പൂർണ്ണ സെക്കന്ററി വിദ്യാഭ്യാസ പഞ്ചായത്ത്

പഞ്ചായത്തിലെ 50 വയസ്സിൽ താഴെയുള്ള എല്ലാവരെയും അഞ്ച് വർഷം കൊണ്ട് പത്താംതരാം വിദ്യാഭ്യാസമുള്ളവരാക്കി മാറ്റുക എന്ന ലക്ഷ്യം കൈവരിക്കുന്നതിനായുള്ള പദ്ധതി.

### പൊതു ഇടങ്ങളിൽ സിസിടിവി സ്ഥാപിക്കൽ-സ്മാർട്ട് ഐ

പൊതു ഇടങ്ങളിൽ മാലിന്യം വലിച്ചെറിയുന്നത് കണ്ടെത്തി തടയുന്നതിന് പഞ്ചായത്ത് പരിധിയിലുള്ള പ്രധാന കവലകളിൽ സി.സി.ടി.വികൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി. ഈ പദ്ധതിയുടെ കൺട്രോൾ റൂം സംവിധാനം ജില്ലാപഞ്ചായത്തിന്റെ നേതൃത്വത്തിൽ കണ്ണൂർ ഗവ.എഞ്ചിനീയറിംഗ് കോളേജുമായി സഹകരിച്ച് കേന്ദ്രീകൃതമായി സ്ഥാപിക്കുന്ന പദ്ധതി ആണ്. ചെറുകുന്ന് ഗ്രാമപഞ്ചാത്ത് ഓഫീസിൽ ക്യാമറ സ്ഥാപിച്ചിട്ടുണ്ട്.

## സംയോജന സാധ്യതകൾ

ചെറുകുന്ന് ഗ്രാമപഞ്ചായത്ത് നിലവിൽ കുറെ വർഷങ്ങളായി മഹാത്മാഗാന്ധി തൊഴിലുറപ്പ പദ്ധതി, കുടുംബശ്രീ എന്നിവയുമായി സംയോജിച്ച് പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. പ്രകൃതി വിഭവ പരിപാലനം, കൃഷി, മൃഗസംരക്ഷണം, മത്സ്യവികസനം, ഭവനനിർമ്മാണം, ശുചിത്വപരിപാലനം, മാലിന്യ സംസ്കരണം, സൂക്ഷ്മ സംരംഭവികസനം, ഗ്രാമീണ അടിസ്ഥാന സൗകര്യ വികസനം തുടങ്ങിയ വിവിധ മേഖലകളിൽ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തി വരുന്നുണ്ട്.

തരിശുഭൂമി കൃഷിയോഗ്യമാക്കുന്നതിന് നിലം ഒരുക്കുക, ഭൂവികസന പ്രവൃത്തികൾ, പച്ചക്കറികൃഷിക്ക് നിലം ഒരുക്കൽ, സംഘകൃഷിക്ക് നിലം ഒരുക്കൽ എന്നിവ തൊഴിലുറപ്പ് പദ്ധതിയിൽവെച്ച് ചെയ്തു വരുന്നുണ്ട്. ഇത് കൂടാതെ വിവിധ ബണ്ടുകളുടെ നിർമ്മാണം, ഫാം പോണ്ടുകളുടെയും ജലസേചനകിണറുകളുടെയും നിർമ്മാണം തുടങ്ങിയവയ്ക്ക് കൂടി ദേശീയ തൊഴിലുറപ്പ് പദ്ധതിയെ ഉപയോഗപ്പെടുത്താവുന്നതാണ്. മൃഗസംരക്ഷണമേഖലകൾ നിലവിൽ പശുത്തൊഴുത്, ആട്ടിൻകൂട്, കോഴിക്കൂട്, അസോളടാങ്ക് എന്നിവയുടെ നിർമ്മാണം, തീറ്റപ്പുൽകൃഷി, കമ്പോസ്റ്റിംഗ് സംവിധാനം എന്നിവ തൊഴിലുറപ്പ് പദ്ധതി പ്രകാരം ചെയ്തു വരുന്നുണ്ട്. പശു, ആട്, താറാവ് എന്നിവയെ മൃഗസംരക്ഷണ വകുപ്പ്, ക്ഷീരവികസന വകുപ്പ്, ബാങ്ക് വയ്പ്പ , ഗുണഭോക്തൃവിഹിതം എന്നിവയുടെ സംയോജനത്തിലൂടെ നടപ്പിലാക്കി വരുന്നുണ്ട്. വെള്ളക്കെട്ടുള്ള കൃഷി ഭൂമിയിൽ ജലനിർഗ്ഗമന ചാലുകളുടെ നിർമ്മാണം എന്നിവയും തൊഴിലുറപ്പ്പദ്ധതിയിൽ ഏറ്റെടുക്കാവുന്നതാണ്. തെങ്ങിൻ തൈകൾ ഉത്പാദിപ്പിക്കുന്നതിനു നാളികേര നഴ്സറികളും തൊഴിലുറപ്പ് പദ്ധതിയിൽ സജ്ജമാക്കാവുന്നതാണ്. മത്സ്യവികസനത്തിൽ പൊതുകുളങ്ങളുടെ പുനരുദ്ധാരണ പ്രവൃത്തികൾ തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുക്കാവുന്നതാണ്. കുടുംബശ്രീ സംരംഭങ്ങൾക്ക് വർക്ക് നിർമ്മിച്ച് കൊടുക്കാവുന്നതും, റിവോൾവിംഗ് ഫണ്ട് കുടുംബശ്രീയിൽ നിന്നും നൽകിവരുന്നുണ്ട്. അങ്കണവാടി നിർമ്മാണത്തിന് തൊഴിലുറപ്പ് പദ്ധതിയിൽ നിന്നും ശിശുവികസന വകുപ്പിൽ നിന്നും ഫണ്ട് വകയിരുത്താവുന്നതാണ്.

സർക്കാർ സ്കൂളുകളിലേക്ക് ചുറ്റമതിൽ, പാചകപ്പുര, ശുചിമുറികൾ, കളിസ്ഥലം എന്നിവ തൊഴിലുറപ്പ് പദ്ധതിയിൽ ചെയ്തു വരുന്നുണ്ട്. ശുചിത്വമേഖലയിൽ, തൊഴിലുറപ്പ് പദ്ധതി, ഹരിതകർമസേന, കുടുംബശ്രീ സംവിധാനം എന്നിവയെ ഏകോപിപ്പിച്ച് തദ്ദേശസ്ഥാപന ഫണ്ടും ശുചിത്വ മിഷൻ ഫണ്ടും ഉപയോഗിച്ച്

വീടുകളിൽ കമ്പോസ്റ്റ് പിറ്റ് , റിംഗ് കമ്പോസ്റ്റ് എന്നിവ നടപ്പാക്കിയത് ജൈവ, അജൈവ മാലിന്യ സംസ്കരണത്തിൽ നേട്ടം കൈവരിക്കുന്നതിന് സാധിച്ചിട്ടുണ്ട്. ഇത് വരും വർഷങ്ങളിൽ പൂർണ്ണതയിൽ എത്തിക്കേണ്ടതായിട്ടുണ്ട്.

കൂടാതെ കുടുംബശ്രീ സംരംഭങ്ങൾ ഉപയോഗിച്ച് ടേക്ക് എ ബ്രേക്ക് നടത്തിപ്പും അറ്റകുറ്റപ്പണികളും ചെയ്യേണ്ടതുണ്ട്. ജനകീയ ഹോട്ടലിന് വേണ്ട സൗകര്യമൊരുക്കുന്നതിൽ തദ്ദേശസ്വയംഭരണവകുപ്പും കുടുംബശ്രീയും സംയോജിച്ച് ചെയ്യാവുന്നതാണ്.

# അദ്ധ്യായം – 10

## മോണിറ്ററിങ്ങ്

### മോണിറ്ററിങ്ങ് സംവിധാനവും കാഴ്ച്ചപ്പാടും

ആസൂത്രണപദ്ധതികളുടെ നിർവ്വഹണത്തെ സംബന്ധിച്ചിടത്തോളം സുപ്രധാനമായ ഒരു പ്രവർത്തനമാണ് മോണിറ്ററിങ്ങ്. പദ്ധതി നിർവ്വഹണം കാര്യക്ഷമവും ഫലപ്രദവുമാക്കി മാറ്റുക എന്നതാണ് മോണിറ്ററിങ്ങിന്റെ ലക്ഷ്യം. പദ്ധതി നിർവ്വഹണത്തിലുടനീളം നിരന്തരമായ ഇലയിരുതലും പരിശോധനയും ഉറപ്പാക്കിയെങ്കിൽ മാത്രമേ പദ്ധതിയുടെ ലക്ഷ്യങ്ങൾ പൂർണ്ണമായും കൈവരിക്കുന്നതിനും പ്രോജക്റ്റ് രേഖയിൽ പറഞ്ഞിട്ടുള്ളതുപോലെ നിർവ്വഹണപ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതിനും കഴിയുകയുള്ളൂ. ചുരുക്കത്തിൽ പ്രോജക്റ്റുകളുടെയും പദ്ധതികളുടെയും നിർവ്വഹണത്തിലുടനീളം നിർവ്വഹണ ഏജൻസിയേയും നിർവ്വഹണ ചുമതലയുള്ള ഉദ്യോഗസ്ഥനേയും സഹായിക്കുന്ന പ്രവർത്തനമാണ് മോണിറ്ററിങ്ങ്. അതുകൊണ്ട്തന്നെ പ്രോജക്റ്റുകളും പദ്ധതിയും പൂർത്തിയാക്കിയതിനുശേഷമുള്ള വിലയിരുത്തലല്ല (Evaluation) മോണിറ്ററിങ്ങ് എന്നു വ്യക്തം. പ്രോജക്റ്റ് നിർവ്വഹണത്തോടൊപ്പം സമാന്തരമായി നടക്കേണ്ടതാണ് മോണിറ്ററിങ്ങ് പ്രവർത്തനം.

### ലക്ഷ്യങ്ങൾ

1. പ്രോജക്റ്റിൻറെ ലക്ഷ്യങ്ങൾ നേടാൻ കഴിയുന്ന വിധത്തിൽ തന്നെയാണോ നിർവ്വഹണം നടക്കുന്നത് എന്ന് ഉറപ്പുവരുത്തുക.
2. പ്രോജക്റ്റിൻറെ ഓരോ പ്രവർത്തനത്തിലും വിഭാവനം ചെയ്തിട്ടുള്ള നേട്ടങ്ങൾ ആ പ്രവർത്തനം പൂർത്തിയാക്കുന്നതോടെ ആർജിക്കാൻ കഴിഞ്ഞുവോ എന്നു പരിശോധിക്കുക.
3. പ്രോജക്റ്റ് രൂപീകരണഘട്ടത്തിൽ മുൻകൂട്ടി കാണാൻ കഴിയാതിരുന്നതും എന്നാൽ നിർവ്വഹണഘട്ടത്തിൽ ഉയർന്നുവന്നതുമായ പ്രശ്നങ്ങൾ എന്തെങ്കിലും ഉണ്ടോ എന്നും അവയ്ക്ക് എങ്ങനെ പരിഹാരം കാണാമെന്നും നിശ്ചയിക്കുക.
